
# TRICHUR ARCHDIOCESAN BULLETIN

2024 മാർച്ച് | വാല്യം: 91 | ലക്കം: 03




TAB

**പിടിക്കപ്പെട്ട വ്യഭിചാരിണി** (യോഹ 8, 7)



2024 ജനുവരി 18ന് ആശീർവദിക്കപ്പെട്ട
വടക്കാഞ്ചേരി സെന്റ് സേവീയേഴ്സ് ഫൊറോന പള്ളിയുടെ മുഖവാരം

# Trichur Archdiocesan Bulletin TAB

ESTD:1934

**മാർച്ച് 2024**

ലക്കം: 03 | വാല്യം: 91

03



*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Daijo Poruthur**

*Design*
smritidesin.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org


## ഉള്ളടക്കം


| | |
|---|---|
| പ്രസ്താവന | 4 |
| സർക്കുലർ | 11 |
| കച്ചേരിക്കാര്യം | 13 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 30 |
| സഹായമെത്രാന്റെ പരിപാടികൾ | 31 |
| നാളാഗമം | 33 |
| നാമകരണ നടപടികൾ | 39 |
| സാമ്പത്തിക കാര്യാലയം | 43 |
| വൈദികർ | 44 |
| സന്യസ്തർ | 47 |
| വിശ്വാസ പരിശീലനം | 54 |
| സ്ഥാപനങ്ങൾ | 59 |
| സംഘടനകൾ | 85 |




# 1 ഉപസംഹാര പ്രസ്താവന

## കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ)

Bengaluru, India
January 31- February 07, 2024

### ഭാരത കത്തോലിക്കാ മെത്രാൻ സമിതി 36-ാമത് ദ്വിവർഷ പൊതുസമ്മേളനം (XXXVI Biennial General Body Meeting) ഉപസംഹാര പ്രസ്താവന

**ആമുഖം**

1) ഭാരത മെത്രാൻ സമിതിയുടെ അംഗങ്ങളായ ഞങ്ങൾ, 170 മെത്രാന്മാർ, 2024 ജനുവരി 31 മുതൽ ഫെബ്രുവരി 7-ാം തീയതിവരെ, കർത്താവായ യേശുക്രിസ്തുവിൽ സന്തോഷപൂർവ്വം പ്രത്യാശ അർപ്പിച്ചുകൊണ്ട്, ബംഗളൂരുവിലെ St. John's National Academy of Health Sciences-ൽ ഞങ്ങളുടെ 36-ാമത് പൊതുസമ്മേളനത്തിനായി ഒത്തുചേർന്നു. 'നമ്മുടെ രാഷ്ട്രത്തിന്റെ ഇന്നത്തെ സാമൂഹിക-രാഷ്ട്രീയ സാഹചര്യത്തോടുള്ള സഭയുടെ പ്രതികരണം,' 'നിർമിത ബുദ്ധിയുടെ (Artificial Intelligence = AI) പ്രയോജനങ്ങളും വെല്ലുവിളികളും' എന്നിവയായിരുന്നു ഞങ്ങളുടെ മുഖ്യചർച്ചാവിഷയങ്ങൾ. സഭയുടെ സ്വഭാവത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുന്ന 'കൂട്ടായ്മ, പ്രേഷിതദൗത്യം, പങ്കാളിത്തം' എന്ന ചിന്തയുമായി മുന്നേ

റുന്ന ഇപ്പോഴത്തെ സിനഡാത്മകതയെ സംബന്ധിച്ച സിനഡിന്റെ (ഒക്ടോബർ 2021 – ഒക്ടോബർ 2024) പശ്ചാത്തലത്തിലാണ് ഇപ്രകാരം ഒരു വിചിന്തനം ഞങ്ങൾ നടത്തിയത്. പരിശുദ്ധാത്മാവിനെയും പരസ്പരവും ശ്രവിക്കാൻ സിനഡാത്മകത നമ്മെ ക്ഷണിക്കുന്നു, എന്തെന്നാൽ 'ഒരേ ആത്മാവിൽ ഒരേ ശരീരത്തിലേക്ക് നാം സ്നാനപ്പെട്ടിരിക്കുന്നു' (1 കോറി 12:13). ഇക്കാര്യത്തിൽ, ഫ്രാൻസിസ് പാപ്പായുടെ ക്ഷണത്താലും നാം പ്രചോദിതരാണ്. പാപ്പാ പറയുന്നു: 'ഒരൊറ്റ മനുഷ്യ കുടുംബം എന്ന നിലയിൽ, സഹയാത്രികരെപ്പോലെ, നമ്മുടെ പൊതു ഭവനമായ ഒരേ ഭൂമിയുടെ മക്കൾ എന്നപോലെ, നാമോരോരുത്തരും സ്വന്തം വിശ്വാസങ്ങളുടെയും ബോധ്യങ്ങളുടെയും സമ്പന്നത കൊണ്ടുവന്നുകൊണ്ട്, അവരവരുടെ ശബ്ദത്തോടെ, എല്ലാവരും സഹോദരിമാരും സഹോദരന്മാരും എന്ന നിലയിൽ നമുക്ക് സ്വപ്നം കാണാം' (എല്ലാവരും സഹോദരർ [Fratelli Tutti], 8).

I. ഇന്നത്തെ രാഷ്ട്രീയ-സാമൂഹ്യ സാഹചര്യവും നമ്മുടെ പ്രത്യുത്തരവും

2) നാനാത്വത്തിൽ ഏകത്വം എന്ന ധന്യമായ സാംസ്കാരിക പാരമ്പര്യമുള്ള ഒരു പുരാതന നാഗരികതയാണ് നമ്മുടേത്. ഭരണഘടനയിൽ പ്രതിഷ്ഠിതമായിരിക്കുന്ന മതസൗഹാർദം, അഹിംസ, സമാധാനം എന്നീ മൂല്യങ്ങൾ വിലമതിക്കുന്നവരാണ് ഭാരതീയർ. കാലത്തിന്റെ സൂചനകളോടു പ്രതികരിച്ചുകൊണ്ട് CBCI യോഗത്തിൽ ആദ്യംതന്നെ ഇന്ന് നമ്മുടെ രാഷ്ട്രത്തിൽ നിലനിൽക്കുന്ന സാഹചര്യമാണ് വിചിന്തന വിഷയമാക്കിയത്. ശാസ്ത്രം, സാങ്കേതികവിദ്യ, സമ്പദ്വ്യവസ്ഥ തുടങ്ങി മറ്റ് അനേകം മേഖലകളിൽ ഇന്ത്യ അഭൂതപൂർവമായ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്; ലോകത്തിലെ തന്നെ ഒരു സാമ്പത്തിക ശക്തിയായി വളർന്നുകൊണ്ടിരിക്കുന്ന രാഷ്ട്രമായി ഇന്ത്യ അംഗീകരിക്കപ്പെട്ടുവരുന്നു. ക്രിസ്തീയ സമൂഹം നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗതിയിൽ അഭിമാനം കൊള്ളുന്നു. അതേസമയം നമ്മെ ഉത്കണ്ഠാകുലരാക്കുന്ന മറ്റു പല കാര്യങ്ങളും ഉണ്ട്:

2.1 സാമ്പത്തിക ഉന്നമനം നമ്മുടെ രാഷ്ട്രത്തിലെ വളരെ കുറച്ചു ശതമാനം ആളുകൾക്കു മാത്രമേ പ്രാപ്യമായിട്ടുള്ളൂ. തൊഴിലില്ലായ്മയുടെ തോത് വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. വലിയ തോതിലുള്ള ദേശാന്തരഗമനം അനേകായിരങ്ങൾക്ക് ദുരിതത്തിന് കാരണമായിട്ടുണ്ട്. അതുപോലെതന്നെ, ശാസ്ത്ര, സങ്കേതിക രംഗത്തെ പുരോഗതി നമ്മുടെ ഏറിയ ശതമാനം ആളുകളുടെയും പക്കൽ എത്തിച്ചേർന്നിട്ടില്ല, ഏറെ പ്രത്യേകിച്ച് ഗ്രാമീണ ജനത അതിൽ നിന്നുള്ള പ്രയോജനങ്ങൾ അനുഭവിക്കുന്നില്ല; ഡിജിറ്റൽ ആയുള്ള ഒരു വിഭജനമാണ് (digital divide) ഇതിന്റെ അനന്തരഫലം.

2.2 വികസനം മിക്കപ്പോഴും പരിസ്ഥിതിക്ക് ഹാനികരമായിട്ടുണ്ട്; അത് നമ്മുടെ ഗോത്രവർഗ സഹോദരീസഹോദരന്മാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുകയും അവരുടെ ആവാസഭൂമി നഷ്ടപ്പെടുത്താൻ ഇടവരുത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യമേഖലയിൽ തൊഴിലെടുക്കുന്ന തീരദേശങ്ങളിലുള്ള നമ്മുടെ സഹോദരരുടെ സഹനം നേരിട്ടു നാം കണ്ടിട്ടുണ്ട്; അതുപോലെതന്നെ കർഷകരുടെ അസ്വസ്ഥജനകമായ ദീർഘമായ പോരാട്ടവും.

2.3 വിഭജന ലക്ഷ്യങ്ങളുള്ള മനോഭാവങ്ങളും വിദ്വേഷപ്രസംഗങ്ങളും തീവ്രവാദപ്രസ്ഥാനങ്ങളും നമ്മുടെ രാഷ്ട്രത്തെയും ഭരണഘടനയെയും കരുപ്പിടിപ്പിച്ച ബഹുസ്വരതയും മതേതരചിന്തയും ഇല്ലാതാക്കാൻ പോരുന്നതായി ഭവിക്കുന്നു. ഭരണഘടന ഉറപ്പുതരുന്ന മൗലിക അവകാശങ്ങൾക്കും ന്യൂനപക്ഷ അവകാശങ്ങൾക്കും കോട്ടം തട്ടാൻ പാടുള്ളതല്ല.

2.4 നമ്മുടെ രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഭവനങ്ങളും ദേവാലയങ്ങളും നശിപ്പിക്കുന്നതും ഹോസ്റ്റലുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആതുരശുശ്രൂഷരംഗങ്ങളിലും സേവനം ചെയ്യുന്നവരെ പലവിധത്തിൽ ശല്യപ്പെടുത്തുന്നത് പതിവായിത്തീർന്നിരിക്കുന്നു. ഭീമമായവിധത്തിൽ ജീവനും ജീവിതമാർഗങ്ങളും തുടച്ചുനീക്കുന്ന ഇനിയും അവസാനിക്കാത്ത മണിപ്പൂർ കലാപം ഞങ്ങളെ സംഭ്രമിപ്പിക്കുകയും അതീവ ദുഃഖിതരാക്കുകയും ചെയ്യുന്നു.

2.5 നമ്മുടെ രാജ്യത്തെ ജനാധിപത്യസ്ഥാപനങ്ങൾ ദുർബലമാക്കപ്പെടുന്നെന്നും ഫെഡറൽ ഘടന പരിമിതപ്പെടുത്തുന്നെന്നും ജനാധിപത്യത്തിന്റെ നാലാമത്തെ നെടുംതൂണായ മാധ്യമങ്ങൾ തങ്ങളുടെ ചുമതല നിറവേറ്റുന്നില്ലെന്നുമുള്ള വ്യാപകമായ ആക്ഷേപമുണ്ട്.

2.6 മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം മതപരമായ ധ്രുവീകരണം സംഭവിക്കുകയും അത് നമ്മുടെ രാഷ്ട്രത്തിലെ സാമൂഹ്യ മൈത്രിക്കു ഭംഗം വരുത്തുകയും ജനാധിപത്യത്തെതന്നെ അപകടപ്പെടുത്തുകയും ചെയ്യുന്നു.

3. അഹിംസയുടെയും മുറിവുണക്കലിന്റെയും നീതിയുടെയും അനുരഞ്ജനത്തിന്റെയും പാത അവലംബിക്കുന്നവിധമാണ് ഞങ്ങളുടെ പ്രതികരണം: തൽസംബന്ധമായി താഴെപ്പറയുന്ന കാര്യങ്ങൾ ഞങ്ങൾ നിർദേശിക്കുന്നു:

3.1 ക്രൈസ്തവരെന്ന നിലയിൽ ഞങ്ങളുടെ ആദ്യപ്രതികരണം പ്രാർഥനയുടേതാണ്: 'കാരണം ദൈവത്തിന് എല്ലാം സാധ്യമാണ്' (മത്താ 19:26). അതിനാൽ, നമ്മുടെ രാജ്യത്ത് സമാധാനവും

ഐക്യവും പുലരാൻ ഓരോ രൂപതയും 2024 മാർച്ച് 22-ാം തീയതി, വെള്ളിയാഴ്ച, പ്രാർഥനയുടെയും ഉപവാസത്തിന്റെയും ദിനമായി ആചരിക്കണം എന്ന് CBCI നിർദേശിക്കുന്നു.

3.2 ജാതിയോ മതമോ ലിംഗമോ കണക്കിലെടുക്കാതെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ പ്രതിജ്ഞാബദ്ധതയോടെ ശുശ്രൂഷിക്കുക എന്ന കാര്യം ഞങ്ങൾ പുനരുറപ്പിക്കുന്നു; അതുവഴിയായി ഏറ്റവും എളിയവരും അവസാനം നിൽക്കുന്നവരുമായവർക്കും പുരോഗതിയുടെ ഫലങ്ങൾ അനുഭവവേദ്യമാക്കണം.

3.3 നമ്മുടെ കുടുംബങ്ങളും സമൂഹങ്ങളും സ്ഥാപനങ്ങളും നമ്മുടെ ഭരണഘടനയുടെ ചൈതന്യം ഉൾക്കൊള്ളുകയും അതിന്റെ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

3.4 ഭരണഘടനയുടെ അടിസ്ഥാനഘടന നിലനിർത്താനുള്ള എല്ലാ സമീപനങ്ങളും സ്വീകരിക്കണമെന്ന് ഞങ്ങൾ രാഷ്ട്രീയ നേതാക്കളോട് അഭ്യർത്ഥിക്കുന്നു; ഏറെ പ്രത്യേകിച്ച് ഭരണഘടനയുടെ ആമുഖം (Preamble) നിലനിർത്തണം: ഇന്ത്യ സ്വതന്ത്രവും സമൂഹനീതിയിൽ അധിഷ്ഠിതവും ജനാധിപത്യപരവും ആയ റിപ്പബ്ലിക് ആണെന്നും നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ഉറപ്പാക്കുന്നു എന്നും അത് പ്രഖ്യാപിക്കുന്നു.

3.5 എല്ലാ പൗരരും സമ്മതിദായക പട്ടികയിൽ പേര് ചേർക്കുകയും യുക്തിപൂർവം തങ്ങളുടെ സമ്മതിദായക അവകാശം നിറവേറ്റുകയും ചെയ്യണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു; അങ്ങനെ അവർ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുകയും ദരിദ്രരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്ന നേതാക്കളെ തിരഞ്ഞെടുക്കാൻ ഇടവരട്ടെ.

3.6 ദളിത് ക്രൈസ്തവർക്കും വിവേചിതരായ ന്യൂനപക്ഷങ്ങൾക്കും പട്ടികജാതികൾ എന്ന ആനുകൂല്യം നൽകണമെന്ന് ഞങ്ങൾ ആവർത്തിച്ച് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. അതുപോലെതന്നെ, ഗോത്രവർഗക്കാരായ ക്രൈസ്തവരെ പട്ടികവർഗ നില യിൽനിന്ന് നീക്കം ചെയ്യാനുള്ള ശ്രമങ്ങളും പട്ടികവർഗ ജനതകളെ അപ്രകാരമുള്ള ലിസ്റ്റിൽ നിന്ന് ഒഴിവാക്കാനുള്ള ശ്രമങ്ങളും സർക്കാർ നടത്തരുതെന്ന് ഞങ്ങൾ ശക്തമായി ആവശ്യപ്പെടുന്നു.

3.7 ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളും ന്യൂനപക്ഷ അവകാശങ്ങളും സംരക്ഷിക്കപ്പെടണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതോടൊപ്പംതന്നെ, ഞങ്ങൾ നമ്മുടെ മാതൃരാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുന്നവരും ഉത്തരവാദിത്വപൂർവം പെരുമാറുന്നവരുമായി തുടരും.

3.8 പരിസ്ഥിതിക്കുവേണ്ടിയുള്ള ഇടവക, രൂപതാ കമ്മീഷനുകളോടു ഞങ്ങൾ ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: നമ്മുടെ ഇന്നത്തെ

ജീവിതരീതിയിലുള്ള പുനരുപയോഗം സാധ്യമല്ലാത്ത ഭൂസ്രോതസ്സുകളുടെ അമിത ഉപയോഗവും ജലത്തിന്റെയും വായുവിന്റെയും മലിനീകരണവും ഭക്ഷണത്തിന്റെ പാഴാക്കലും വരുത്തിവെക്കുന്ന പാരിസ്ഥിതിക ഹാനിയെക്കുറിച്ച് അവർ ജനത്തെ ബോധവൽകരിക്കണം. എല്ലാവരിലും 'നമ്മുടെ പൊതുഭവനമായ ഭൂമി'യെക്കുറിച്ചുള്ള പ്രത്യേകമായ കരുതൽ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

3.9 പരസ്പരം സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവെച്ചുകൊണ്ട് സന്മനസ്സുള്ള എല്ലാ മനുഷ്യരോടും ചേർന്ന് നാം നമ്മുടെ യാത്ര തുടരും. മതാന്തരസംവാദവും അയൽസമൂഹങ്ങളുമായുള്ള സൗഹൃദവും വഴി ഇതര വിശ്വാസങ്ങളിൽ ജീവിക്കുന്ന സഹോദരീസഹോദരന്മാരുമായി പാലങ്ങൾ പണിത് ജീവിക്കാൻ നാം സഭാംഗങ്ങളെ ബോധവൽകരിക്കും.

II. നിർമിതബുദ്ധിയുടെ(AI) പ്രയോജനങ്ങളും വെല്ലുവിളികളും സംബന്ധിച്ച സഭയുടെ പ്രതികരണം

4) ഈ പൊതുസമ്മേളനത്തിൽ, നമ്മുടെ പ്രേഷിത ദൗത്യത്തിന്റെ പശ്ചാത്തലത്തിൽ, നിർമിത ബുദ്ധിയുടെ പ്രയോജനങ്ങളെയും വെല്ലുവിളികളെയും സംബന്ധിച്ച ചർച്ച നടന്നു. നിർമിതബുദ്ധി ഉൾപ്പെടുന്ന ഡിജിറ്റൽ (digital) സാങ്കേതിക വിദ്യകൾ ദൈവിക ദാനങ്ങൾ ആണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുന്നു, 'ധൈര്യപൂർവ്വം നമുക്ക് ഡിജിറ്റൽ ലോകത്തിലെ പൗരരാകാം' (ലോക സാമൂഹ്യസമ്പർക്കദിന സന്ദേശം, 2024)

5) ആരോഗ്യപരിപാലനം, കൃഷി, വിദ്യാഭ്യാസവും ഗവേഷണവും, എൻജിനീയറിങ്, ഉല്ലാസ–വിശ്രമം, വ്യവസായവും സമ്പത്തും എന്നീ രംഗങ്ങളിൽ വളരെ വലിയ പ്രയോജനങ്ങളാണ് നിർമിതബുദ്ധി (AI) വാഗ്ദാനം ചെയ്യുന്നത്. അതേസമയം, നിർമിതബുദ്ധിയുടെ സിസ്റ്റങ്ങൾ ദുരുപയോഗിക്കപ്പെടാം: തെറ്റായ കരങ്ങളിൽ ഇതേ സാങ്കേതികവിദ്യകൾതന്നെ വെറുപ്പ്, അക്രമം, കൗശലപൂർവമുള്ള സാമൂഹ്യ ആശ്രയഭ്രാന്ത് സൃഷ്ടിക്കൽ എന്നിവയ്ക്കുള്ള ഉപകരണങ്ങളായി ഉപയോഗപ്പെടുത്താവുന്നതാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ശേഖരിക്കപ്പെടുന്ന മാനുഷിക വിവരങ്ങളും (human data) നിർമിതബുദ്ധിയും വ്യക്തികളുടെയും കുടുംബങ്ങളുടെയും സ്വകാര്യത അട്ടിമറിക്കാനായി ഉപയോഗപ്പെടുത്താം. എല്ലാ തൽപരകക്ഷികളെയും ബന്ധപ്പെട്ടുകൊണ്ട് നിർമിതബുദ്ധിയുടെ വികാസത്തെയും ഉപയോഗത്തെയും നിയന്ത്രിക്കാൻ സർക്കാരിനോട് CBCI ആവശ്യപ്പെടുന്നു; അങ്ങനെ ഏറ്റവും നല്ല സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുകയും ദുർവിനിയോഗസാധ്യതകൾ തടസ്സപ്പെടുത്തപ്പെടുകയും ചെയ്യട്ടെ.

6) സാമൂഹ്യവും സാംസ്കാരികവും ആയ വൈവിധ്യങ്ങളുടെ ലക്ഷണങ്ങളുള്ള മനുഷ്യരെ കേവലം ഒരുകൂട്ടം വിവരങ്ങളുടേയോ (mere data) കണക്കുകൂട്ടലുകളുടെയോ (algorithms) അടിസ്ഥാനത്തിൽ നിർവചിക്കാനാവില്ല. അതിനാൽ, ഞങ്ങൾ ഇപ്രകാരം ശുപാർശ ചെയ്യുന്നു:

6.1 ഓരോ രൂപതയിലെയും സമ്പർക്കമാധ്യമ ഓഫീസ് കൃത്യമായ പദ്ധതികൾ സഭാസമൂഹത്തിനു മുഴുവനുമായി ആസൂത്രണം ചെയ്യട്ടെ. കുട്ടികൾക്കും യുവാക്കൾക്കും കുടുംബങ്ങൾക്കും സമർപ്പിതർക്കും വൈദികർക്കും ഉത്തരവാദിത്വപൂർവമായ ഡിജിറ്റലിന്റെയും നിർമിതബുദ്ധിയുടെതും ആയ ഉപകരണങ്ങൾ ഉപയോഗിക്കുന്നത്തിനുള്ള അവബോധം നൽകട്ടെ; അങ്ങനെ അവർ കൗശലങ്ങളിൽനിന്നും ദുർവിനിയോഗ സാധ്യതകളിൽനിന്നും രക്ഷിക്കപ്പെടട്ടെ. ഡിജിറ്റൽ ലോകത്തിലെ ഉത്തരവാദിത്തപ്പെട്ട പൗരരാകാൻ ധാർമികബോധത്തോടെയുള്ള നിർമതബുദ്ധിയുടെ ഉപയോഗം ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

6.2 നമ്മുടെ രൂപതാ, പ്രാദേശിക തലങ്ങളിലെ സാമൂഹ്യസമ്പർക്കത്തിനുള്ള കമ്മീഷനുകളും യുവജന സംഘടനകളും ഇപ്പോൾ ലഭ്യമായിട്ടുള്ള നിർമിതബുദ്ധിയുടെ ഉപകരണങ്ങൾ ഫലപ്രദമായ വിശ്വാസ രൂപവൽകരണത്തിനും സദ്വാർത്തയുടെ ക്രിയാത്മകമായ പങ്കുവയ്ക്കലിനും ഉപയുക്തമാംവിധം പ്രയോജനപ്പെടുത്തണം. നിർമിതബുദ്ധിയിൽ പ്രാവീണ്യമുള്ള യുവജനങ്ങൾ ഇക്കാര്യത്തിൽ സഹായിക്കണമെന്ന് ഞങ്ങൾ അഭ്യർഥിക്കുന്നു.

6.3 രൂപതകളും സന്യാസസമൂഹങ്ങളും അൽമായസംഘടനകളും നിർമിതബുദ്ധിയുടെ വിപ്ലവം വഴിയായി ലഭിക്കുന്ന അവസരങ്ങളെ ഉപയോഗപ്പെടുത്താൻ നമ്മുടെ യുവതീയുവാക്കളെ പ്രാപ്തരാക്കട്ടെ.

7) സമഗ്രമാനവവികാസത്തിന്റെ പാത നീതിയും സമത്വവും സത്യവും സ്വാതന്ത്ര്യവും പൊതുനന്മയ്ക്കായി പ്രോത്സാഹിപ്പിക്കുന്ന സാമൂഹ്യമായ ഇടപെടലുകളും ഉൾക്കൊണ്ടതാണെന്ന് ഇന്ത്യയിലെ കത്തോലിക്കാ സഭ ശക്തമായി ആവർത്തിക്കുന്നു. ഇക്കാര്യത്തിൽ, നിർമിതബുദ്ധിക്ക് ഒരു പ്രയോജനപ്രദമായ ഉപകരണം ആയിത്തീരാൻ സാധിക്കും; പക്ഷേ, അതോടൊപ്പം അതു മാനുഷിക വ്യക്തിയുടെ സങ്കീർണ്ണതകളെയും ഔന്നത്യത്തെയും പവിത്രതയെയും മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

**ഉപസംഹാരം**

8) ഇന്ത്യയിലെ സഭ സിനഡാത്മക ചൈതന്യത്തിൽ പ്രത്യാശയുടെ തീർഥാടകരായി 2025-ലെ ജൂബിലിയിലേക്ക് നീങ്ങിക്കൊ

ണ്ടിരിക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം ക്രൈസ്തവർ എല്ലാ തലങ്ങളിലും – രാജ്യസംരക്ഷണസേനാതലം, വിദ്യാഭ്യാസവും സാക്ഷരതയും, ആരോഗ്യപരിപാലനം, സാമൂഹ്യസേവനം എന്നിവയിൽ – രാജ്യത്തെ പ്രതിജ്ഞാബദ്ധ തയോടെ സേവിച്ചിട്ടുണ്ട്. രാഷ്ട്രത്തോടുള്ള നമ്മുടെ ശുശ്രൂഷ ധാരാളം സഹപൗരർ അംഗീകരിച്ചിട്ടുണ്ട്. രാജ്യസ്നേഹികളായ പൗരർ എന്ന നിലയ്ക്ക് എന്തുവിലകൊടുത്തും നമ്മൾ തുടർന്നും നമ്മുടെ രാജ്യത്തെ ശുശ്രൂഷിക്കും. അതു നമ്മുടെ ഗുരുവായ യേശുവിന്റെ പാത പിന്തുടരുന്നതിന്റെ ഭാഗമായിരിക്കും. അവിടന്നു പറഞ്ഞു: 'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. എന്തെന്നാൽ, ദരിദ്രരെ സദ്വാർത്ത അറിയിക്കാൻ അവൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രഘോഷിക്കാനും അടിച്ചമർത്തപ്പെട്ടവരെ മോചനത്തിലേക്കു നയിക്കാനും കർത്താവിന്റെ പ്രസാദവത്സരം പ്രഘോഷിക്കാനും അവൻ എന്നെ അയച്ചിരിക്കുന്നു' (ലൂക്കാ 4:18–19). നമ്മുടെ രാജ്യത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി ഞങ്ങൾ പ്രാർഥിക്കുന്നു; നമ്മുടെ മാതാവും പ്രത്യാശയുടെ താരവുമായ പരിശുദ്ധ കന്യകമറിയത്തിന്റെ കരങ്ങളിൽ ഞങ്ങൾ ഈ രാജ്യത്തെ ഭരമേൽപ്പിക്കുന്നു.

**ആർച്ച്ബിഷപ്പ്**
**അനിൽ കൂട്ടോ**
*CBCI സെക്രട്ടറി ജനറൽ*

**ആർച്ച്ബിഷപ്പ്**
**ആൻഡ്രൂസ് താഴത്ത്**
*CBCI പ്രസിഡന്റ്*

ബാംഗ്ലൂർ, 7 ഫെബ്രുവരി 2024

# 2 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

558 / 2024 C- 3
16/ 02 / 2024

### സർക്കുലർ
### പെസഹാവ്യാഴപിരിവ്

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, വത്സലമക്കളേ,

വൈദികപരിശീലനം വളരെയേറെ പ്രാധാന്യമുള്ള കാര്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. വൈദികർക്കും സമർപ്പിതർക്കും പരിശീലനത്തിലിരിക്കുന്നവർക്കുംവേണ്ടി നിങ്ങൾ എല്ലാ ദിവസവും പ്രാർത്ഥിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

വൈദികപരിശീലനത്തിനുവേണ്ടി കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ അതിരൂപതയുടെ മേരിമാത മേജർ സെമിനാരിയിലേക്ക് നിങ്ങൾ ചെയ്ത എല്ലാ സഹായങ്ങളെയും നന്ദിയോടെ ഓർക്കുകയാണ്. വൈദിക പരിശീലനത്തിനും വേണ്ടി വരുന്ന സംഖ്യ അതത് പ്രദേശങ്ങളിലെ ദൈവജനം കണ്ടെത്തേണ്ടി വന്നിരിക്കുന്നതിനാൽനിങ്ങളുടെപങ്കാളിത്തംഅത്യന്താപേക്ഷിതവും അതിപ്രധാനവുമാണ്. പെസഹാവ്യാഴാഴ്ചയിലെ ത്യാഗസമർപ്പണമാണ് ഇതിനായി നമ്മൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷവും ഉദാരമനസ്സോടെ നിങ്ങൾ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലേക്കും ഇതിനായുള്ള കവറുകൾ എത്തിക്കുന്നുണ്ട്. അതത് ഇടവക വികാരി വഴിയാണ് ഇവ എത്തിക്കുന്നത്. ഈ കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച് അടുത്ത പെസഹാവ്യാഴാഴ്ച ഇടവകപള്ളിയിൽ സമർപ്പിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഈ ഉദ്യമത്തിന് ഇടവകകളിൽ നേതൃത്വം കൊടുക്കണമെന്നും ഇപ്രകാരം സമാഹരിക്കുന്ന തുക അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ ഏപ്രിൽ 30നു മുമ്പായി ഏല്പിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. പ്രാർത്ഥനയുടെയും പങ്കുവെയ്ക്കലിന്റെയും അവസരമായ നോമ്പുകാലത്ത് വൈദികപരിശീലനത്തിനായി നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ നല്ലിടയനായ ഈശോ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും സമർപ്പിതർക്കും വൈദിക-സമർപ്പിത പരിശീലനത്തിലായിരിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കണമെന്ന് ഒരിക്കൽക്കൂടെ ആഹ്വാനം ചെയ്യുന്നു.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്

+ Andrews mar Thazhath

***+ മാർ ആൻഡ്രൂസ് താഴത്ത്***

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2024 മാർച്ച് 24ന് പള്ളികളിലും സ്ഥാപനങ്ങളിലും കുർബാന മധ്യേ അറിയിക്കേണ്ടതാണ്. +AT

# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**
**മാർച്ച് 2024**

1 : ആദ്യവെള്ളി
3 : നോമ്പ് നാലാം ഞായർ
6 : പാതിനോമ്പ്
10 : നോമ്പ് അഞ്ചാം ഞായർ
17 : നോമ്പ് ആറാം ഞായർ
18 : ജറുസലെമിലെ വി. സിറിൾ
19 : വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ
22 : നാല്പതാം വെള്ളി
24 : നോമ്പ് ആറാം ഞായർ (ഓശാന ഞായർ)
25 : മംഗളവാർത്ത തിരുനാൾ
28 : പെസഹാവ്യാഴം
29 : പീഡാനുഭവവെള്ളി
30 : വലിയ ശനി
31 : ന. കർത്താവീശോമിശിഹായുടെ ഉയിർപ്പു തിരുനാൾ
ഉയിർപ്പ് ഒന്നാം ഞായർ

**2. മാർച്ച് മാസത്തെ പരിപാടികൾ**

1 : ഫിനാൻസ് കൗൺസിൽ (07:00 pm)
2 : കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗം (02:00 pm)
7 : ഫൊറോന വികാരിമാരുടെ യോഗം (10:30 am)
11–12 : യുവവൈദികർക്കുള്ള പരിശീലനപ്രോഗ്രാം (2016–2018)
14 : ആലോചനസമിതിയോഗം (10:30 am)
വൈദികസമിതിയോഗം (02:30 pm)
17 : പാലയൂർ മഹാതീർത്ഥാടനം
23 : ഡീക്കൻപട്ടം & ചെറുപട്ടങ്ങൾ (02:30 pm)

25 : വൈദിക-സമർപ്പിത വിശുദ്ധീകരണദിനം

**3. ഉയിർപ്പുകാലം**

ഉയിർപ്പു തിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥന കളിലും ഗീതങ്ങളിലും ഉള്ളത്.

ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമായ കർത്താവിന്റെ ഉയിർപ്പാണ് സഭയിൽ ആദ്യമായി ആഘോഷിച്ചു തുടങ്ങിയ തിരുനാൾ. നിഖ്യാസൂനഹദോസിന്റെ കാലം മുതൽ, സാർവ്വത്രിക സഭയിൽ ഈ തിരുനാൾ ആഘോഷിക്കുന്നത് മാർച്ച് 21നു ശേഷം വരുന്ന പൂർണ്ണ ചന്ദ്രദിനത്തിനു ശേഷമുള്ള ആദ്യഞായറാണ്.

ഉത്ഥാനം മുതൽ പന്തക്കുസ്താവരെയുള്ള സംഭവങ്ങൾ ഏഴ് ആഴ്ചകളിലായി ഈ കാലത്തിൽ അനുസ്മരിക്കുന്നു. പൗരസ്ത്യസഭകൾ ഉയിർപ്പുകാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ചയിൽ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നു. ഉയിർപ്പിന്റെ എട്ടാം ദിനമായ പുതുഞായർ മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനദിനമാണ്. ഉയിർപ്പു കാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ച 'പുതുക്രിസ്ത്യാനി'കളുടെ ആഴ്ചയായി മാറ്റി വച്ചിരുന്നു. അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജ്ജീവിച്ചുകൊണ്ട് ഉയിർപ്പു തിരുനാളി നോടനുബന്ധിച്ച് മാമ്മോദീസ നൽകുന്നത് ഉചിതമായിരിക്കും.

ഉയിർപ്പു കഴിഞ്ഞ് 40-ാം നാൾ 'കർത്താവിന്റെ സ്വർഗാരോഹ ണതിരുനാൾ' ആഘോഷിക്കുന്നു. അതുകൊണ്ടുതന്നെ നിത്യജീവ നും ഉയിർപ്പും ഈ കാലത്തിലെ വിചിന്തനവിഷയങ്ങളാണ്. നിത്യജീവൻ പ്രാപിക്കാൻ ഏകരക്ഷകനായ മിശിഹായുടെ അടുക്ക ലേക്കാണ് പോകേണ്ടത് എന്ന സത്യവും ഈ കാലത്തിൽ പ്രഘോ ഷിക്കപ്പെടുന്നു. സ്വർഗ്ഗവും ഭൂമിയും സന്ധിക്കുന്ന കർത്താവിന്റെ ആലയത്തിൽ പ്രത്യാശയോടെ പന്തക്കുസ്താനുഭവത്തിനായി കാത്തിരിക്കാനാണ് സഭ നമ്മോടും ആവശ്യപ്പെടുന്നത്.

**4. സ്വാഗതം**

മിഷൻ രംഗത്തുനിന്നും അജപാലന രംഗങ്ങളിൽനിന്നും ഉപരി പഠനത്തിനുശേഷവും തിരിച്ചെത്തിയിരിക്കുന്ന ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ, ഫാ. പ്രിൻസ് നായങ്കര, ഫാ. അൽജോ കരേര ക്കാട്ടിൽ, ഫാ. ടൈസൻ മണ്ടുംപാൽ, ഫാ. ജോയ്സൻ ചെറുവത്തൂർ, ഫാ. അജിത്ത് കൊള്ളന്നൂർ, ഫാ. അനീഷ് കൂത്തൂർ എന്നിവർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന സന്യാസ വൈദികരായ ഫാ. ജോയേൽ ചിറമ്മൽ CMI, ഫാ. ഫ്രാൻസിസ്

കല്ലുംപുറത്ത് MSJ, ഫാ. ഫ്രാൻസിസ് പാറയിൽ SDV, ഫാ. ഗ്ലെസിൻ പയസ് കൂള OFM.Cap, ഫാ. ജിന്റോ ചിറമ്മൽ CMI, ഫാ. ഡോണൽ പുലിക്കോട്ടിൽ CMI എന്നിവർക്കും സ്വാഗതം.

**5. നന്ദി:**

അതിരൂപതയിലെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന ഫാ. കുറുമ്പിലായി ഷിംജോ SDV, ഫാ. ജോസഫ് കുരിയിലാനിക്കൽ MCBS, ഫാ. ജീസ് തുണ്ടത്തിൽ MST, ഫാ. ജിബിൻ മണിയാലിൽ MST, ഫാ. ജെറിൻ തോട്ട്യാൻ CMI, ഫാ. ജോൺ പോൾ പുലിക്കോട്ടിൽ OFM.Cap. എന്നിവർക്ക് അതിരൂപതയുടെ അകൈതവമായ നന്ദി.

**6. ആശംസ:**

അതിരൂപതയിൽ നിന്ന് വിശാഖപട്ടണം മിഷനിൽ സേവനത്തിനായി പോയ ഫാ. റോയ്സൺ കൊള്ളന്നൂർ അച്ചനും രാമനാഥപുരം രൂപതയിലേക്ക് സേവനത്തിനായി പോയ ബഹു. ആന്റോ രായപ്പൻ അച്ചനും അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.

**7. അഭിനന്ദനങ്ങൾ:**

ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ – MA Sociology യിൽ കേരള യൂണിവേഴ്സിറ്റിയിൽ രണ്ടാം റാങ്ക്

ഫാ. ദിജോ ഒലക്കേങ്കിൽ – ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് പാസ്റ്ററൽ തിയോളജിയിൽ ഡോക്ടറേറ്റ്

ഫാ. ടൈസൻ മണ്ടുംപാൽ – റോമിലെ Regina Apostolorum Pontifical Athneo യിൽ നിന്നും Moral Theology യിൽ ഡോക്ടറേറ്റ്

ഫാ. അൽജോ കരേരക്കാട്ടിൽ – പാരീസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന് Ecclesiology യിൽ ഡോക്ടറേറ്റ്

**8. വൈദികക്ഷേമനിധി:**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31-ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**9. പട്ടങ്ങൾ:**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2024 മാർച്ച് 23 ശനിയാഴ്ച്ച കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2:00ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ മൈനർ സെമിനാരിയിൽ വച്ച്

തിരുകർമ്മങ്ങൾ ആരംഭിക്കും. ബഹു. ശെമ്മാശ്ശന്മാരെ പ്രാർത്ഥന കളിൽ പ്രത്യേകം സ്മരിക്കാം.

**10. ദൈവവിളിവാരാചരണം:**

2024 ഏപ്രിൽ 1 മുതൽ 6 വരെയാണ് നാം ദൈവവിളി വാരാച രണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന-ഉപവാസയജ്ഞം നടക്കും. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**11. ദൈവവിളിക്യാമ്പുകൾ:**

എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയി ട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി 2024 ഏപ്രിൽ 1,2; 3,4; 5,6 എന്നീ തീയതികളിൽ ആൺകുട്ടികൾക്കായുള്ള ക്യാമ്പുകൾ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിലും 2024 ഏപ്രിൽ 6ന് പെൺകുട്ടികൾക്കുള്ള ദൈവവിളി ക്യാമ്പ് ഡി. ബി. സി. എൽ. സി. യിലും സംഘടിപ്പിക്കുന്നു. ദൈവവിളിയുടെ ലക്ഷണ ങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**12. ദൈവദർശൻ ക്യാമ്പുകൾ**

ഈ വർഷത്തെ (2024) ദൈവ ദർശൻ ക്യാമ്പുകൾ ഏപ്രിൽ 1 മുതൽ മെയ് 4 വരെ നടത്തുന്നു. ക്യാമ്പുകൾ ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർ മൈനർ സെമിനാരി റെക്ടർ അച്ചനെ contact ചെയ്യുക.

**13. പാലയൂർ മഹാതീർത്ഥാടനം:**

2024 മാർച്ച് 17-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാ ടനം. നോമ്പിലെ വെള്ളിയാഴ്ചകളിൽ രാത്രി 9 മണിക്ക് തൃശ്ശൂർ ബസിലിക്കയിൽ നിന്നും ജാഗരണ പദയാത്ര സംഘടിപ്പിക്കുന്നു. ജാഗരണ പദയാത്രകളിലും തീർത്ഥാടനത്തിനും വിശ്വാസികളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**14. യുവവൈദികർക്കുള്ള തുടർപരിശീലനം: (2016-2018 തിരുപ്പട്ട സ്വീകരണബാച്ചുകൾ)**

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദി കരുടെ (2016-2018 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2024 മാർച്ച് 11 തിങ്കൾ രാവിലെ 9:30 മുതൽ 12 ചൊവ്വ വൈകിട്ട് 7 വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ

നടത്തപ്പെടുന്നു. Decision Making Skills എന്ന വിഷയത്തെ കേന്ദ്രീകരിച്ച് യുവവൈദികരുടെ അജപാലന ശുശ്രൂഷയിലെ വൈവിധ്യമാർന്ന മേഖലകൾ ചർച്ച ചെയ്യാൻ ഈ പരിശീലന പ്രോഗ്രാം ലക്ഷ്യമിടുന്നു. ബഹു. വൈദികർ മറ്റെല്ലാ ഉത്തര വാദിത്വങ്ങളും ക്രമീകരിച്ച് ഈ പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പു വരുത്തുമല്ലോ.

**15. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും മീറ്റിങ്ങ്**

2024 മാർച്ച് 2-ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് നടത്തപ്പെടുന്നു.

**16. കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**17. മിഷൻ സൺഡെ കളക്ഷൻ:**

2024 മാർച്ച് 31നു മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ 2023 ലെ മിഷൻ സൺഡെ കളക്ഷൻ ഏല്പിക്കേണ്ടതാണ്. മാർച്ച് 31നു മുമ്പ് മിഷൻ സൺഡെ കളക്ഷൻ കൊടുക്കുന്ന പള്ളികളും സ്ഥാപനങ്ങളും മാത്രമെ സമ്മാനത്തിനു പരിഗണിക്കപ്പെടുകയുള്ളൂ.

**18. വൈദിക-സമർപ്പിത വിശുദ്ധീകരണദിനം :**

മാർച്ച് 25 തിങ്കളാഴ്ച ലൂർദ്ദ് പള്ളിയിൽ വെച്ചാണ് ഈ വർഷത്തെ വൈദിക-സമർപ്പിത വിശുദ്ധീകരണദിനം ആചരിക്കുന്നത്. അന്നേ ദിവസം രാവിലെ 10 മണിക്ക് പരിപാടികൾ ആരംഭിക്കും. അതിരൂപതയ്ക്കകത്ത് ശുശ്രൂഷ ചെയ്യുന്ന സന്യാസവൈദികരുൾപ്പെടെ മുഴുവൻ ബഹു. അച്ചന്മാരും അന്നത്തെ തിരുകർമ്മങ്ങളിൽ പങ്കെടുക്കേണ്ടതാണ്. ഉച്ചക്കഴിഞ്ഞുള്ള കുർബാന മധ്യേ സൈത്തു കുദാശ ചെയ്യുന്നതാണ്. സൈത്തു കുദാശ രൂപതയുടെ കൂട്ടായ്മ വിളിച്ചോതുന്ന ഒരു സന്ദർഭമാണ്. അതുകൊണ്ട് ഇടവകകളിൽ നിന്ന് പരമാവധി ദൈവജനപങ്കാളിത്തം ഉണ്ടാകാൻ ബഹു. അച്ചന്മാർ പരിശ്രമിക്കണം. സന്യസ്തരും മുഴുവൻ കൈക്കാരൻമാരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പ്രസ്തുത കുർബാനയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**19. പെസഹാവ്യാഴം പ്രത്യേകപിരിവ് :**

പെസഹാവ്യാഴാഴ്ച എല്ലാ കുടുംബങ്ങളിൽ നിന്നുമായി എടുക്കുന്ന പ്രത്യേക പിരിവ് വൈദികവിദ്യാർത്ഥികളുടെ പരിശീലന ചെലവിലേക്കായി മേരിമാത മേജർ സെമിനാരിയിലേക്ക് നൽകാനുള്ളതാണ്. ഇക്കാര്യം ജനങ്ങളെ ഓർമ്മപ്പെടുത്തണം. പ്രസ്തുത പിരിവ് 30-04-2024 നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**20. പെസഹാ ഊട്ട് :**

അതിരൂപതയിലെ വൈദികസമ്മേളനത്തിൽ മുമ്പ് അറിയിച്ചിരുന്നതുപോലെ പെസഹാവ്യാഴാഴ്ച നടത്തുന്ന പെസഹാ ഊട്ട് എല്ലാവർക്കും വേണ്ടിയുള്ള ഒരു പൊതു ഊട്ടുസദ്യയല്ല. പെസഹാ ഊട്ട് നിലനില്ക്കുന്ന പള്ളികളിൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി മാത്രം നടത്തുന്ന നേർച്ച ഊട്ടാണ് പെസഹാ ഊട്ട്. പെസഹാ വ്യാഴാഴ്ച പള്ളികളിൽ ആരാധന നടക്കുന്നതിനാൽ പെസഹാ ഊട്ട് പൊതുഊട്ടുസദ്യയായി നടത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**21. അതിരൂപത കാര്യാലയത്തിന് അവധി :**

2024 മാർച്ച് 24 ഓശാന മുതൽ ഏപ്രിൽ 7 പുതുഞായർ വരെ അതിരൂപത കാര്യാലയത്തിന് അവധിയായിരിക്കും. ആ ദിവസങ്ങളിൽ അടിയന്തിര പ്രാധാന്യമുള്ള അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**22. വൈദികരുടെ നിയമനം :**

a) തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം:
പ്രാബല്യം 07-02-2024 മുതൽ

1. റവ. ഫാ. കിടങ്ങൻ ജോൺ : റിട്ടയർമെന്റ്; താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; വികാരി അമ്മാടം & കപ്ലോൻ CMC ഒഴിവായി.
2. റവ. ഫാ. ഇഞ്ചോടിക്കാരൻ ജെയിംസ് : വികാരി അമ്മാടം & കപ്ലോൻ CMC; വികാരി ബ്രഹ്മകുളം & കപ്ലോൻ FCC മഠങ്ങൾ ഒഴിവായി.
3. റവ. ഫാ. പനംകുളം ഡേവിസ് : വികാരി ബ്രഹ്മകുളം & കപ്ലോൻ FCC മഠങ്ങൾ; വികാരി മുണ്ടൂർ & കപ്ലോൻ FCC, FSSH, SH മഠങ്ങൾ ഒഴിവായി.
4. റവ. ഫാ. അപ്പാടൻ ബാബു : വികാരി മുണ്ടൂർ & കപ്ലോൻ FCC, FSSH, SH മഠങ്ങൾ; വികാരി വലപ്പാട് & കപ്ലോൻ CMC ഒഴിവായി.
5. റവ. ഫാ. തട്ടിൽ ജെൻസ് : വികാരി വലപ്പാട് & കപ്ലോൻ CMC; വികാരി വല്ലച്ചിറ & കപ്ലോൻ കപ്ലോൻ CHF ഒഴിവായി.
6. റവ. ഫാ. തട്ടിൽ റാഫി : വികാരി വല്ലച്ചിറ & കപ്ലോൻ CHF; വികാരി കാഞ്ഞാണി & കപ്ലോൻ SLMI ഒഴിവായി.
7. റവ. ഫാ. വിതയത്തിൽ ദാവീദ് : വികാരി കാഞ്ഞാണി & കപ്ലോൻ SLMI; വികാരി കുന്നംകുളം & കപ്ലോൻ CMC ഒഴിവായി.
8. റവ. ഫാ. മുണ്ടോപുറം ഡെയ്സൻ : വികാരി കുന്നംകുളം & കപ്ലോൻ CMC; വികാരി ചെമ്പുക്കാവ് & കപ്ലോൻ CHF മരീന

ഒഴിവായി.

9. റവ. ഫാ. അടമ്പുകുളം ജോയ് : വികാരി ചെമ്പുക്കാവ് & കപ്ലോൻ CHF മരീന കൂടി; വികാരി വിയ്യൂർ ഒഴിവായി.
10. റവ. ഫാ. കുറ്റിക്കോട്ടയിൽ മാത്യു : വികാരി വിയ്യൂർ കൂടി; വികാരി നല്ലെങ്കര & കപ്ലോൻ DDP ഒഴിവായി.
11. റവ. ഫാ. വാഴപ്പിള്ളി ബിൽജു : വികാരി നല്ലെങ്കര & കപ്ലോൻ DDPകൂടി, താമസം നല്ലെങ്കര; മേരിമാത സെമിനാരിയിലെ ഉത്തരവാദിത്വം തുടരുന്നു.
12. റവ. ഫാ. തേർമഠം ഷാജൻ : സ്പിരിച്ച്വൽ ഫാദർ ആബാ ധ്യാന കേന്ദ്രം, താമസം ആബാ ധ്യാനകേന്ദ്രം; ഡയറക്ടർ കരിസ്മാറ്റിക് & ആബാ ധ്യാനകേന്ദ്രം ഒഴിവായി.
13. റവ. ഫാ. വേളക്കൊമ്പിൽ റോയ് : ഡയറക്ടർ കരിസ്മാറ്റിക് & ആബാ ധ്യാനകേന്ദ്രം, താമസം ആബാ ധ്യാനകേന്ദ്രം; വികാരി തൊറവ് ഒഴിവായി.
14. റവ. ഫാ. പെരുമാട്ടിൽ ക്രിസ്റ്റോൺ : വികാരി തൊറവ്; പ്രീസ്റ്റ്–ഇൻ–ചാർജ്ജ് പെരിങ്ങാട് ഒഴിവായി.
15. റവ. ഫാ. കണ്ണനായ്ക്കൽ സജിൽ : പ്രീസ്റ്റ്–ഇൻ–ചാർജ്ജ് പെരിങ്ങാട്; സഹവികാരി വരന്തരപ്പിള്ളി പള്ളിക്കുന്ന് ഒഴിവായി.
16. റവ. ഫാ. തട്ടിൽ ലിൻസൺ : Leave for Research Works, കപ്ലോൻ മണ്ണുത്തി CSS ജനറലേറ്റ്, താമസം മേരിമാത മേജർ സെമിനാരി; ഡയറക്ടർ യൂത്ത് മിനിസ്ട്രി, മൈഗ്രന്റ്സ് മിനിസ്ട്രി, ബൈബിൾ പ്രേഷിതത്വം, അസി. ഫിനാൻസ് ഓഫീസർ, ഫിനാൻസ് കോർഡിമേറ്റർ മീഡിയ കമ്മീഷൻ, കൺസ്ട്രക്ഷൻ കമ്മറ്റിയംഗം & കപ്ലോൻ അസ്സീസി FCC ഒഴിവായി.
17. റവ. ഫാ. ഒലക്കേങ്കിൽ ദിജോ : ഡയറക്ടർ ബൈബിൾ പ്രേഷിതത്വം കൂടി.
18. റവ. ഫാ. മരോട്ടിക്കൽ അലക്സ് : ഡയറക്ടർ യൂത്ത് മിനിസ്ട്രി & കപ്ലോൻ അസ്സീസി FCC കൂടി; മുക്കാട്ടുകര CHF മഠത്തിലെ ബലിയർപ്പണം ഒഴിവായി.
19. റവ. ഫാ. വടക്കൻ സാജൻ : അസി. ഫിനാൻസ് ഓഫീസർ; ഹൗസ് പ്രൊക്യുറേറ്റർ ആർച്ച്ബിഷപ്സ് ഹൗസ്, അസോസിയേറ്റ് ഡയറക്ടർ യൂത്ത് മിനിസ്ട്രി, പ്രോജക്ട് ഓഫീസർ യൂത്ത് സെന്റർ, ഫിനാൻസ് കോർഡിനേറ്റർ മീഡിയ കമ്മീഷൻ, കൺസ്ട്രക്ഷൻ കമ്മറ്റിയംഗം & കപ്ലോൻ സേക്രഡ് ഹാർട്ട് CMC; വികാരി ചാഴൂർ ഒഴിവായി.
20. റവ. ഫാ. കാട്ടൂക്കാരൻ സിജോ : വികാരി ചാഴൂർ & ബലിയർപ്പണം

FCC ഷാലോം ഭവൻ; വികാരി വെള്ളാനിക്കോട് & കപ്ലോൻ SKD ഒഴിവായി.

21. റവ. ഫാ. കിഴക്കൂടൻ സോണി : വികാരി വെള്ളാനിക്കോട് & കപ്ലോൻ SKD; വികാരി വരാക്കര സൗത്ത് & കപ്ലോൻ CSM ചെറുസൂനം ഒഴിവായി.

22. റവ. ഫാ. ചിറ്റിലപ്പിള്ളി ജെയ്സൻ : വികാരി വരാക്കര സൗത്ത് & കപ്ലോൻ CSM ചെറുസൂനം; വികാരി വെങ്ങിണിശ്ശേരി & കപ്ലോൻ FCC മഠങ്ങൾ ഒഴിവായി.

23. റവ. ഫാ. അറങ്ങാശ്ശേരി ജോസ് : വികാരി വെങ്ങിണിശ്ശേരി & കപ്ലോൻ FCC മഠങ്ങൾ; വികാരി പേരകം ഒഴിവായി.

24. റവ. ഫാ. കണ്ണനായ്ക്കൽ വിൽസൺ : വികാരി പേരകം; വികാരി ആറംപിള്ളി & കപ്ലോൻ ASC ഒഴിവായി.

25. റവ. ഫാ. മുട്ടത്ത് ഫ്രാൻസിസ് : വികാരി ആറംപിള്ളി & കപ്ലോൻ ASC ; വികാരി അഞ്ഞൂർ ഒഴിവായി.

26. റവ. ഫാ. ആക്കാമറ്റത്തിൽ ഷോൺസൻ : വികാരി അഞ്ഞൂർ; വികാരി തൃക്കൂർ & കപ്ലോൻ FCC ഒഴിവായി.

27. റവ. ഫാ. ചെമ്മണ്ണൂർ ജോൺ പോൾ : വികാരി തൃക്കൂർ & കപ്ലോൻ FCC കൂടി; വികാരി ചിറക്കൽ ഒഴിവായി.

28. റവ. ഫാ. പെരേപ്പാടൻ ജിന്റോ : വികാരി ചിറക്കൽ; വികാരി തൊയക്കാവ് & കപ്ലോൻ CSC ഒഴിവായി.

29. റവ. ഫാ. കാഞ്ഞിരത്തിങ്കൽ സെബി : വികാരി തൊയക്കാവ് & കപ്ലോൻ CSC; വികാരി മണ്ണംപേട്ട & കപ്ലോൻ CSM ഒഴിവായി.

30. റവ. ഫാ. പുന്നാശ്ശേരി ജെയ്സൻ : വികാരി മണ്ണംപേട്ട & കപ്ലോൻ CSM; വികാരി അയ്യന്തോൾ & കപ്ലോൻ CHF ഒഴിവായി.

31. റവ. ഫാ. എടക്കളത്തൂർ വർഗ്ഗീസ് : വികാരി അയ്യന്തോൾ & കപ്ലോൻ CHF; വികാരി ഏങ്ങണ്ടിയൂർ & കപ്ലോൻ FCC ഒഴിവായി.

32. റവ. ഫാ. ഒല്ലൂക്കാരൻ ആന്റോ : വികാരി ഏങ്ങണ്ടിയൂർ & കപ്ലോൻ FCC; വികാരി വടക്കൻ പുതുക്കാട് & കപ്ലോൻ CSC മുല്ലശ്ശേരി ഒഴിവായി.

33. റവ. ഫാ. എടക്കളത്തൂർ ജോസ് : വികാരി വടക്കൻ പുതുക്കാട് & കപ്ലോൻ CSC മുല്ലശ്ശേരി; വികാരി വടൂക്കര & കപ്ലോൻ CHF ഒഴിവായി.

34. റവ. ഫാ. അന്തിക്കാട്ട് ജോസഫ് : വികാരി വടൂക്കര & കപ്ലോൻ CHF; വികാരി എരവിമംഗലം & കപ്ലോൻ DM ഒഴിവായി.

35. റവ. ഫാ. ചിറ്റിലപ്പിള്ളി ജോൺസൻ : വികാരി എരവിമംഗലം &

കപ്ലോൻ DM; വികാരി വരടിയം & കപ്ലോൻ OP & CSC ഒഴിവായി.

36. റവ. ഫാ. ചിറയത്ത് ആന്റോ : വികാരി വരടിയം & കപ്ലോൻ OP & CSC; വികാരി പൂച്ചിന്നിപ്പാടം & കപ്ലോൻ CHF ഒഴിവായി.

37. റവ. ഫാ. പള്ളിപ്പുറത്തുക്കാരൻ ജിയോ : വികാരി പൂച്ചിന്നിപ്പാടം & കപ്ലോൻ CHF; വികാരി പൊറത്തൂർ & കപ്ലോൻ FCC ഒഴിവായി.

38. റവ. ഫാ. മുരിങ്ങാത്തേരി ജോയ് : വികാരി പൊറത്തൂർ & കപ്ലോൻ FCC വികാരി പാറേമ്പാടം & കപ്ലോൻ CSC ഒഴിവായി.

39. റവ. ഫാ. അറക്കൽ പോൾ : വികാരി പാറേമ്പാടം & കപ്ലോൻ CSC; വികാരി കുറ്റൂർ & കപ്ലോൻ SJ & St. Anne ഒഴിവായി.

40. റവ. ഫാ. പൊറത്തൂർ ജോജു : വികാരി കുറ്റൂർ & കപ്ലോൻ SJ & St. Anne; വികാരി നടത്തറ & കപ്ലോൻ CMC ഒഴിവായി.

41. റവ. ഫാ. ചെറുവത്തൂർ ചാക്കോ : വികാരി നടത്തറ & കപ്ലോൻ CMC; വികാരി & ഫൊറോന വികാരി പുത്തൂർ, കപ്ലോൻ CSM & SDV ഒഴിവായി.

42. റവ. ഫാ. പനക്കൽ ജോജു : വികാരി & ഫൊറോന വികാരി പുത്തൂർ, കപ്ലോൻ CSM & SDV; വികാരി പുറനാട്ടുകര & കപ്ലോൻ MLF ഒഴിവായി.

43. റവ. ഫാ. ഐനിക്കൽ ജോൺസൻ : വികാരി പുറനാട്ടുകര & കപ്ലോൻ MLF; വികാരി പാവറട്ടി & കപ്ലോൻ CMC മഠങ്ങൾ, SABS & St. Anne മഠങ്ങൾ ഒഴിവായി.

44. റവ. ഫാ. ചെമ്പകശ്ശേരി ആന്റണി : വികാരി പാവറട്ടി & കപ്ലോൻ CMC മഠങ്ങൾ, SABS & St. Anne മഠങ്ങൾ; വികാരി & ഫൊറോന വികാരി വടക്കാഞ്ചേരി & കപ്ലോൻ LSMS മഠങ്ങൾ, CHF മഠം ഒഴിവായി.

45. റവ. ഫാ. തരകൻ വർഗ്ഗീസ് : വികാരി & ഫൊറോന വികാരി വടക്കാഞ്ചേരി & കപ്ലോൻ LSMS മഠങ്ങൾ, CHF മഠം; വികാരി കല്ലൂർ കിഴക്ക് & കപ്ലോൻ CHF ഒഴിവായി.

46. റവ. ഫാ. കൊള്ളന്നൂർ ജോയ് : വികാരി കല്ലൂർ കിഴക്ക് & കപ്ലോൻ CHF വികാരി കോട്ടപ്പടി & കപ്ലോൻ CMC, FCCs ഒഴിവായി.

47. റവ. ഫാ. കൊച്ചുപുരയ്ക്കൽ കുരിയാക്കോസ് (ഷാജി) : വികാരി കോട്ടപ്പടി & കപ്ലോൻ CMC, FCCs; വികാരി പാലക്കൽ & കപ്ലോൻ SD, CMC കണിമംഗലം ഒഴിവായി.

48. റവ. ഫാ. തളിയപറമ്പിൽ ലിറിൽ : വികാരി പാലക്കൽ & കപ്ലോൻ SD, CMC കണിമംഗലം; വികാരി ആളൂർ & കിഴക്കാളൂർ, കപ്ലോൻ CSS ഒഴിവായി.

49. റവ. ഫാ. ആലപ്പാട്ട് ബിജു ജോസഫ് : വികാരി ആളൂർ & കിഴക്കാളൂർ, കപ്ലോൻ CSS; വികാരി ഇയ്യാൽ & കപ്ലോൻ SABS ഒഴിവായി.

50. റവ. ഫാ. തലക്കോട്ടൂർ ഷാന്റോ : വികാരി ഇയ്യാൽ & കപ്ലോൻ SABS; വികാരി വാണിയമ്പാറ & അസി. ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, കുടുംബകൂട്ടായ്മ, മാതൃവേദി, ലോഫ് ഒഴിവായി.

51. റവ. ഫാ. കുന്നപ്പിള്ളി ടെൻസ് : വികാരി വാണിയമ്പാറ; വികാരി കുമ്പളങ്ങാട് ഒഴിവായി.

52. റവ. ഫാ. കിടങ്ങൻ ജോയ് : വികാരി കുമ്പളങ്ങാട്; വികാരി മനക്കൊടി ഒഴിവായി.

53. റവ. ഫാ. മാളിയമ്മാവ് പോൾ : വികാരി മനക്കൊടി, യൂത്ത് മിനിസ്ട്രി ടീം അംഗം കൂടി; പ്രീസ്റ്റ് ഇൻ ചാർജ്ജ് അഞ്ചേരി & കപ്ലോൻ SD ഒഴിവായി.

54. റവ. ഫാ. കരേരക്കാട്ടിൽ അൽജോ : പ്രീസ്റ്റ് ഇൻ ചാർജ്ജ് അഞ്ചേരി, താമസം അഞ്ചേരി, Secretary to Chancery, ഡയറക്ടർ മൈഗ്രന്റ്സ് മിനിസ്ട്രി, മീഡിയ കമ്മീഷൻ സെക്രട്ടറി, മീഡിയ കത്തോലിക്ക ടീം അംഗം & കപ്ലോൻ SD.

55. റവ. ഫാ. അരിമ്പൂർ ടോണി : ചികിത്സാവധി, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം;വികാരി എളവള്ളി & പെരുവല്ലൂർ, കപ്ലോൻ CSS ഒഴിവായി.

56. റവ. ഫാ. വടക്കേത്തല തോമസ് : വികാരി-ഇൻ-ചാർജ്ജ് എളവള്ളി & പെരുവല്ലൂർ ഒഴിവായി.

57. റവ. ഫാ. കണ്ണനായ്ക്കൽ ഫ്രാങ്ക്ളിൻ : വികാരി എളവള്ളി & പെരുവല്ലൂർ, കപ്ലോൻ ഇടട

58. റവ. ഫാ. തട്ടിൽ ട്രെജിൻ : നടത്തുവികാരി ചോറ്റുപാറ ഒഴിവായി.

59. റവ. ഫാ. അമ്മുത്തൻ ആന്റണി : വികാരി ചോറ്റുപാറ കൂടി; വികാരി വില്ലടം ഒഴിവായി.

60. റവ. ഫാ. വാഴപ്പിള്ളി ഫ്രജോ : വികാരി വില്ലടം കൂടി; വികാരി മാന്ദാമംഗലം ഒഴിവായി.

61. റവ. ഫാ. നായങ്കര പ്രിൻസ് : വികാരി മാന്ദാമംഗലം & നോട്ടറി മെത്രാപ്പോലീത്തൻ കോടതി (2024 മാർച്ച് 15 മുതൽ).

62. റവ. ഫാ. ആലപ്പാട്ട് പോൾ : ഡയറക്ടർ സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം & കപ്ലോൻ സെന്റ് ഡാമിയാനോ FCC ഒഴിവായി; താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം.

63. റവ. ഫാ. ചാലക്കൽ ജാക്സൺ : ഡയറക്ടർ സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം, ജൂബിലി മിഷൻ ആശുപത്രി പാസ്റ്ററൽ കെയർ ടീം അംഗം & കപ്ലോൻ സെന്റ് ഡാമിയാനോ FCC; കപ്ലോൻ സെന്റ് പോൾസ് CMC ഒഴിവായി.

64. റവ. ഫാ. ചിറമ്മൽ ഏബിൾ : പ്രോ-വികാരി തളിക്കുളം ഒഴിവായി.

65. റവ. ഫാ. തറയിൽ ഡെമിൻ : പ്രോ-വികാരി തളിക്കുളം കൂടി.

66. റവ. ഫാ. കൂള ഡിറ്റോ : ഡയറക്ടർ വിയാനി ഭവൻ ഒഴിവായി.

67. റവ. ഫാ. ഊക്കൻ ജോൺസൻ : ഡയറക്ടർ വിയാനി ഭവൻ; വികാരി കരുമത്ര & കപ്ലോൻ SLMI ഒഴിവായി.

68. റവ. ഫാ. കീഴൂരുമുട്ടിക്കൽ മനോജ് : വികാരി കരുമത്ര & കപ്ലോൻ SLMI; വികാരി നന്തിപുലം (ആറ്റപ്പിള്ളി) ഒഴിവായി.

69. റവ. ഫാ. അറയ്ക്കൽ ഫ്രാൻസിസ് : വികാരി നന്തിപുലം (ആറ്റപ്പിള്ളി);വികാരി കടങ്ങോട് ഒഴിവായി.

70. റവ. ഫാ. പൊന്തേക്കൻ സിന്റോ : വികാരി കടങ്ങോട് & അസി. ഡയറക്ടർ ആബാ ധ്യാനകേന്ദ്രം & കരിസ്മാറ്റിക് മൂവ്മെന്റ്; പ്രീസ്റ്റ് ഇൻ ചാർജ്ജ് കാക്കശ്ശേരി ഒഴിവായി.

71. റവ. ഫാ. കൊള്ളന്നൂർ അജിത്ത് : പ്രീസ്റ്റ് ഇൻ ചാർജ്ജ് കാക്കശ്ശേരി; താമസം കാക്കശ്ശേരി.

72. റവ. ഫാ. ചൂണ്ടൽ ജിന്റോ : പഠനാവധി, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; വികാരി തണ്ടിലം & കപ്ലോൻ SJSM ഒഴിവായി.

73. റവ. ഫാ. ചിറമ്മൽ ഡേവിസ് Jr. : വികാരി തണ്ടിലം & കപ്ലോൻ SJSM.

74. റവ. ഫാ. കൈതാരത്ത് ജസ്റ്റിൻ : അസി. ഡയറക്ടർ മനക്കൊടി സാവിയോ ഹോം ഒഴിവായി.

75. റവ. ഫാ. പുത്തൂർ സിജോ : അസോസിയേറ്റ് ഡയറക്ടർ മനക്കൊടി സാവിയോ ഹോം; വികാരി പാത്രമംഗലം ഒഴിവായി.

76. റവ. ഫാ. എലുവത്തിങ്കൽ ആന്റോസ് : വികാരി പാത്രമംഗലം; വികാരി ചുവന്നമണ്ണ് & കപ്ലോൻ FCC മഠങ്ങൾ ഒഴിവായി.

77. റവ. ഫാ. മണ്ടുംപാൽ ടൈസൻ : വികാരി ചുവന്നമണ്ണ് & കപ്ലോൻ FCC മഠങ്ങൾ, മേരിമാത മേജർ സെമിനാരിയിൽ അധ്യാപനം, പറോക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാദമിക് പ്രോഗ്രാം കോർഡിനേറ്റർ

78. റവ. ഫാ. തട്ടിൽ സോളി : വികാരി ആർത്താറ്റ് & കപ്ലോൻ SKD ഒഴിവായി.

79. റവ. ഫാ. മാപ്രാണത്തുക്കാരൻ ഷിജോ : വികാരി ആർത്താറ്റ് & കപ്ലോൻ SKD, അസി. മാനേജർ ഹോളി ക്രോസ് സ്കൂൾ; അസി. ഡയറക്ടർ ജൂബിലി മിഷൻ ആശുപത്രി ഒഴിവായി.

80. റവ. ഫാ. കൂത്തൂർ ഫെബിൻ : വൈസ് പ്രിൻസിപ്പൽ & ബർസാർ ഹോളി ക്രോസ് സ്കൂൾ ആർത്താറ്റ് കൂടി; അസി. മാനേജർ ഹോളി ക്രോസ് സ്കൂൾ ഒഴിവായി.

81. റവ. ഫാ. കൂത്തൂർ അനീഷ് : അസി. ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, കുടുംബകൂട്ടായ്മ, മാതൃവേദി, ലോഫ് & കപ്ലോൻ CSC മരിയഭവൻ ജനറലേറ്റ് കോലഴി; താമസം ഫാമിലി അപ്പസ്തോലേറ്റ് സെന്റർ

82. റവ. ഫാ. ചിറയത്ത് ജീൻ : അസി. ഡയറക്ടർ എം. ഐ. ആശുപത്രി ഏങ്ങണ്ടിയൂർ; സഹവികാരി വേലൂർ ഒഴിവായി.

83. റവ. ഫാ. ചിറയത്ത് ഡെന്നി : പഠനാവധി. കപ്ലോൻ CSM കൂട്ടാല, താമസം മേരിമാത മേജർ സെമിനാരി; സെന്റ് മേരീസ് മൈനർ സെമിനാരി പ്രീഫക്ട് & അസി. ഡയറക്ടർ ജീസസ് യൂത്ത് ഒഴിവായി.

84. റവ. ഫാ. മേലിട്ട് പാലത്തിങ്കൽ വർഗ്ഗീസ് : അസി. ഡയറക്ടർ ജീസസ് യൂത്ത് കൂടി.

85. റവ. ഫാ. ചിറ്റിലപ്പിള്ളി പോൾ : റിട്ടയർമെന്റ്

86. റവ. ഫാ. തെക്കിനിയത്ത് ജിയോ : കപ്ലോൻ പൊന്നൂക്കര അസംപ്ഷൻ CSM മഠം കൂടി; ജോയിന്റ് സെക്രട്ടറി & ട്രഷറർ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി അളഗപ്പനഗർ & നെല്ലിക്കുന്ന് ഡോൺ ബോസ്കോ FCC കോൺവെന്റിലെ ബലിയർപ്പണം എന്നീ ഉത്തരവാദിത്വങ്ങൾ ഒഴിവായി.

87. റവ. ഫാ. എടത്തിരുത്തി ജോജോ : ജോയിന്റ് സെക്രട്ടറി & ട്രഷറർ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി അളഗപ്പനഗർ കൂടി.

88. റവ. ഫാ. കവലക്കാട്ട് ഫ്രാങ്കോ : കോർഡിനേറ്റർ അതിരൂപത ഇൻസ്റ്റിറ്റ്യൂഷൻ ഡെസ്ക് കൂടി.

89. റവ. ഫാ. രായപ്പൻ ആന്റോ : രാമനാഥപുരം രൂപതയിൽ സേവനം; സഹവികാരി പാലയൂർ ഒഴിവായി.

90. റവ. ഫാ. തരകൻ റോജർ : യൂത്ത് മിനിസ്ട്രി ടീം അംഗം & കപ്ലോൻ CSC കൊക്കാല കൂടി; കപ്ലോൻ ശാന്തിധാം CMC ഒഴിവായി.

91. റവ. ഫാ. ചെറുവത്തൂർ ജോയ്സൻ : അസി. ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി & ഡയറക്ടർ നഴ്സസ്

ഗിൽഡ്.

92. റവ. ഫാ. ചിരിയങ്കണ്ടത്ത് പ്രിൻസ് : ഫാദർ പ്രീഫക്ട് സെന്റ് മേരീസ് മൈനർ സെമിനാരി കൂടി; സ്പിരിച്ച്വൽ ഫാദർ മൈനർ സെമിനാരി ഒഴിവായി.

93. റവ. ഫാ. പൊറുത്തൂർ ഡൈജോ : കപ്ലോൻ തൃശ്ശൂർ CMC സെന്റ് മേരീസ് കൂടി; മെത്രാപ്പോലീത്തൻ കോടതി ജഡ്ജ്, സെക്രട്ടറി മീഡിയ കമ്മീഷൻ, കപ്ലോൻ OSF ലൂർദ്ദ്പുരം ഒഴിവായി.

94. റവ. ഫാ. ആലപ്പാടൻ ഫിജോ : ബലിയർപ്പണം CHF മുക്കാട്ടുകര കൂടി; കപ്ലോൻ CSM ഹോളി സ്പിരിറ്റ് & സ്നേഹഭവൻ, UMI ഒഴിവായി.

95. റവ. ഫാ. താണിക്കൽ ഡെന്നി : കപ്ലോൻ SKD തോട്ടത്തിൽ ലൈൻ കൂടി; കോലഴി CMC പ്രോവിൻഷ്യൽ ഹൗസ് ഒഴിവായി.

96. റവ. ഫാ. ആക്കാമറ്റത്തിൽ റാഫേൽ : കപ്ലോൻ കൃപാതീർത്ഥം CMC കൂടി; CMC സെന്റ് മേരീസ് ഒഴിവായി.

97. റവ. ഫാ. വട്ടക്കുഴി ജോസ് : കപ്ലോൻ എം. ഐ. FCC കൂടി; CMC കൃപാതീർത്ഥം ഒഴിവായി.

98. റവ. ഫാ. കീറ്റിക്ക ഫിനോഷ് : കപ്ലോൻ കുരിയച്ചിറ സെന്റ് പോൾ CMC കൂടി; CMC സേക്രഡ് ഹാർട്ട് ഒഴിവായി.

99. റവ. ഫാ. പുലിക്കോട്ടിൽ ഡേവിസ് Sr. : കപ്ലോൻ SABS ലൂർദ്ദ് പുരം.

100. റവ. ഫാ. ചാലിശ്ശേരി പോൾ : ബലിയർപ്പണം SABS ലൂർദ്ദ് പുരം (two days/week) കൂടി.

101. റവ. ഫാ. പൂഴിക്കുന്നേൽ ജസ്റ്റിൻ : ബലിയർപ്പണം ഛടഎ ലൂർദ്ദ്പുരം (one day/week) കൂടി.

102. റവ. ഫാ. കോനിക്കര ജോസ് Jr. : കപ്ലോൻ OSF ലൂർദ്ദ്പുരം (5days/week) കൂടി; കപ്ലോൻ CSM ലൂർദ്ദ്നാഥ പ്രോവിൻഷ്യൽ ഹൗസ് ഒഴിവായി.

103. റവ. ഫാ. കൊളമ്പ്രത്ത് ഡിക്സൺ : കപ്ലോൻ CMC ശാന്തിധാം കൂടി; കപ്ലോൻ പൊന്നൂക്കര CSM ഒഴിവായി.

104. റവ. ഫാ. മൂക്കൻ ജോയ് : കപ്ലോൻ CSM ലൂർദ്ദ്നാഥ പ്രോ വിൻഷ്യൽ ഹൗസ് & സ്നേഹഭവൻ കൂടി; കപ്ലോൻ കൊക്കാല CSC ഒഴിവായി.

105. റവ. ഫാ. മുരിങ്ങാത്തേരി സിജോ : കപ്ലോൻ CSM ഹോളി സ്പിരിറ്റ് & CHF മഡോണ & ബലിയർപ്പണം ഇടങ്ങ ലൂർദ്ദ്നാഥ പ്രോവിൻഷ്യൽ ഹൗസ് കൂടി; കപ്ലോൻ SKD തോട്ടത്തിൽ ലൈൻ

ഒഴിവായി.

106. റവ. ഫാ. കൂത്തൂർ വർഗ്ഗീസ് : ബലിയർപ്പണം കുർക്കഞ്ചേരി CSC പ്രോവിൻഷ്യൽ ഹൗസ് കൂടി; കപ്ലോൻ എം. ഐ. FCC ഒഴിവായി.

107. റവ. ഫാ. ആളൂർ ഫ്രാൻസിസ് : കപ്ലോൻ കോലഴി CMC പ്രോവിൻഷ്യൽ ഹൗസ് കൂടി; ബലിയർപ്പണം കുർക്കഞ്ചേരി CSC പ്രോവിൻഷ്യൽ ഹൗസ് ഒഴിവായി.

108. റവ. ഫാ. തലക്കോടൻ ഡൊമിനിക് : ബലിയർപ്പണം പടവരാട് FCC മഠങ്ങൾ കൂടി; കപ്ലോൻ മണ്ണുത്തി CSS ജനറലേറ്റ് ഒഴിവായി.

109. റവ. ഫാ. വല്ലൂരാൻ ജോസ് : ബലിയർപ്പണം നെല്ലിക്കുന്ന് ഡോൺ ബോസ്കോ FCC കൂടി; ബലിയർപ്പണം പടവരാട് FCC മഠങ്ങൾ ഒഴിവായി.

110. റവ. ഫാ. പുത്തൂർ ലിയോ : കപ്ലോൻ കോലഴി CSC മരിയ ഭവൻ ജനറലേറ്റ് ഒഴിവായി.

111. റവ. ഫാ. കൊളമ്പ്രത്ത് മാർട്ടിൻ : കപ്ലോൻ ഉർസുലൈൻ കൂടി; CHF മഡോണ ഒഴിവായി.

112. റവ. ഫാ. പാറക്കൽ ഫ്രീജോ : കപ്ലോൻ മുളയം SMC ഒഴിവായി.

113. റവ. ഫാ. പിണ്ടിയാൻ സാജൻ : കപ്ലോൻ മുളയം SMCകൂടി; മുളയം SNDS ജനറലേറ്റ് ഒഴിവായി.

114. റവ. ഫാ. കാവുങ്കൽ ഡേവിസ് MST: കപ്ലോൻ മുളയം SNDS നോവിഷ്യറ്റ് കൂടി; കൂട്ടാല CSM ഒഴിവായി.

115. റവ. ഫാ. താഴത്ത് ജിക്സൺ : കപ്ലോൻ മുളയം SNDS നോവിഷ്യറ്റ് ഹൗസ് ഒഴിവായി.

116. റവ. ഫാ. കുഴിക്കാട്ടുമ്യാലിൽ സിജോൺ: കപ്ലോൻ മുളയം SNDS ജനറലേറ്റ് കൂടി.സഹവികാരിമാർ

117. റവ. ഫാ. ചെമ്മണ്ണൂർ ലിബിൻ: പഠനാവധി, സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ താമസം; ഒളരിക്കര & നോട്ടറി മെത്രാപ്പോലീത്തൻ കോടതി ഒഴിവായി.

118. റവ. ഫാ. പേരാമംഗലം ജോൺ: ഒളരിക്കര & നോട്ടറി മെത്രാപ്പോലീത്തൻ കോടതി; അരണാട്ടുകര ഒഴിവായി.

119. റവ. ഫാ. ചിറ്റിലപ്പിള്ളി അജിത്ത്: അരണാട്ടുകര; അരിമ്പൂർ ഒഴിവായി.

120. റവ. ഫാ. ചൂണ്ടൽ ലിവിൻ: അരിമ്പൂർ; തിരൂർ ഒഴിവായി.

121. റവ. ഫാ. ഒലക്കേങ്കിൽ ഡെബിൻ: തിരൂർ & സോഫ്റ്റ്വെയർ ഡവലപ്പ്മെന്റ് ടീം അംഗം; എറവ് ഒഴിവായി.

122. റവ. ഫാ. വേലൂക്കാരൻ ജിയോ: എറവ്; ലൂർദ്ദ് ഒഴിവായി.

123. റവ. ഫാ. എടക്കളത്തൂർ ജിജോ: ലൂർദ്ദ് 2.

124. റവ. ഫാ. പള്ളിക്കുന്നത്ത് ഷിജോ: പുതുക്കാട് 1; മരത്താക്കര ഒഴിവായി.

125. റവ. ഫാ. അറക്കൽ സ്റ്റീഫൻ: മരത്താക്കര; പുതുക്കാട് ഒഴിവായി.

126. റവ. ഫാ. എടക്കളത്തൂർ ഗോഡ്‌വിൻ: പഠനാവധി, സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ താമസം; മരിയാപുരം ഒഴിവായി.

127. റവ. ഫാ. നീലങ്കാവിൽ ഹാഡ്‌ലി: മരിയാപുരം കൂടി; പുത്തൂർ ഒഴിവായി.

128. റവ. ഫാ. അക്കരപ്പട്ട്യേക്കൽ നിർമ്മൽ: പുത്തൂർ & നോട്ടറി അതിരൂപത കാര്യാലയം; മണ്ണുത്തി & അതിരൂപതകാര്യലയ സഹായി ഒഴിവായി.

129. റവ. ഫാ. നെല്ലങ്കര ജിതിൻ: മണ്ണുത്തി കൂടി; നെല്ലിക്കുന്ന് ഒഴിവായി.

130. റവ. ഫാ. വടക്കേത്തല മിഥുൻ: നെല്ലിക്കുന്ന് & നോട്ടറി മെത്രാപ്പോലീത്തൻ കോടതി; ഒല്ലൂർ ഒഴിവായി.

131. റവ. ഫാ. മാറോക്കി ഷിന്റോ: ഒല്ലൂർ 1; മുല്ലശ്ശേരി ഒഴിവായി.

132. റവ. ഫാ. മങ്ങാട്ടിളയൻ ജോമോൻ: സ്പിരിച്വൽ ഫാദർ സെന്റ് മേരീസ് മൈനർ സെമിനാരി കൂടി; നടത്തറ ഒഴിവായി.

133. റവ. ഫാ. വെളിയൻ സെബി: നടത്തറ & അസി. ഡയറക്ടർ സി. എൽ. സി.; ലൂർദ്ദ് കത്തീഡ്രൽ ഒഴിവായി.

134. റവ. ഫാ. ചാലിൽ അനു : ലൂർദ്ദ് 1; സഹായമെത്രാന്റെ സെക്രട്ടറി, നോട്ടറി കൂരിയ, പ്രൊഫ. പി. സി. തോമസ് ട്യൂഷൻ സെന്ററിൽ ബലിയർപ്പണം എന്നിവ ഒഴിവായി.

135. റവ. ഫാ. മുട്ടത്ത് പോൾ : സഹായമെത്രാന്റെ സെക്രട്ടറി & കപ്ലോൻ സി. എസ്. എസ്. പ്രേഷിതഭവൻ കൂടി; മുക്കാട്ടുകര ഒഴിവായി.

136. റവ. ഫാ. ചിറ്റിലപ്പിള്ളി ആന്റണി Jr.: മുക്കാട്ടുകര & നോട്ടറി കൂരിയ; മറ്റം ഒഴിവായി.

137. റവ. ഫാ. ചിറമ്മൽ ജോയേൽ CMI: മറ്റം.

138. റവ. ഫാ. ചിറയത്ത് ഫെബിൻ: ബസിലിക്ക 1; തലോർ ഒഴിവായി.

139. റവ. ഫാ. കാഞ്ഞിരത്തിങ്കൽ അരുൺ: തലോർ കൂടി; കുരിയച്ചിറ ഒഴിവായി.

140. റവ. ഫാ. താണിക്കൽ ജോമോൻ: കുരിയച്ചിറ, യൂത്ത് മിനിസ്ട്രി & മീഡിയ കത്തോലിക്ക ടീം അംഗം; ബസിലിക്ക ഒഴിവായി.

141. റവ. ഫാ. പുത്തൂക്കര ഫ്രാൻസിസ് : വരന്തരപ്പിള്ളി പള്ളിക്കുന്ന്.

142. റവ. ഫാ. കുമ്പിലായ് ഷിംജോ SDV : വെണ്ടോർ ഒഴിവായി.

143. റവ. ഫാ. തട്ടിൽ ബെൻവിൻ : വെണ്ടോർ; പഴുവിൽ ഒഴിവായി.

144. റവ. ഫാ. കല്ലുംപുറത്ത് ഫ്രാൻസിസ് MSJ: പഴുവിൽ.

145. റവ. ഫാ. കുരിയലാനിക്കൽ ജോസഫ് MCBS: പുത്തൻ പീടിക ഒഴിവായി.

146. റവ. ഫാ. പാറയിൽ ഫ്രാൻസിസ് SDV : പുത്തൻപീടിക.

147. റവ. ഫാ. പൊന്തേക്കൻ ജോമോൻ : അജപാലനശുശ്രൂഷ ഇറ്റലി, സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ താമസം; പുറനാട്ടുകര സഹായി ഒഴിവായി.

148. റവ. ഫാ. ഊക്കൻ തോമസ് : പുറനാട്ടുകര; വേലൂപ്പാടം ഒഴിവായി.

149. റവ. ഫാ. വടക്കേത്തല പ്രിജോവ് : വേലൂപ്പാടം

150. റവ. ഫാ. മണിയാലിൽ ജിബിൻ MST: അമ്മാടം ഒഴിവായി.

151. റവ. ഫാ. ആലപ്പാട്ട് ജിയോ : അമ്മാടം.

152. റവ. ഫാ. തുണ്ടത്തിൽ ജീസ് MST: കല്ലൂർ കിഴക്ക് ഒഴിവായി.

153. റവ. ഫാ. മങ്ങാട്ടിളയൻ മേജോ : കല്ലൂർ കിഴക്ക്; വടക്കാഞ്ചേരി ഒഴിവായി.

154. റവ. ഫാ. അന്തിക്കാട്ട് സന്തോഷ് : വടക്കാഞ്ചേരി; മുണ്ടൂർ ഒഴിവായി.

155. റവ. ഫാ. കിഴക്കൂടൻ ഗോഡ്‌വിൻ : മുണ്ടൂർ; കോട്ടപ്പടി ഒഴിവായി.

156. റവ. ഫാ. ഐനിക്കൽ എഡ്വിൻ : കോട്ടപ്പടി; എരുമപ്പെട്ടി ഒഴിവായി.

157. റവ. ഫാ. പുത്തൂർ പ്രകാശ് : എരുമപ്പെട്ടി; ചെങ്ങാലൂർ ഒഴിവായി.

158.റവ. ഫാ. കൂള ഗ്ലെസിൻ പയസ് OFM.Cap: ചെങ്ങാലൂർ.

159.റവ. ഫാ. അരിമ്പൂർ ഡെറിൻ : പാലയൂർ; കൊട്ടേക്കാട് ഒഴിവായി.

160.റവ. ഫാ. തേക്കാനത്ത് ക്രിസ്റ്റോ : കൊട്ടേക്കാട്

161.റവ. ഫാ. മാപ്രാണി അലക്സ് : പേരാമംഗലം; മെത്രാപ്പോലീത്തയുടെ സെക്രട്ടറി, നോട്ടറി അതിരൂപത കാര്യാലയം, കല്ലോൻ സി. എസ്. എസ്. പ്രേഷിതഭവൻ ഒഴിവായി.

162.റവ. ഫാ. നീലങ്കാവിൽ സിനോജ് : മെത്രാപ്പോലീത്തയുടെ സെക്രട്ടറി, നോട്ടറി അതിരൂപത കാര്യാലയം, മെമ്പർ മീഡിയ കത്തോലിക്ക ടീം, ബലിയർപ്പണം പ്രൊഫ. പി. സി. തോമസ് ട്യൂഷൻ സെന്റർ; ബസിലിക്ക ഒഴിവായി.

163.റവ. ഫാ. വല്ലച്ചിറക്കാരൻ ഡിന്റോ : ബസിലിക്ക 2

164.റവ. ഫാ. പുലിക്കോട്ടിൽ ജോൺ പോൾ OFM.Cap.: ഒല്ലൂർ ഒഴിവായി.

165.റവ. ഫാ. ചൂണ്ടൽ ആൽബിൻ : ഒല്ലൂർ 2

166 റവ. ഫാ. വട്ടക്കുഴി ഗ്ലാഡ്രിൻ : വാർഡൻ, ജ്യോതി എഞ്ചിനീയറിംഗ് കോളേജ്; ചേലക്കര ഒഴിവായി.

167. റവ. ഫാ. മുത്തിപ്പീടിക മേജോ : ചേലക്കര & ബി. എഡ്. പഠനത്തിന് അനുമതി; പാവറട്ടി ഒഴിവായി.

168. റവ. ഫാ. ചുങ്കത്ത് മിഥുൻ : പാവറട്ടി 1; കണ്ടശ്ശാംകടവ് ഒഴിവായി.

169. റവ. ഫാ. പൊന്നാരി നിതിൻ : കണ്ടശ്ശാംകടവ്

170. റവ. ഫാ. പഴയേടത്ത് ജെയ്സൻ : വേലൂർ

171. റവ. ഫാ. പൊൻപറമ്പിൽ ബിജോയ് : പുതുക്കാട് 2

172. റവ. ഫാ. ഊക്കൻ സിബിൻ : പഠനാവധി, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; സഹവികാരി ഒല്ലൂർ മേരിമാത & അസി. ഡയറക്ടർ സി. എൽ. സി. ഒഴിവായി.

173. റവ. ഫാ. പുത്തൂർ ജോൺ : ഒല്ലൂർ മേരിമാത; പാവറട്ടി ഒഴിവായി.

174. റവ. ഫാ. പുലിക്കോട്ടിൽ ഡേവിസ് Jr. : പാവറട്ടി 2; പെരിഞ്ചേരി ഒഴിവായി.

175. റവ. ഫാ. ചിറമ്മൽ ജിന്റോ CMI : പെരിഞ്ചേരി

176. റവ. ഫാ. തോട്ട്യാൻ ജെറിൻ CMI : വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി.

177. റവ. ഫാ. പുലിക്കോട്ടിൽ ഡോണൽ CMI : വരന്തരപ്പിള്ളി കിഴക്ക്

**b) വൈദികനിയമനം**

1. ഫാ. തെക്കേക്കര ജോസ് – സീനിയർ റസിഡന്റ് പ്രീസ്റ്റ് മുണ്ടൂർ ഒഴിവായി; താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോം; സാധുത 2024 ഫെബ്രുവരി 7 മുതൽ.
2. ഫാ. കുണ്ടുകുളം സ്റ്റിഷിൻ – കപ്ലോൻ FSSE മാടക്കത്ര കൂടി; സാധുത 2024 ജനുവരി 23 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ

# ENGAGEMENTS

**MARCH 2024**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 2 | Sat. | Afternoon | Meeting with trustees and church clerks |
| 3 | Sun. | Afternoon | Platinum Jubilee of St. Vincent De Paul Society: HolyMass @ Chittattukara |
| 6 | Wed. | Morning | Holy Mass @ Minor Seminary |
| 7 | Thu. | Morning | Forane Vicars' Meeting |
| 8 | Fri. | Morning | 40 Hours Adoration Inauguration: Holy Mass @ Ollur |
| | | Afternoon | Vanitha Dinam Inauguration @ Family Apostolate |
| 9 | Sat. | Morning | Pastoral Council |
| | | Afternoon | First Holy Communion teachers' formation programme @ DBCLC |
| | | | KudumbaKuttayma General body @ Family Apostolate |
| | | | Deepika Anniversary |
| 10 | Sun. | Morning | Darshana Sabha Sangamam: Holy Mass @ Lourdes Cathedral |
| | | Afternoon | Inauguration of Palayur Bible Convention |
| 12 | Tue. | Evening | JMMC Trust meeting |
| 14 | Thu. | Morning | Consulters' Meeting |
| | | Afternoon | Presbyteral Council |
| 15 | Fri. | Morning | Holy Mass @ St. Paul's Gurukulam, Thiruvilwamala |
| | | Evening | Meeting with staff @ Marymatha |

| | | | |
|---|---|---|---|
| | | | Major Seminary |
| 16 | Sat. | Evening | Golden Jubilee Conclusion: Holy Mass @ Elanad |
| 17 | Sun. | Morning | Palayur Pilgrimage: Holy Mass @ Lourdes Cathedral |
| | | Afternoon | Palayur Pilgrimage: Holy Mass @ Palayur |
| 18 | Mon. | | PAROC Seminar for Bishops @ Marymatha |
| 22 | Fri. | Morning | Holy Mass @ Spiritual Animation Centre, Amballur |
| 23 | Sat. | Afternoon | Diaconate & Minor Orders @ Minor seminary |
| 24 | Sun. | Morning | Palm Sunday @ Dolours Basilica |
| 25 | Mon. | Morning | Priests’ Sanctification Day |
| 28 | Thu. | Morning | Maundy Thursday @ Lourdes Cathedral |
| 29 | Fri. | Morning | Good Friday @ Lourdes Cathedral |
| | | Afternoon | Way of Cross @ Dolours Basilica |
| 31 | Sun. | Morning | Easter Vigil Mass @ Lourdes Cathedral |

# ENGAGEMENTS

## MARCH 2024

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01&02 | | | NBCLC |
| 03 | Sun | Morning | Pastoral Visit: Ponnani |
| 06 | Wed | Afternoon | Retirement of HM @ St Francis LPS Pudussery |

| | | | |
|---|---|---|---|
| 7 | Thu. | Morning | Forane Vicars' Meeting |
| 09 | Sat | Morning | Pastoral Council |
| | | Afternoon | Formation Programe for the Teachers of First Holy Communion @DBCLC |
| | | Evening | Kudumbakkoottayma General Body @ Family Apostalate |
| 10 | Sun | Afternoon | Class for BA Theology @ DBCLC |
| 11 | Mon | Morning | Training Programme for the Young Priests(2016-2018 batches) |
| 12 | Tue | Morning | Training Programme for the Young Priests (2016-2018 batches) |
| | | Evening | Trust Meeting @ JMMH |
| 13 | Wed | Afternoon | Trust Meeting @ STC |
| | | Evening | Inauguration of El- Ruha Bible Convention@ Mukkattukara |
| 14 | Thu | Morning | Holymass @ SMMS<br>Consultors Meeting<br>Presbyteral Council Meeting |
| | | Afternoon | Bible Convention @ Palayur |
| 15 | Fri | Morning | Curia Meeting |
| | | Afternoon | Visitors Time |
| | | Evening | Staff Meeting @ MMMS |
| 17 | Sun | Morning | Palayoor Pilgrimage |
| 18-20 | | | Workshop @ PAROC |
| 21 | Thu | Evening | Holymass@ Chettupuzha SABS Convent |
| 22 | Fri | Morning | Curia Meeting |
| | | Afternoon | Visitors Time |
| 25 | Mon | Morning | Sanctification Day |
| 26 | Tue | Morning | Curia Meeting |
| | | Evening | H. Mass @ Pazhayannur |
| 28 | Thu | Morning | Maundy Thursday @ Basilica, Thrissur |
| 29 | Fri | Morning | Good Friday @ Basilica, Thrissur |
| 31 | Sun | Mornig | Easter @ Basilica, Thrissur |



# നാളാഗമം

## ജനുവരി 2024

1. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് കലാസദന്റെ മീഡിയ അവാർഡുകൾ ഡി.ബി.സി.എൽ.സി.യിൽ വച്ച് വിതരണം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്, രാവിലെ വലക്കാവ് ഇടവകയിൽ ബഹുമാനപ്പെട്ട ഡീക്കൻ പൗലോസ് മറ്റത്തിൽ എം. സി. ബി. എസിന് പൗരോഹിത്യം നൽകി. ഉച്ചതിരിഞ്ഞ് ചേരുകുഴി ഇടവകയിൽ ബഹുമാനപ്പെട്ട ഡീക്കൻ ജിബിൻ പുതിയക്കുന്നേൽ എസ്. ഡി. വി.യ്ക്ക് പൗരോഹിത്യം നൽകി.
2. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. എടക്കളത്തൂർ ഇടവകയിൽവെച്ച് ബഹുമാനപ്പെട്ട ഡീ. ഡോണൽ പുലിക്കോട്ടിൽ സി. എം. ഐ. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കൈവെയ്പ്പ് ശുശ്രൂഷവഴി, പൗരോഹിത്യം സ്വീകരിച്ചു. ഉച്ചതിരിഞ്ഞ് അതിരൂപതാതല സെയ്ന്റ്സ് ക്വിസ് വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകൾ ഡിബിസിഎൽസിയിൽവെച്ച് വിതരണം ചെയ്തു.
3. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പെർമനെന്റ് സിനഡിന്റെ ഓൺലൈൻ

മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കുരിയച്ചിറ ഇടവകയിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

4. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ഹോസ്പിറ്റൽ ഡേ ആഘോഷത്തിൽ പങ്കെടുത്തു. സെന്റ് ക്ലെയേഴ്സ് സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിലും പങ്കെടുത്തു. രാവിലെ, ഒല്ലൂർ മേരീമാതാ ഇടവകയിലെ നാലാമത്തെ കുഞ്ഞിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മാമ്മോദീസ നൽകി. അതിനുശേഷം എൽതുരുത്ത് ചമ്മനം ജോർജിന്റെ മൃതദേഹ സംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്തു. ഒളരി, ഹോളി ഫാമിലി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിക്കുകയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് പകർത്തിയെഴുതിയ സമ്പൂർണ്ണ ബൈബിളിന്റെ പ്രതിഷ്ഠയും നടത്തി.

5. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ചേറൂർ ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ മാർട്ടിൻ ഒലക്കേങ്കൽ O.S.B. Cam. ന് പൗരോഹിത്യം നല്കി. അമ്മാടം സെന്റ് ആന്റണീസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ രജത ജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുതുശ്ശേരി ഇടവകയിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അതിനുശേഷം, പള്ളിക്കുന്ന്, സി. ജെ. എം. എ സ്കൂളിന്റെ വാർഷികാഘോഷത്തിലും റിട്ടയർമെന്റ് യോഗത്തിലും പങ്കെടുത്തു. വൈകുന്നേരം മച്ചാട് ഇടവക ദൈവാലയത്തിൽ തിരുന്നാൾ കൊടിയേറ്റം നടത്തി.

6. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ചിയ്യാരം വിജയമാത ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ഡീക്കൻ ടോണി എടത്തുരുത്തിക്കാരൻ ഒ.എഫ്.എം. കപ്പൂച്ചിന് പൗരോഹിത്യം നല്കി. രാവിലെ സെന്റ് തോമസ് സ്കൂളിൽ റിട്ടയർമെന്റ് യോഗത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു. തുടർന്ന് സെന്റ് തോമസ് കോളേജിൽ നടത്തിയ റിസർച്ച് സ്കോളേഴ്സ് നാഷണൽ കോൺഫറൻസ് മീറ്റിലും പങ്കെടുത്തു. ഉച്ചതിരിഞ്ഞ് അരണാട്ടുകര ഇടവകയിൽ തിരുന്നാൾ കൊടിയേറ്റം നടത്തി.

7. കൂർക്കഞ്ചേരിയിൽ സി. ബ്ലേസ് സി.എസ്.സി.യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്കു അഭിവന്ദ്യ ആൻഡ്രൂസ്പിതാവ് കാർമ്മികത്വം വഹിച്ചു. കത്തോലിക്ക കോൺഗ്രസ്സിന്റെ വാർഷിക ജനറൽ ബോഡി മീറ്റീങിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു. വൈകുന്നേരം നന്തിപുലം ഇടവകയിൽ

വി. കുർബാനയർപ്പിച്ചു.

8–13.സീറോ മലബാർ സിനഡിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു.

10. മാർ റാഫേൽ തട്ടിൽ പിതാവ് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടു.

14. ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിൽ വച്ചു നടന്ന എഫ്. സി.സി. തൃശ്ശൂർ പ്രൊവിൻസിന്റെ സുവർണ ജൂബിലി സമ്മേളനത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. സീറോ മലബാർ സഭാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് പുത്തൻപള്ളിയിൽ വച്ചു തൃശ്ശൂർ അതിരൂപത നല്കിയ സ്വീകരണത്തിലും, ദിവ്യബ ലിയിലും, തുടർന്നു നടന്ന അനുമോദന യോഗത്തിലും അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയോടുകൂടെ പഴയന്നൂർ ഇടവകയുടെ റൂബി ജൂബിലി ഉദ്ഘാടനം ചെയ്യുകയും പുതിയ ദൈവാലയം നിർമ്മിച്ചതിന്റെ പത്താം വാർഷികത്തോട് അനുബന്ധിച്ച് ഫാ. ജെയ്സൺ തെക്കുംപുറത്തിന് ആദരം നല്കുകയും ചെയ്തു.

15. ഒല്ലൂർ ഫാത്തിമ മഠത്തിൽ സി. ചൈതന്യ സി.എം.സി.യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്കു അഭിവന്ദ്യ ആൻഡ്രൂസ്പിതാവ് കാർമ്മികത്വം വഹിച്ചു. നവവൈദികർക്കുള്ള പരിശീലന പരി പാടി ഡി.ബി.സി.എൽ.സി.യിൽ വച്ച് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. ഉച്ചത്തിരിഞ്ഞ് പടവരാട് ആശാഭവനത്തിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

16. അതിരൂപതാ മന്ദിരത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ന വവൈദികരോടൊപ്പം ദിവ്യബലിയർപ്പിച്ചു. രാവിലെ ആലോചനാ സമിതി യോഗത്തിൽ സംബന്ധിച്ചു.സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ വൈലത്തൂരിൽ നിർദ്ധനർക്കായ് നിർമ്മിച്ചു നൽകുന്ന ഒമ്പതു വീടുകളുടെ ആശീർവാദം നിർവഹിച്ചു. വൈകീട്ട് പറപ്പൂർ എൽ. പി., എച്ച്. എസ്. സ്കൂളുകളുടെ വാർഷികാഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചത്തിരിഞ്ഞ് നെല്ലിക്കുന്ന് സെന്റ് സെ ബാസ്ററ്യൻ സ്കൂളിന്റെ വാർഷികാഘോഷത്തിലും റിട്ടയർമെന്റ്യോഗത്തിലും പങ്കെടുത്തു. അതിനുശേഷം പിതാവ് മുണ്ടൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

17. പഴുവിൽ സെന്റ് ആന്റണീസ് ഹൈസ്കൂളിന്റെ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനം അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നവവൈദീകരുടെ പരിശീലന പ്രോഗ്രാമിൽ പങ്കെടുക്കുകയും ഡി ബി സി എൽ സിയിൽ വി. കുർബാനയർപ്പിക്കുകയും ചെയ്തു.

18. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് വടക്കാഞ്ചേരി ഫൊറോന ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ദൈവാലയത്തിന്റെ പുതുക്കിയ മുഖവാരം ആശീർവദിക്കുകയും ചെയ്തു. കണ്ടശ്ശാംകടവ് എസ്.എച്ച്. ഓഫ് മേരീസ് സി.ജി.എച്ച്.എസ്. സ്കൂളിന്റെ ശതാബ്ദിയാഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പട്ടിക്കാട് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അതിരൂപത ഫാമിലി അപ്പസ്റ്റോലേറ്റ് ഹാളിൽവെച്ച് അഭിവന്ദ്യ പിതാവ് കെ. സി. എസ്. എൽ. അതിരൂപതാ വാർഷികത്തിൽ പങ്കെടുക്കുകയും, ബൈബിൾ കലോത്സവ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

19. സാന്ത്വനം പൊന്നൂക്കരയിൽ നിർമ്മിച്ചുനൽകിയ ഭവനം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വെഞ്ചിരിച്ചു. ഉച്ചതിരിഞ്ഞ് മേരീമാതാ സെമിനാരിയിലെ എല്ലാ സെമിനാരിക്കാരേയും ബാച്ചുകളായി കണ്ടു സംസാരിച്ചു.

20. കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സി.എം.സി. തൃശ്ശൂർ പ്രൊവിൻസിന്റെ സുവർണ ജൂബിലിയോട നുബന്ധിച്ചുള്ള ദിവ്യബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. കോട്ടപ്പുറം കത്തീഡ്രൽ ദൈവാലയത്തിൽ വച്ചു നടന്ന മോൺ. അംബ്രോസ് പുത്തൻവീട്ടിലിന്റെ മെത്രാഭിഷേക കർമ്മത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

21. നെല്ലങ്കരയിൽ ഡി.ഡി.പി. (Daughters of Divine Providence) കോൺഗ്രിഗേഷന്റെ പുതിയ മഠം അഭിവന്ദ്യ ആൻഡ്രൂസ്പിതാവ് ആശീർവദിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വെട്ടുക്കാട് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

22. മണ്ണുത്തിയിൽ സി. സിസിലി ക്ലൗഡിയ സി.എസ്.എസ്.ന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്കു അഭിവന്ദ്യ ആൻഡ്രൂസ്പിതാവ് കാർമ്മികത്വം വഹിച്ചു.

23. രാവിലെ അഭിവന്ദ്യ പിതാക്കന്മാർ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അമ്മാടം ഇടവകയിൽ നാലാമത്തെ

കുഞ്ഞിന് മാമ്മോദീസ നൽകി. വൈകുന്നേരം മുക്കാട്ടുക്കര സെന്റ് ജോർജ്ജ് എൽ. പി. സ്കുളിന്റെ വാർഷികാഘോഷത്തിലും റിട്ടയർമെന്റ് മീറ്റിങ്ങിലും പങ്കുചേർന്നു. അതിനുശേഷം മാടക്കത്തറയിലെ എഫ് എസ് എസ് ഇ കോൺവെന്റ് വെഞ്ചിരിച്ചു.

24. അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിനു മേരിമാത മേജർ സെമിനാരിയിൽ വച്ചു നല്കിയ സ്വീകരണത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തിരൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. വൈകുന്നേരം സെന്റ് റാഫേൽ സ്കൂളിൽ വാർഷികാഘോഷത്തിലും റിട്ടയർമെന്റ് യോഗത്തിലും പങ്കെടുത്തു.

25. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് മണലൂർ കിഴക്കേ പള്ളിയിൽ ദിവ്യബലിയർപ്പിക്കുകയും, ഇടവക നിർദ്ധനർക്കായി നിർമ്മിച്ചു നൽകുന്ന മൂന്നു വീടുകളുടെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചെങ്ങാലൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. മണ്ണുത്തി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് സമരിറ്റൻ സിസ്റ്റേഴ്സിന്റെ സഭാവസ്ത്ര സ്വീകരണം നടത്തി.

26. ഡി.ബി.സി.എൽ.സി.യിൽ വച്ച് അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് വിശ്വാസപരിശീലന സർവീസ് അവാർഡുകൾ വിതരണം ചെയ്തു.

27. ഏറ്റവും മികച്ച NGO യ്ക്കുള്ള സംസ്ഥാന അവാർഡ് നേടിയ പോപ് പോൾ മേഴ്സി ഹോമിന് തൃശ്ശൂർ പൗരാവലി മുണ്ടശ്ശേരി ഹാളിൽ വച്ചു നല്കിയ സ്വീകരണത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

    വരടിയം ഇടവകയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു. സമർപ്പിത സമൂഹത്തിൽ നിന്നും അസി. വികാരിമാരായി തൃശ്ശൂർ അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർക്ക് അതിരൂപതാ കാര്യാലയത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ സാന്നിധ്യത്തിൽ സ്വീകരണം നല്കി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഏനമ്മാവ് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. ഉച്ചത്തിരിഞ്ഞ് വലക്കാവ് ഇടവകയിൽ സുവർണ്ണജൂബിലി ഉദ്ഘാടനം ചെയ്തു.

28. അഭിവന്ദ്യ ആൻഡ്രൂസ്പിതാവ് ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ അതിരൂപതാതലത്തിൽ നടത്തിയ

മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ ഡി.ബി.സി.എൽ. സി.യിൽ വച്ചു വിതരണം ചെയ്തു. കെ.സി.വൈ.എമ്മിന്റെ സംസ്ഥാനതല യുവജനദിനാഘോഷത്തിന്റെ ലോഗോ അതിരൂപ താ മന്ദിരത്തിൽ വച്ച് പ്രകാശനം ചെയ്തു. കല്ലൂർ പടിഞ്ഞാറേ പള്ളിയുടെ 150-ാം വാർഷികാഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചിൽഡ്രൻസ് മിനിസ്ട്രിയുടെ അതിരൂപ താതല മത്സരവിജയികൾക്ക് ഡി. ബി. സി. എൽ. സിയിൽ വെച്ച് സമ്മാനദാനം നിർവ്വഹിച്ചു.

29. രാവിലെ ഡി.ബി.സി.എൽ.സി.യിൽ വച്ച് അഭിവന്ദ്യ പിതാക്കന്മാർ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. തൃശ്ശൂർ അതിരൂപത വൈദികരുടെ പൊതു സ്ഥലംമാറ്റം അറിയിക്കുകയും ചെയ്തു.


30. സി.ബി.സി.ഐ.യുടെ പ്ലീനറി സമ്മേളനത്തിൽ പങ്കെടുക്കാനായി അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ബാംഗ്ലൂരിലേക്കു പോയി.

ജറുസലെമിലേക്കു
രാജകീയ പ്രവേശനം

**ആരെങ്കിലും നിങ്ങളോട് എന്തെങ്കിലുംചോദിച്ചാൽ, കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ടെന്നു പറയുക, അവൻ ഉടനെ തന്നെ അവയെ വിട്ടുതരും.**

**(മത്താ 21, 3)**

## 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




ഫെബ്രുവരി മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 10.02.2024 – ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ലാസലെറ്റ് സന്യാസസമൂഹത്തിലെ ബഹു. ലിതിൻ പാലയ്ക്കൽ അച്ചനാണ് തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത്. മാളവന, മടത്തുംപടി, പുത്തൻവേലിക്കര എന്നിവിടങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് ആരാധനയ്ക്ക് നേതൃത്വം നല്കുകയുണ്ടായി. ഈ മൂന്ന് സ്ഥലങ്ങളിൽനിന്നുമുള്ള വിശ്വാസി സമൂഹത്തിന്റെ സജീവസാന്നിധ്യം ആദ്യന്തം തിരുക്കർമ്മങ്ങളിലുണ്ടാവുകയും ചെയ്തു. എടക്കുളത്ത് നിന്നുള്ള ഊക്കൻ സെബാസ്റ്റ്യൻ & ഫാമിലിയാണ് ഈ മാസത്തെ രണ്ടാം ശനിയാചരണം ഏറ്റെടുത്ത് നടത്തിയത്. ബഹു. ലിതിൻ പാലയ്ക്കലച്ചന്റെ സന്ദേശത്തിലെ പ്രസ്തുതഭാഗങ്ങൾ :

ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ വിശുദ്ധി നിറഞ്ഞ ജീവിതത്തിന്റെ ഓർമ്മകളുമായാണ് ഇന്ന് നാം ഇവിടെ ആയിരിക്കുന്നത്. തിരുവചനത്തെ സ്നേഹിച്ച ജോണച്ചനെകുറിച്ച് നമുക്ക് ധ്യാനിക്കുവാൻ പരിശ്രമിക്കാം. ദൈവവചനത്തെ സ്നേഹിച്ച്, ദൈവവചനത്തെ കണ്ടെത്തി, ദൈവവചനമായിത്തീർന്ന്, മറ്റുള്ളവർക്കും വചനസ്നേഹാനുഭവം സ്വന്തമാക്കിയെടുക്കാൻ പരിശ്രമിക്കുകയും സഹായിക്കുകയും ചെയ്ത ശ്രേഷ്ഠ വൈദികനാണദ്ദേഹം. വി.യോഹന്നാൻ 1:1 ഇപ്രകാരം പറയുന്നു: ''ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു.'' ഈ വചനം തന്നെയാണ് പിന്നീട് 33 കൊല്ലം മനുഷ്യരൂപത്തിൽ ഈ ഭൂമിയിൽ ജീവിച്ച് തുടർന്ന് മരിച്ച്, പിന്നീട് ഇന്നും ജീവിക്കുന്നത്. ദൈവത്തിന്റെ ഈ വചനം ഭൂമിയുടെ രക്ഷകനായി, സൗഖ്യമായി, വഴിയായി, ഗുരുവായി.

ഈ സത്യം തിരിച്ചറിഞ്ഞ നാൾ മുതൽ ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനും തിരുവചനത്തിന്റെ പ്രഘോഷകനായി മാറി. തിരിച്ചറിഞ്ഞ ഈ വചനത്തിന് അദ്ദേഹവും രൂപഭാവങ്ങൾ നല്കുകയുണ്ടായി. അതുവഴി ഈ പുണ്യവൈദികൻ അപരന്റെ വേദന അറിഞ്ഞു.അപരർക്ക് താങ്ങും തണലുമായി, കാഴ്ചയും കേൾവിയുമായി, ഭക്ഷണവും പാനീയവുമായി......സമഗ്രവിമോചകനുമായി. നമ്മുടെയൊക്കെ സമൂഹജീവിതത്തിൽ, കുടുംബജീവിതത്തിൽ, പ്രവർത്തനമേഖലകളിൽ എല്ലാം വചനമായ ഈശോയെ അനുദിനം കണ്ടെത്താനും, പകർന്നുകൊടുക്കാനും സാധിക്കണം. ജീവിക്കുന്ന വചനത്തെ വെളിപ്പെടുത്തികൊടുക്കുന്ന ചാലകങ്ങളായി മാറുവാൻ കഴിയണം. ജോണച്ചൻ ചെയ്തത് ഇതു തന്നെയാണല്ലോ. നമുക്കും അച്ചന്റെ ജീവിതമാതൃക ഉൾക്കൊണ്ട്, വചനത്തെ മുറുകെ പിടിച്ച് ജീവിതവിശുദ്ധിയിലേക്ക് നടന്നു നീങ്ങുവാൻ പരിശ്രമിക്കാം. ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാധ്യസ്ഥ്യം തേടാം.

ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക വികാരി ബഹു. ഫാ. തോമസ് ചൂണ്ടൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



വി. കുർബാനയുടെ തീവ്ര ഭക്തനായിരുന്നു അന്തോണിയച്ചൻ. അച്ചന്റെ ഡയറിക്കുറിപ്പുകളിൽ ജസ്യൂട്ട് വൈദികനായ ഫാ. ജോസഫ് പുട്ട്സ് (Putz) രചിച്ച 'എന്റെ കുർബാന' എന്ന ഗ്രന്ഥത്തിന്റെ സംഗ്രഹം കാണുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഇന്ത്യയിൽ നിന്നുള്ള ദൈവശാസ്ത്ര വിദഗ്ദനായിരുന്നു ലക്സൻബുർഗിൽ നിന്നുള്ള ഫാ. പുട്ട്സ്. My Mass എന്ന ഗ്രന്ഥത്തിന്റെ സംഗ്രഹം അച്ചൻ തന്റെ മതബോധനത്തിൽ ഉപയോഗിച്ചിരുന്നു.

ജനങ്ങളെ വി. കുർബാനയിലേക്കു കൊണ്ടുവരിക എന്നതാണ് ലോകത്തിൽ കത്തോലിക്കാസഭയുടെ ദൗത്യമെന്ന് സംക്ഷിപ്തമായി വിവരിക്കാം. വി. കുർബാനയിൽ ബോധപൂർവ്വമായ പങ്കുവഹിക്കുന്നവനെന്ന് ഒരു കത്തോലിക്കാ വിശ്വാസിയെ

വിശേഷിപ്പിക്കാം. വിശ്വാസത്തിന്റെ സാരസംഗ്രഹം വിശ്വാസി ഇവിടെ കണ്ടെത്തി ഉൾക്കൊള്ളുന്നു. കാരണം ക്രിസ്തീയ പ്രബോധനത്തിന്റെ ജീവിക്കുന്ന സംഗ്രഹമാണ് വി. കുർബാന. ഒരു ജീവിത സിദ്ധാന്തം എന്നതിനേക്കാൾ ഒരു യാഥാർഥ്യത്തിന്റെ പ്രകാശനമാണ് ക്രൈസ്തവപ്രബോധനങ്ങൾ. ഇത് ഒരു ചിന്താധാരയല്ല, വിജയകരമായ ദിശാസൂചിയാണ്. ക്രിസ്തുവിന്റെ ബലിയും വിശുദ്ധീകരിക്കുന്ന (പരിശുദ്ധാത്മ) ശക്തിയും വഴി ദൈവവും മനുഷ്യകുലവുമായുള്ള ബന്ധത്തെയാണ് അത് പ്രഖ്യാപിക്കുന്നത്.

അങ്ങനെ ക്രിസ്തീയ ജീവിതത്തിന്റെ പഠനകേന്ദ്രവും ഉറവിടവുമായി വി. കുർബാന മാറുന്നു. പ്രയോഗക്ഷമമാക്കാനാകുംവിധം ജീവിച്ചുകൊണ്ട് വിശ്വാസം എന്താണ് എന്ന് ഇവിടെ നാം പഠിക്കുന്നു. സ്വയം കേന്ദ്രീകൃതമായ ഒരു ഇടപാടോ, ഹൃദയപ്രേരിതമായ എന്തെങ്കിലുമോ അല്ലിത്. അനന്തദൈവത്തെ അറിയുകയും ആരാധിക്കുകയും അവിടുത്തെ മുമ്പിൽ സ്വയം സമർപ്പിക്കലുമാണ് വി. കുർബാന. ഭാവനാപൂർണ്ണമായ അതിഭാവുകത്വമല്ല, ക്രിസ്തുവിന്റെ മൗതികശരീരത്തിലെ സജീവ ഭാഗഭാഗിത്വമാണ് വി. കുർബാന. ആദ്ധ്യാത്മികമായ അർത്ഥം മാറിപ്പോകാതെ വി. കുർബാനയുടെ അരൂപി അതിനെ കാത്തുസൂക്ഷിക്കുന്നു. മനസ്സിന്റെയും ഹൃദയത്തിന്റെയും അത്ഭുതകരമായ ബോധനമാണ് വി.കുർബാനയിലെ ഭാഗഭാഗിത്വം വഴി ലഭിക്കുക. തീർച്ചയായും കുർബാന എന്നത് ഒരു വിദ്യാലയത്തേക്കാൾ വലുതാണ്. ജീവന്റെയും വിശുദ്ധിയുടെയും അപ്പസ്തോലികാധികാരത്തിന്റെയും ദൈവിക ഉറവിടവുമായി അതു നമ്മെ ബന്ധപ്പെടുത്തുന്നു. അത് നമ്മുടെ ഏറ്റം വലിയ നിധിയാണ്. അതിനാൽ കത്തോലിക്കാജീവിതത്തിന്റെ ശരിയായ കേന്ദ്രവുമാണ്. ഒരു രാജ്യത്തിന്റെയോ വ്യക്തിയുടെയോ ജീവിതത്തിൽ നിന്ന് അത് അപ്രത്യക്ഷമായാൽ യാഥാർത്ഥ ക്രിസ്തീയാരൂപി പെട്ടെന്ന് ക്ഷയിക്കും.

വി. കുർബാന ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന ശിലയാണെന്ന് അന്തോണിയച്ചൻ ഈ വാക്കുകളിൽ വ്യക്തമാക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന് സഹായകമായി വർത്തിച്ച 'ലിറ്റർജിക്കൽ മൂവ്മെന്റ്' അച്ചൻ ശ്രദ്ധാപൂർവ്വം പിഞ്ചെന്നിരുന്നു എന്നതിന് തെളിവും കൂടിയാണ് അച്ചന്റെ കുറിപ്പുകളിലെ ഈ ഭാഗം.

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

**1. തെരട്ട് സമർപ്പിക്കൽ**

ഇടവകകൾ/സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ എന്നിവയുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയപരിധി കഴിഞ്ഞിരിക്കുകയാണ്. ഈ പ്രത്യക സാഹചര്യത്തിൽ ഇനിയും തെരട്ട് സമർപ്പിക്കാത്ത ഇടവകകൾ/സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ ഉണ്ടെങ്കിൽ മാർച്ച് 31 ന് മുൻപ് അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു.

**2. കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടേയും യോഗം**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടേയും (നടത്തുകൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്ത യോഗം 2024 മാർച്ച് 02 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.00 ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, GST എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ.

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. സാജൻ വടക്കൻ**
അസി. ഫിനാൻസ് ഓഫീസർ

# വൈദികർ




| | |
|---|---|
| ഫാ. ഷിന്റോ പാറയിൽ | 01 |
| ഫാ. ജെയിംസ് വടക്കൂട്ട് | 01 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 02 |
| ഫാ. മേജോ മങ്ങാട്ടിലയൻ | 02 |
| ഫാ. ഷാജൻ ചീരമ്പൻ | 03 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. ഡേവിസ് പനംകുളം | 03 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 05 |
| ഫാ. സെബി വെളിയൻ | 05 |
| ഫാ. റോയ് മൂക്കൻ | 06 |
| ഫാ. ടിജോ മുള്ളക്കര | 07 |
| ഫാ. ബിനു പറോക്കാരൻ | 07 |
| ഫാ. ഡെന്നി താണിക്കൽ | 07 |
| ഫാ. റാഫി തട്ടിൽ | 07 |
| ഫാ. ഡേവിസ് ചെറയത്ത് | 08 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 08 |
| ഫാ. പോൾ പയ്യപ്പിള്ളി | 09 |
| ഫാ. സിജോ അരിക്കാട്ട് | 10 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 10 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 13 |
| ഫാ. ഡെന്നിസ് മാറോക്കി | 13 |
| ഫാ. ഫിജോ ആലപ്പാടൻ | 14 |
| ഫാ. ജോബി ചുള്ളിക്കാടൻ | 14 |
| ഫാ. തോമസ് വേലൂക്കാരൻ | 15 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 18 |
| ഫാ. ജിൻസൻ മുക്കടയിൽ | 18 |
| ഫാ. ജോസഫ് അറാശ്ശേരി | 20 |
| ഫാ. പോൾ മുട്ടത്ത് | 21 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Jr. | 21 |
| ഫാ. പ്രകാശ് പുത്തൂർ | 21 |
| ഫാ. ഡൊമിനി ചാഴൂർ | 23 |
| ഫാ. ആൽബിൻ ചൂണ്ടൽ | 23 |
| ഫാ. ലിയോ പുത്തൂർ | 23 |
| ഫാ. ഡൊമിനിക് തലക്കോടൻ | 23 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 23 |
| ഫാ. ബിൽജു വാഴപ്പിള്ളി | 23 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 24 |
| ഫാ. മിഥുൻ വടക്കേത്തല | 24 |
| ഫാ. സാജൻ പിണ്ടിയാൻ | 26 |
| ഫാ. ഫ്രാൻസിസ് തരകൻ | 27 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 28 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 29 |
| ഫാ. ജോസ് കോനിക്കര Snr. | 29 |
| ഫാ. ബെൻവിൻ തട്ടിൽ | 29 |
| ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി | 29 |
| ഫാ. പോൾ പിണ്ടിയാൻ | 30 |

## നാമഹേതുക തിരുനാൾ
## FEAST DAY

| | |
|---|---|
| ഫാ. ജോസ് ഐനിക്കൽ | 19 |
| ഫാ. നിർമ്മൽ അക്കരപ്പട്ട്യേക്കൽ | 19 |
| ഫാ. ബിജു ആലപ്പാട്ട് | 19 |
| ഫാ. ബിജു ജോസഫ് ആലപ്പാട്ട് | 19 |
| ഫാ. ജിയോ  ആലപ്പാട്ട് | 19 |
| ഫാ. ജോഷി ആളൂർ | 19 |
| ഫാ. നോബി അമ്പൂക്കൻ | 19 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 19 |
| ഫാ. സന്തോഷ് അന്തിക്കാട്ട് | 19 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 19 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. ജോസഫ് അറാശ്ശേരി | 19 |
| ഫാ. ടോണി അരിമ്പൂർ | 19 |
| ഫാ. ജെറിൻ അരിമ്പൂർ | 19 |
| ഫാ. ജോസ് ചാലക്കൽ | 19 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 19 |
| ഫാ. ഷാജൻ ചീരമ്പൻ | 19 |
| ഫാ. ജിയോ ചെറടായി | 19 |
| ഫാ. സിജോ ചെറുവത്തൂർ | 19 |
| ഫാ. ജോളി ചിറമ്മൽ | 19 |
| ഫാ. ഫെബിൻ ചിറയത്ത് | 19 |
| ഫാ. ജോഫി ചിറയത്ത് | 19 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 19 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 19 |
| ഫാ. ആൽബിൻ ചൂണ്ടൽ | 19 |
| ഫാ. ലിവിൻ ചൂണ്ടൽ | 19 |
| ഫാ. ജോബി ചുള്ളിക്കാടൻ | 19 |
| ഫാ. ഗോഡ്വിൻ എടക്കളത്തൂർ | 19 |
| ഫാ. ജോസ് എടക്കളത്തൂർ | 19 |
| ഫാ. ജിമ്മി എടക്കുളത്തൂർ | 19 |
| ഫാ. ജോബി കടപ്പൂരാൻ | 19 |
| ഫാ. ജിയോ കടവി | 19 |
| ഫാ. പ്രതീഷ് കല്ലറക്കൽ | 19 |
| ഫാ. സിന്റോ കരേപറമ്പൻ | 19 |
| ഫാ. ജോസ് കോനിക്കര ഖ്യ. | 19 |
| ഫാ. ജോസ് കോനിക്കര ട്യ. | 19 |
| ഫാ. ഡിറ്റോ കൂള | 19 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 19 |
| ഫാ. ജോയ് കൂത്തൂർ | 19 |
| ഫാ. ജിജോ മാളിയേക്കൽ | 19 |
| ഫാ. സനൽ മാളിയേക്കൽ | 19 |
| ഫാ. ജെയ്സൻ മാറോക്കി | 19 |
| ഫാ. അലക്സ് മരോട്ടിക്കൽ | 19 |
| ഫാ. റോയ് മൂക്കൻ | 19 |
| ഫാ. ഗ്രിജോ  മുരിങ്ങാത്തേരി | 19 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 19 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 19 |
| ഫാ. പ്രിൻസ് നായങ്കര | 19 |
| ഫാ. അനീഷ് നെല്ലിക്കൽ | 19 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 19 |
| ഫാ. ഡെബിൻ ഒലക്കേങ്കിൽ | 19 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 19 |
| ഫാ. അഭിജിത്ത് പടിഞ്ഞാക്കര | 19 |
| ഫാ. ജോജു പനക്കൽ | 19 |
| ഫാ. ജിജോ പിടിയത്ത് | 19 |
| ഫാ. നിതിൻ പൊന്നാരി | 19 |
| ഫാ. ബിജോയ് പൊൻപറമ്പിൽ | 19 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 19 |
| ഫാ. സിന്റോ പൊറത്തൂർ | 19 |

| | |
|---|---|
| ഫാ. ഡൈജോ പൊറുത്തൂർ | 19 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 19 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 19 |
| ഫാ. പ്രകാശ് പുത്തൂർ | 19 |
| ഫാ. റിജോയ് തൈവളപ്പിൽ | 19 |
| ഫാ. നിബിൻ തളിയത്ത് | 19 |
| ഫാ. ബെൻവിൻ തട്ടിൽ | 19 |
| ഫാ. ജിക്സൻ താഴത്ത് | 19 |
| ഫാ. ജോസ് തെക്കേക്കര | 19 |
| ഫാ. ജിയോ തെക്കിനിയത്ത് | 19 |
| ഫാ. ജോബ് വടക്കൻ | 19 |
| ഫാ. റോയ് വടക്കൻ | 19 |
| ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ | 19 |
| ഫാ. ജോസ് വള്ളൂരാൻ | 19 |
| ഫാ. ജോസ് വട്ടക്കുഴി | 19 |
| ഫാ. റിജോ  വിതയത്തിൽ | 19 |




| | |
|---|---|
| ഫാ. പാറക്കൽ തോമസ് | 30.03.1891 |
| ഫാ. ചെറയത്ത് ഔസേപ്പ് | 14.03.1891 |
| ഫാ. വിതയത്തിൽ ഔസേപ്പ് | 16.03.1893 |
| ഫാ. കണ്ണമ്പുഴ ആന്റണി | 03.03.1895 |
| ഫാ. ഇമ്മട്ടി ഔസേപ്പ് | 17.03.1935 |
| ഫാ. വളപ്പില എസ്തപ്പാനോസ് | 22.03.1942 |
| ഫാ. കൊള്ളന്നൂർ ജേക്കബ് | 01.03.1947 |
| ഫാ. ആട്ടോക്കാരൻ തോമസ് | 23.03.1947 |
| ഫാ. പാലയൂർ ആന്റണി | 14.03.1950 |
| ഫാ. നീലങ്കാവിൽ ഫ്രാൻസിസ് | 27.03.1951 |
| ഫാ. അമ്പൂക്കൻ പോൾ സീനിയർ | 31.03.1952 |
| ഫാ. ചിറ്റിലപ്പിള്ളി ലൂവീസ് | 22.03.1956 |
| ഫാ. ചിറ്റിലപ്പിള്ളി ജോസഫ് | 30.03.1959 |
| ഫാ. കരിപ്പേരി ജോൺ | 16.03.1962 |
| ഫാ. അക്കര ജോർജ്ജ് ജൂനിയർ | 10.03.1962 |
| ഫാ. പുതുശ്ശേരി ജോർജ്ജ് | 06.03.1965 |
| ഫാ. തച്ചിൽ ജോൺ | 09.03.1968 |
| ഫാ. പറമ്പിൽ പോൾ | 02.03.1970 |
| മോൺ. ചെറയത്ത് സെബാസ്റ്റ്യൻ | 01.03.1979 |
| ഫാ. ചിറ്റിലപ്പിള്ളി പോൾ എൽ. | 12.03.1981 |
| ഫാ. കാരത്ര സെബാസ്റ്റ്യൻ | 19.03.1986 |
| ഫാ. മഞ്ഞളി ജോസഫ് എൽ. | 20.03.1990 |
| ഫാ. മാളിയമ്മാവ് റാഫേൽ | 17.03.1996 |
| ഫാ. വെളിയന്നൂക്കാരൻ ഇഗ്നേഷ്യസ് | 17.03.2003 |
| ഫാ. തേർമഠം ഫ്രാൻസിസ് | 17.03.2006 |
| ഫാ. ജോർജ്ജ് പൊറത്തൂർ | 26.02.2013 |
| ഫാ. വടക്കേത്തല ജോസഫ് | 10.03.2020 |
| ഫാ. ചെമ്മണ്ണൂർ ജോൺ | 15.03.2020 |
| ഫാ. പാറേക്കാട്ട് ജോണി ആന്റണി | 13.03.2021 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

### CRI പൊതു സമ്മേളന റിപ്പോർട്ട്

2024 ജനുവരി 13നു സമരിറ്റൻ സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് പ്രസിഡന്റ് സിസ്റ്റർ സോഫി പേരെപ്പാടൻ സ്വാഗതമരുളി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപത മതബോധന ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈസ് പ്രസിഡന്റ് ബ്രദർ ജോസ് ചുങ്കത്ത് MMB ഏവർക്കും നന്ദി പറഞ്ഞു. അതിരൂപത സംഘടിപ്പിച്ച ദിവ്യകാരുണ്യ കോൺഗ്രസിന്റെ ഒരു തുടർച്ചയായിട്ടാണ് CRI ഒരു ഏകദിന പരിപാടി സംഘടിപ്പിച്ചത്. തുടർന്ന് 10.00 am to 11.00 മാ വരെ ഫാ. ബിജു ആലപ്പാട്ടിന്റെ ക്ലാസ്സ് ആയിരുന്നു. 'Holy Eucharist : a Mystery to celebrate' എന്നതായിരുന്നു വിഷയം. ശേഷം അടുത്ത ഒരു മണിക്കൂർ Sr. Dr. Mercitta SABS ന്റെ ക്ലാസ്സ് ആയിരുന്നു. "Holy Eucharist The Magnetic Power of Religious Life' എന്നതായിരുന്നു വിഷയം. ഉച്ചഭക്ഷണത്തിന് ശേഷം ബ്രദർ സന്തോഷ് കരുമത്ര നയിച്ച ആരാധനയുടെ മണിക്കൂറായിരുന്നു. വളരെ സജ്ജീവമായും തീക്ഷണതയോടെയും 4 മണി വരെ ദിവ്യകാരുണ്യ സന്നിധിയിൽ എല്ലാവരും പ്രാർത്ഥിച്ചു.

**1. എസ്.എ.ബി.എസ്**

പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിതമായിരിക്കുന്ന തൃശൂർ പ്രോവിൻസിന്റെ പ്രോവിൻസ് ഡേ സൗകര്യാർത്ഥം ഡിസംബർ 2 ന് ആഘോഷിച്ചു. പ്രോവിൻസിലെ 160 സഹോദരിമാരുടേയും പേര് എഴുതിയ ലോക്കറ്റ് ഉള്ള മാല ബഹു. മദർ മാതാവിന്റെ തിരുസ്വരൂപത്തിൽ ചാർത്തി പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിന് എല്ലാവരേയും സമർപ്പിച്ചു. ഫൗണ്ടേഴ്സ് ഡേ ഡിസംബർ 8 ന് സാഘോഷം കൊണ്ടാടി. അന്നേ ദിനം സഭാംഗങ്ങൾ എല്ലാവരും വ്രതം നവീകരിച്ചു. കേരളസഭാ നവീകരണത്തോടനുബന്ധിച്ച് തൃശൂർ അതിരൂപത സംഘടിപ്പിച്ച കൃതജ്ഞതാ ബലി, ദിവ്യകാരുണ്യ സെമിനാർ, ദിവ്യകാരുണ്യപ്രദക്ഷിണം എന്നീ പരിപാടികളിൽ ബ. പ്രൊവിൻഷ്യാളമ്മയും ടീമംഗങ്ങളും 49 സിസ്റ്റേഴ്സും പങ്കെടുത്തു. പാലയൂരിലെ സെന്റ് തോമസ് ഭവനസമൂഹത്തിൽ ഡിസംബർ

18 മുതൽ 20 വരെ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ ഔദ്യോഗികസന്ദർശനം നടത്തി. ഡിസംബർ 23 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ സുപ്പീരിയേഴ്സ് കോൺഫ്രൻസിൽ എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു. ഡിസംബർ 29, 30, 31 തിയതികളിലായി തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ 10, 11, 12, ACC വിദ്യാർത്ഥികൾക്കായി നടത്തിയ ധ്യാനപരിപാടി YOUCHRIST 2023ൽ യുവമനസ്സുകൾക്ക് എസ് എ ബി എസ് സന്യാസിനിസമൂഹത്തിന്റെ സിദ്ധിയെ പരിചയപ്പെടുത്താനുതകുന്ന സ്റ്റോൾ വളരെ മനോഹരമായി സിസ്റ്റേഴ്സ് ഒരുക്കി.

ജനുവരി 5 മുതൽ 7 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് PSAF നടന്നു. ബന്ധപ്പെട്ട സിസ്റ്റേഴ്സ് എല്ലാവരും ഇതിൽ സംബന്ധിച്ചു. സി. ലത പാലത്തിങ്കൽ എസ് എ ബി എസ്-ന്റെ നേതൃത്വത്തിൽ ആസ്പിരൻസിന് 3 ദിവസത്തെ ഫെയ്ത്ത് റ്ട്രീറ്റ് നടത്തി. ബ. പ്രൊവിൻഷ്യാളമ്മ മദർ സോഫി പെരേപ്പാടനും ഏതാനും സിസ്റ്റേഴ്സും വിയ്യൂർ സബ് ജയിൽ സന്ദർശിച്ച് അവിടേയ്ക്ക് ആവശ്യമായ ചില സാധനങ്ങൾ കൈമാറി. സീറോ മലബാർ സഭയുടെ തലവനും പിതാവുമായി തെരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിലും തൃശൂർ അതിരൂപത നൽകിയ സ്വീകരണത്തിലും സി ആർ ഐ പ്രസിഡന്റ് എന്ന നിലയിൽ ബ. പ്രൊവിൻഷ്യാളമ്മ മദർ സോഫി പെരേപ്പാടൻ സംബന്ധിച്ചു. ജനുവരി 13 ന് ഡി ബി സി എൽ സി യിൽ നടന്ന സി ആർ ഐ മീറ്റിംഗിൽ വിവിധ ഭവന സമൂഹത്തിൽ നിന്നുമായി 40 സിസ്റ്റേഴ്സ് സംബന്ധിച്ചു. ധന്യനായ സഭാസ്ഥാപകൻ മാർ തോമസ് കുര്യാളശ്ശേരിയുടെ 151-ാം ചരമവാർഷികത്തോടനുബന്ധിച്ച് വന്ദ്യപിതാവിന്റെ ജന്മസ്ഥലമായ ചമ്പക്കുളത്ത് നടന്ന തിരുക്കർമ്മങ്ങളിൽ സിസ്റ്റേഴ്സിനൊപ്പം ആസ്പിരൻസും പങ്കെടുത്തു. കാരിസംഡേ ആയ ജനുവരി 14 വിവിധ പരിപാടികളോടെ മനോഹരമായി ആഘോഷിച്ചു. ജനുവരി 20 ന് സാഗർ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് അത്തിക്കളം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴിസിനായി (സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സി. വെർജിൻ മേരി പുതുപ്പാറ, സി. റോസ് മേരി വട്ടോലി, രജത ജൂബിലി ആഘോഷിക്കുന്ന സി. ആൽഫീന ചാമക്കാല) വിശുദ്ധ ബലിയി അർപ്പിച്ചു. ജനുവരി 21 ന് സാഗർ രൂപതയുടെ മുൻ ബിഷപ്പ് എമിരറ്റസ് മാർ ആന്റണി ചിറയത്ത് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. ജനുവരി 21 മുതൽ 23 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ പി പി സി മീറ്റിംഗ് നടന്നു. ജനുവരി 26 ന് തൃശൂർ നിർമ്മല മാതാ ഭവനത്തിൽ വച്ച് നടത്തിയ

ജാരഗണപ്രാർത്ഥനയിൽ എല്ലാ ഭവനസമൂഹങ്ങളിൽ നിന്നുമുള്ള സിസ്റ്റേഴ്സ് സംബന്ധിച്ചു. ഈ വർഷം രജത ജൂബിലി ആഘോഷിക്കുന്ന വിവിധ പ്രോവിൻസുകളിൽ നിന്നുമുള്ള സിസ്റ്റേഴ്സ് ജനുവരി 26 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ ഒന്നിച്ചു കൂടി.

**2. സി. എസ്. എസ്.**

ജനുവരി 1 ന് ഉണ്ണീശോയുടെ നാമകരണതിരുനാളിനോടനുബന്ധിച്ച് മണ്ണൂത്തിയിലെ ഇൻഫന്റ് ജീസസ്സ് കോൺവെന്റിന്റെ ഭവന മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിച്ചു. പ്രൊവിൻഷ്യൽ സിനാക്സിസിന്റെ പ്രാരംഭസമ്മേളനം ജനുവരി 10,11,12 തിയ്യതികളിൽ സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടത്തി. റവ. ഫാ. ദേവസ്സ്യ കാനാട്ട് സി എം ഐ ക്ലാസ്സെടുത്തു. ഇമ്മാക്കുലേറ്റ് കൺസപ്ഷൻ നൊവിഷ്യേറ്റ് ഭവനത്തിൽവെച്ച് നോവിസസ്സിനായി നടത്തിയ വാർഷിക ധ്യാനത്തിന് റവ. ഫാ. ജോസ് എടാട്ടുകാരൻ ഒ എഫ് എം ക്യാപ് നേതൃത്വം നൽകി. ജനുവരി 25 ന് മണ്ണൂത്തി സെന്റ് ആന്റണീസ് ഇടവക പള്ളിയിൽ വെച്ച് 8 നോവിസസിന്റെ സഭാവസ്ത്ര സ്വീകരണവും ആദ്യവ്രതവാഗ്ദാനവും നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**3. സി.എം.സി.**

ജനുവരി 2 ന് Project GEMS ഏകദിനക്യാമ്പ് തൃശൂർ സെന്റ് മേരിസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. 15 പ്രോവിൻസുകളിൽ നിന്നായി 120 വിദ്യാർത്ഥികൾ പങ്കെടുത്തു. Exposure Programme ന്റെ ഭാഗമായി ജനുവരി 4 ന് പ്രൈമറി സ്കൂൾ സിസ്റ്റേഴ്സ് സ്റ്റാഫ്- കോടാലി, മറ്റത്തൂർ, രാജഗിരി എന്നീ സ്കൂളുകൾ സന്ദർശിച്ചു. മൂന്ന് ദിവസത്തെ വ്രതങ്ങളെക്കുറിച്ചുള്ള ധ്യാനത്തിനു ശേഷം ദനഹാതിരുനാളിൽ ദിവ്യബലി മദ്ധ്യേ സിസ്റ്റേഴ്സ് വ്രതനവീകരണം നടത്തി. ജനുവരി 6 ദനഹാതിരുനാളിൽ പ്രൊവിൻഷ്യൽ സുപ്പീരിയറിന്റെ സന്ദേശം ഓഡിയോ ക്ലിപ്പ് വഴി പ്രോവിൻസിലെ എല്ലാ മഠങ്ങളിലും നൽകി. വിവിധ സ്കൂളുകളിൽ നിന്നായി 350 വിദ്യാർത്ഥികൾ പങ്കെടുത്ത കാർമൽ ബഡ്സ് സംഗമം കുരിയച്ചിറ സെൻറ് പോൾസ് ഓഡിറ്റോറിയത്തിൽ വെച്ച് ജനുവരി 6 ന് നടത്തി. ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച അതിരൂപതയിലെയും സി.എം. ഐ ദേവമാതാ പ്രോവിൻസിലെയും നവവൈദീകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ഊഷ്മളമായ വരവേൽപ് നൽകി.

ജനുവരി 8 ന് വിശുദ്ധ കൊച്ചുത്രേസ്യായുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ജനറലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ Quiz competition നിൽ ധാരാളം സിസ്റ്റേഴ്സ് സംബന്ധിച്ചു. ജനുവരി

9 മുതൽ 15 വരെ Good Samaritan Retreat, online & offline ആയി നടത്തി. ജനുവരി 13ന് നടന്ന ദിവ്യകാരുണ്യ സെമിനാറിൽ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു. കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വെച്ച് പ്രൊവിൻഷ്യൽ ടീം പുതിയ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന് ആശംസകൾ നേർന്നു. ജനുവരി 18ന് എസ്.എച്ച് ഓഫ് മേരീസ് കണ്ടശാംകടവ് ഹൈസ്കൂളിന്റെ ശതാബ്ദി സമുചിതമായി ആഘോഷിക്കുകയും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്ലിൻ അധ്യക്ഷത വഹിച്ച് സംസാരിക്കുകയും ചെയ്തു.

ജനുവരി 20 ന് തൃശ്ശൂർ നിർമ്മല പ്രോവിൻസിലെ 5 സിസ്റേഴ്സിന്റെ ഗോൾഡൻ ജൂബിലിയും 10 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയും, കുരിയച്ചിറ സെന്റ് പോൾസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് തൃശൂർ അതിരൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സമംഗളം നടന്നു. പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസിലേഴ്സും വിവിധ സ്ക്കൂളുകളിലെ ഫെയർവെൽ പ്രോഗ്രാമുകളിൽ അധ്യക്ഷത വഹിക്കുകയുണ്ടായി. സാവിയോഹോം മനക്കൊടി, ദിവ്യാഭവൻ ചേറൂർ എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്ലിൻ കാനോനിക സന്ദർശനം നടത്തി. "Library & Information Science' ൽ സി. ജോയൽ സി എം സി ഡോക്ടറേറ്റ് നേടി. 26 മുതൽ 28 വരെ സി. ലിസ്യുമരിയ സി എം സി (കോതമംഗലം) നയിച്ച തിരുരക്താഭിഷേകധ്യാനത്തിൽ 42 സിസ്റ്റേഴ്സ് പങ്കെടുത്തു. വി. കൊച്ചുത്രേസ്യായുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് Fr. George Kalladanthiyil CST ക്ലാസ് എടുത്തു. 80 സിസ്റ്റേഴ്സ് ഇതിൽ സംബന്ധിച്ചു. 27 ന് ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ നേഴ്സിങ് സ്ക്കൂളിൽ നടത്തിയ Lamp Lighting Ceremony യിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്ലിൻ അധ്യക്ഷത വഹിച്ചു. ജനുവരി 29 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് Pro.Plenary Meeting കൂടുകയുണ്ടായി.

**4. സി. എസ്. സി.**

മരിയ പ്രവിശ്യയുടെ നേതൃത്വത്തിൽ ചേലക്കരയിലെ ജീവോദയ ഹോസ്പിറ്റലിൽ പുതിയ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. തലശ്ശേരി രൂപതയിലെ മാവുംചാൽ ഇടവകയിൽ ഹോം മിഷൻ നടത്തി.

തൃശ്ശൂർ അതിരൂപതയിലെ നവവൈദീകർക്ക് കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഹൃദ്യമായ സ്വീകരണം നൽകി.

**5. എഫ്.സി.സി.**

ജനുവരി 1–ാം തീയതി പഴുവിൽ സെന്റ് ആന്റണീസ് മിഷൻ ഹോസിറ്റലിൽ നടന്ന ഹോംഡേ ആഘോഷത്തിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു. ഫ്രീ ഡയാലിസ്, മൈക്രോ ബയോളജി ലാബ് എന്നിവയുടെ ഉദ്ഘാടനവും നിർവ്വഹിച്ചു. ജനുവരി 4–ാം തീയതി തൃശൂർ സെന്റ് ക്ലെയേഴ്സ് സി.എൽ.പി.എസിന്റെ ശതാബ്ദിസമാപ നാഘോഷവും സെന്റ് ക്ലെയേഴ്സ് സി.ജി.എച്ച്.എസ്.എസിന്റെ വാർഷികഘോഷവും സംയുക്തമായി ആഘോഷിച്ചു. ജനുവരി 10 മുതൽ 13 വരെ ഈ വർഷം ഗോൾഡൻ ജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സിനായി ഗുരുവായൂർ ചെറുപുഷ്പാശ്രമത്തിൽ വച്ച് റവ. ഫാ. റിന്റോ പുതുശ്ശേരി സി.എം.ഐയുടെ നേതൃത്വത്തിൽ ന ടത്തിയ ഒരുക്കധ്യാനത്തിൽ 9 സിസ്റ്റേഴ്സ് സംബന്ധിച്ചു. ജനുവരി 13–ാം തിയതി തൃശൂർ സി. ആർ.ഐ യൂണിറ്റിന്റെ ജനറൽ ബോഡി മീറ്റിംഗ് ഡി.ബി.സി.എൽ.സി യിൽ വച്ച് രാവിലെ 10 മണി മുതൽ ഉച്ചതിരിഞ്ഞ് 3.30 വരെ നടന്നു. അസ്സീസിപ്രോവിൻസിലെ വിവിധഭവനങ്ങളിൽ നിന്നായി 60 – തോളം സിസ്റ്റേഴ്സ് സംബന്ധിച്ചു. ജനുവരി 14–ാം തീയതി ബ. സിസ്റ്റേഴ്സിന്റെ പ്രോവിൻസ് തലത്തി ലുള്ള സുവർണ്ണജൂബിലി തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മി കത്വത്തിൽ ആഘോഷിച്ചു. ജനുവരി 18 മുതൽ 25 വരെ തൃശൂർ അസ്സീസി, എം. ഐ എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ലിറ്റിൽ മേരി കാനോനിക വിസീത്ത നടത്തി. ജനുവരി 20–ാം തീയതി വെങ്ങിണിശ്ശേരി പി.എച്ച് കോൺവെന്റിൽ വച്ച് നടന്ന ഉപവാസ പ്രാർത്ഥനാസമ്മേളനത്തിൽ ധാരാളം സിസ്റ്റേഴ്സ് സംബ ന്ധിച്ചു. മതാധ്യാപന രംഗത്ത് 25 വർഷം ശുശ്രൂഷ ചെയ്തതി നുള്ള അവാർഡ് സി. ട്രീസ ജെയ്ക്കബ് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്ന് ഏറ്റുവാങ്ങി. ജനുവരി 27ന് നവീകരിച്ച വെണ്ടോർ സെന്റ് മേരീസ് കോൺവെന്റിന്റെ വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ മാർ ടോണി നിലങ്കാവിൽ പിതാവ് നിർവ്വഹിച്ചു.

## ആദരാഞ്ജലികൾ



10.01.2024 എഫ്.സി.സി അസ്സീസി ഭവനാംഗമായ ബ. സി.കോൺസലാറ്റ ജനുവരി 10-ാം തീയതി രാത്രി 11 മണിക്ക് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. 11-ാം തീയതി 4.30 pm ന് തൃശൂർ അതിരൂപത അസി. പ്രൊക്കുറേറ്റർ റവ. ഫാ. ലിൻസൺ തട്ടിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.



10.01.2024 എഫ്.സി.സി ഏങ്ങണ്ടിയൂർ ഐ.ജെ ഭവനാംഗമായ ബ. സി.ഫെൽട്ടൻ ജനുവരി 13-ാം തീയതി വൈകീട്ട് 6.20 ന് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. 15-ാം തീയതി 10 മണിക്ക് തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.



സി.എസ്.എസ്. സ്നേഹോദയ പ്രോവിൻസിലെ അംഗമായ റവ. സി. സിസിലി ക്ലൗഡിയ എലുവത്തിങ്കൽ 22.01.2024 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത ആർച്ച ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.



14.01.24 സി.എം.സി. ഒല്ലൂർ ലേഡി ഫാറ്റിമ മഠാംഗമായ സി. ചൈതന്യ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.

സി.എസ്.സി. കല്ലൂർ സെന്റ് ജോസഫ് ഭവനാംഗമായ സി. അലക്കോക്ക് 16-01-2024 ന് നിര്യാതയായി. തൃശ്ശൂർ അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.

**സി. സോഫി**
**പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

ശൂന്യമായ കല്ലറ

**ആഴ്ചയുടെ**
**ഒന്നാം ദിവസം അതിരാവിലെ**
**ഇരുട്ടായിരിക്കുമ്പോൾ**
**ത്തന്നെ മഗ്ദലേനമറിയം**
**ശവകുടീരത്തിൻെറ**
**സമീപത്തേക്കു വന്നു.**
**ശവകുടീരത്തിന്റെ കല്ലു**
**മാറ്റപ്പെട്ടിരിക്കുന്നതായി**
**അവൾ കണ്ടു.**
**(യോഹ 20, 1)**

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുട്ടികളെ,

എല്ലാവർക്കും സുഖംതന്നെയല്ലേ? സുഖം അല്പം കുറഞ്ഞാലും കുഴപ്പമില്ല; എല്ലാവർക്കും സന്തോഷമല്ലേ? നമ്മുടെ ചില സുഖങ്ങളൊക്കെ ഉപേക്ഷിക്കുന്ന കാലമാണല്ലോ ഈ നോമ്പുകാലം. ചിലരൊക്കെ ഇറച്ചിയോ മീനോ ചോക്ലേറ്റോ മറ്റോ നോമ്പുകാലത്ത് ഉപേക്ഷിച്ചിട്ടുണ്ടാകും. അതുകൊണ്ടുതന്നെ അവർക്കു വലിയ സുഖമായിരിക്കണമെന്നില്ല. നമ്മുടെ ചില സുഖങ്ങളെ ഈശോയ്ക്കു വേണ്ടി വേണ്ടെന്നു വയ്ക്കുന്നതാണ് നോമ്പിലെ ത്യാഗം.

ഈശോയ്ക്കു വേണ്ടിയുള്ള ത്യാഗം എന്നു പറയുമ്പോൾ നിങ്ങൾ ചോദിച്ചേക്കാം, ‘‘ഞാൻ ഇങ്ങനെ സഹിച്ചതുകൊണ്ട് ഈശോയ്ക്ക് എന്താ കിട്ടുക?’’ എന്ന്. നിങ്ങൾ രോഗം വന്ന് ആശുപത്രിയിൽ അഡ്മിറ്റ് ആണെന്ന് കരുതുക; അല്ലെങ്കിൽ, പനി പിടിച്ച് വീട്ടിൽ കിടക്കുകയാണെന്നു വിചാരിക്കുക. ആ ദിവസങ്ങളിൽ വീട്ടിൽ വലിയ സദ്യ നടത്തുമോ? ഇല്ലല്ലോ?! നിങ്ങൾക്കൊന്നും കഴിക്കാൻ പോലും പറ്റാത്തതുകൊണ്ട് ചിലപ്പോൾ നിങ്ങളുടെ അമ്മയും ഒന്നും കഴിച്ചില്ലായെന്നുവരും. ഒന്നാലോചിച്ചു നോക്കിയേ, അവർ ആഘോഷങ്ങൾ ഒഴിവാക്കിയതു കൊണ്ടോ, അമ്മ നിങ്ങളെ ഓർത്ത് ഭക്ഷണം കഴിക്കാതിരുന്നതു കൊണ്ടോ നിങ്ങൾക്ക് എന്തെങ്കിലും മെച്ചമുണ്ടായോ? പെട്ടെന്ന് ചിന്തിച്ചാൽ ഇല്ലെന്ന് തോന്നും. പക്ഷേ അവർക്കു നിങ്ങളോടുള്ള സ്നേഹം നിങ്ങളുടെ കൂടെ നിങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ടാണ് അവർ പ്രകടിപ്പിച്ചത്. അതുപോലെതന്നെ, ഈശോയുടെ സഹനങ്ങളെയും മരണത്തെയും ഓർത്തു ധ്യാനിക്കുന്ന നോമ്പുകാലത്ത് ഈശോയുടെ സങ്കടത്തിൽ ചെറുതായൊന്നു പങ്കുചേർന്നുകൊണ്ട് നമ്മളും ഈശോയോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നു.

ഒരു വർഷത്തിൽ ഒരു കാലം മുഴുവൻ (അമ്പതു ദിവസം) നമ്മൾ ഈശോയുടെ വേദനകളും മരണവും ധ്യാനിക്കുന്നു. അതിനെ നമ്മൾ നോമ്പുകാലം എന്ന് പറയുന്നു. അതുപോലെതന്നെ എല്ലാ ആഴ്ചയിലും ഒരു ദിവസം ഈശോയുടെ വേദനകളെയും മരണത്തെയും നമ്മൾ ധ്യാനിക്കുന്നുണ്ട്. അത് ഏതു ദിവസമാണെന്ന്

നിങ്ങൾക്കറിയാമോ? അതാണു വെള്ളിയാഴ്ച. കാരണം, ഈശോ നമുക്കു വേണ്ടി കുരിശിൽ മരിച്ചത് ഒരു വെള്ളിയാഴ്ചയായിരുന്നു. അതുകൊണ്ടാണു വെള്ളിയാഴ്ചകളിൽ മാംസം കഴിക്കരുതെന്ന് സഭ പഠിപ്പിക്കുന്നത്. നിങ്ങളും അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ ഉപവസിച്ചും ചില സുഖങ്ങൾ വേണ്ടെന്നുവച്ചും ഈശോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ നിങ്ങൾ മറക്കരുത്. കാരണം, നമുക്കു വേണ്ടി സഹിച്ച് മരിച്ച ഈശോയുടെ വേദനയിലുള്ള നമ്മുടെ പങ്കുചേരലാണത്; നിങ്ങൾ പനിപിടിച്ചു കിടക്കുമ്പോൾ അമ്മ സുഖങ്ങൾ ഒഴിവാക്കുന്നതുപോലെ.

പ്രിയ കുഞ്ഞുങ്ങളെ, ഈശോയുടെ സഹനങ്ങളിൽ ഈശോയോട് കൂടെ പങ്കുചേരുമ്പോഴാണ് ഈശോയുടെ ഉത്ഥാനത്തിന്റെ സന്തോഷത്തിൽ പങ്കുചേരാൻ നമുക്കു പറ്റുക. വി. പൗലോസ് ശ്ലീഹ എഴുതിയതു നിങ്ങൾ വായിച്ചിട്ടില്ലേ: ''ക്രിസ്തുവിന്റെ സഹനങ്ങളിൽ ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നതു പോലെ ക്രിസ്തുവിലൂടെ സമാശ്വാസത്തിലും ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നു'' (2 കൊറി. 1 :5). വി. പൗലോസിനെ പോലെ ഈ നോമ്പുകാലത്തു നമ്മുടെ ചില സുഖങ്ങൾ ഉപേക്ഷിച്ചുകൊണ്ടും കൊച്ചുകൊച്ച് സഹനങ്ങൾ ഏറ്റെടുത്തുകൊണ്ടും ഈശോയുടെ വേദനയിൽ നമുക്കു പങ്കുചേരാം (ഇനിയും നോമ്പെടുക്കാത്തവർ ഉണ്ടെങ്കിൽ ഇന്നുതന്നെ നിങ്ങൾക്കു വളരെ ഇഷ്ടപ്പെട്ട ഒരു കാര്യത്തിനു നോമ്പെടുക്കുക). അങ്ങനെ ഈശോയോടുള്ള സ്നേഹം നമുക്കു പ്രകടിപ്പിക്കാം. അപ്പോഴാണ് മാർച്ച് 31 നുള്ള ഈസ്റ്റർ വലിയ സന്തോഷത്തോടെ നമുക്ക് ആഘോഷിക്കാൻ സാധിക്കുക. ഈശോയുടെ ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ നിങ്ങൾക്കെല്ലാവർക്കും ആശംസിച്ചുകൊണ്ടു നിറുത്തട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

വിശ്വാസപരിശീലനത്തിന്റെ വാർഷിക പരീക്ഷകൾ ഫെബ്രുവരി 11, 18, 25 എന്നീ തിയതികളിൽ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ വൈദികരോടും പ്രിൻസിപ്പൽമാരോടും എല്ലാ വിശ്വാസപരി ശീലകരോടും നന്ദിപറയുന്നു. വിശ്വാസപരിശീലനം തുടർപരിശീ ലനമാകയാൽ, അവധിക്കാലത്തും തുടർച്ചയുണ്ടാകാവുന്നവിധ ത്തിൽ കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**1. കേന്ദ്രീകൃത മൂല്യനിർണ്ണയം – 2024**

a) ACC & XII കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലന കേന്ദ്രത്തിൽ വെച്ചാണ് നടത്തുന്നത്. ACC കേന്ദ്രീകൃത മൂല്യ നിർണ്ണയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Examination Board ന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്

b) Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിച്ചേരേണ്ട താണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

Std. XII, ACC : 2024 മാർച്ച് 2, 3 ശനി, ഞായർ

Time : 9.30 AM - 4.30 PM

**2. കേന്ദ്രീകൃത മൂല്യനിർണ്ണയം യൂണിറ്റ് തലത്തിൽ** Std. 1 to XI

Date : March 3, Sunday

**3. Mark List & Internal Assessment Mark Upload**

Date : March 3

**4. Result Publication Std. I to XI**

Date : March 12

വാർഷികപരീക്ഷയുടെ എല്ലാ ക്ലാസ്സിലേയും മാർക്ക് ലിസ്റ്റും ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കും സോഫ്റ്റ് വെയറിൽ അപ്ലോഡ് ചെയ്യേണ്ട അവസാനതിയ്യതി മാർച്ച് 11 ആണെന്ന് ഓർമ്മിപ്പിക്കുന്നു. കൃത്യസമയത്തു തന്നെ എൻട്രികൾ പൂർത്തിയാക്കേതാണ്. സോഫ്റ്റ് വെയറിന്റെ സുഗമമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണം കൂടിയെതീരു.

### 5. Absentees Annual Examinations & Annual Re-examinations (in units) March : 17

ക്ലാസ്സ് 1 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ വാർഷികപ രീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കുംവേണ്ടി യൂണിറ്റ് ഡയറക്ടറുടെ ഉത്തരവാദിത്വ ത്തിൽ പ്രത്യേകപരീക്ഷ (Re-Examination) നടത്തേണ്ടതാണ്. ഈ പരീക്ഷയുടെ ചോദ്യപേപ്പറുകൾ യൂണിറ്റുതന്നെയാണ് തയ്യാറാക്കേ ണ്ടത്. ഈ പരീക്ഷകളുടെ മാർക്കുകൾ സ്കോളർഷിപ്പിനോ സമ്മാ നങ്ങൾക്കോ റാങ്കിനോ പരിഗണിക്കുന്നതല്ല. ഇപ്രകാരം നടത്തുന്ന പരീക്ഷയിലും പങ്കെടുക്കാതിരിക്കുകയോ ആവശ്യമായ പാസ്മാർക്ക് നേടാതിരിക്കുകയോ ചെയ്യുന്നവരെ വിജയിച്ചതായി പരിഗണിക്കില്ല. അവർക്ക് അടുത്ത അധ്യയനവർഷം വീണ്ടും അതേ ക്ലാസ്സുകളിൽ ഹാജരാകുകയും പരീക്ഷകൾ എഴുതി പാസ്സാകുകയും ചെയ്യാവു ന്നതാണ്. റി എക്സാമിനേഷൻ രജിസ്ട്രേഷൻ സോഫ്റ്റ് വെയറിൽ നടത്തേണ്ടതാണ്.

### 6. Scholarship Examination

സ്കോളർഷിപ്പ് പരീക്ഷ Std. IV, VII, X ക്ലാസ്സുകാർക്ക് മാത്രം അർദ്ധവാർഷിക വാർഷിക പരീക്ഷയിൽ (അതിരൂപതാതലത്തിലുള്ള ചോദ്യപേപ്പർ ഉപയോഗിച്ച് പരീക്ഷയെഴുതിയ വിദ്യാർത്ഥി കൾക്കുമാത്രം) 90 ശതമാനമോ അതിൽ കൂടുതലോ ലഭിച്ചവർക്കു മാത്രം. പരീക്ഷാ തിയതി ഏപ്രിൽ 20 ശനിയാഴ്ച്ച ഡിബിസി എൽസിയിൽ.

### 7. ACC, XII Re-Examination, Improvement Examination

Std. XII, ACC - 2024 April 27, Saturday

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴി യാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യ മായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇം പ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്ന് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തിയതി ഏപ്രിൽ 20, രജിസ്ട്രേഷൻ ഫീസ് 100 രൂപ.

### 8. Aptitude Rank List 2023- 24

വിശ്വാസപരിശീലകർക്കുള്ള അതിരൂപതാതല ആപ്റ്റിറ്റ്യൂഡ് പ രീക്ഷയിൽ റാങ്ക് നേടിയവർക്ക് അഭിനന്ദനങ്ങൾ

| Ist RANK | IInd RANK | IIIrd RANK |
|---|---|---|
|  |  |  |
| **MAYA SANKER**<br>VELLATTANJUR | **Dr. LUCY K. M.**<br>MANNUTHY | **TREESA GEORGE**<br>MUKKATTUKARA |

| **Rank** | **Name** | **Unit** |
|---|---|---|
| 4 . | REV. SR. SHERLY THEKKEKARA | OLARIKKARA |
| 5. | MR. JOLLY C F | PADAVARAD |
| 5. | MISS. JISMY FRANCIS | PALLIKKUNNU |
| 6. | MR. JOE KIZHAKOODEN | OLARIKKARA |
| 7. | MRS. SHAIBY FRANCIS | VARAKKARA SOUTH |
| 8. | SINOSHA PRINCE | AMALANAGAR |
| 9. | MRS. LALY PAUL | OLLUR MARYMATHA |
| 10. | MRS. TENNIS LOUIS | KARAMUCK NORTH |
| 10. | MRS. VANDANA VARGHESE | NELLIKKUNNU |

**9. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു.

പ്രാർത്ഥനയോടെ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY
## TRICHUR D B C L C
**(Phone : 0487- 2333245, Mob : 9188131341)**

**1. തിയോളജി അവാർഡ് ഡേ**

അല്മായർക്ക് ദൈവശാസ്ത്ര പഠനത്തിനും കാനോൻ നിയമത്തിനും ഉപരിപഠനം നടത്താൻ സാധ്യതകൾ കൊടുത്ത ആദ്യത്തെ രൂപതയാണ് തൃശ്ശൂർ അതിരൂപതയെന്ന് അതിരൂപതയുടെ തിയോളജി അവാർഡ് ഡേയുടെ ഉദ്ഘാടനവേളയിൽ മാർ ആൻഡ്രൂസ് താഴത്ത് പങ്കുവെച്ചു. സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യപ്രഭാഷണം നടത്തി. മൂന്ന് വർഷത്തെ ബെൽജിയം സർട്ടിഫിക്കറ്റ് നേടിയ അനിൽ ഡേവിസിനെ ആദരിച്ചു. മൂന്നുവർഷത്തെ ദൈവശാസ്ത്ര കോഴ്സ് പൂർത്തിയാക്കിയ നീന കോച്ചേരി, ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയവർ, ഫാമിലി തിയോളജി സർട്ടിഫിക്കറ്റ് നേടിയവർ, ബൈബിൾ കോഴ്സ് സർട്ടിഫിക്കറ്റ് നേടിയവർ എന്നിവർക്കുള്ള സർട്ടിഫിക്കറ്റുകൾ അിവന്ദ്യ പിതാക്കൻമാർ നൽകുകയുണ്ടായി. തിയോളജി ഇൻസ്റ്റിറ്റ്യൂട്ട് ഡീൻ ഡോ. ലിജോ ചാലിശ്ശേരി സ്വാഗതവും, ടിൽമ ഷെൽബി ഏവർക്കും നന്ദിയും പറഞ്ഞു.

**2. B.A. in Theology and Religious Studies (Three Years)**

സെക്കന്റ്സെമസ്റ്ററിലെ Parish and Pastoral Jurisprudence (Rev. Dr. Francis Aloor), Women Studies in Theology (Dr. Mary Regina), Johannine Literature & Book of Revelation (Rev. Dr. Freejo Parackal) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**3. Certificate Course in Theology (One Year)**

ജനുവരി 21 ന് പത്ത് കല്പനകൾ (Rev. Dr. Alex Marottical), ഫെബ്രുവരി 04 ന് സഭാവിജ്ഞാനീയം (Rev. Dr. Saijo Thaikkattil), ഫെബ്രുവരി 18 ന് പഴയനിയമത്തിനൊരാമുഖം (Rev. Fr. Linson Thattil), എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**4. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി 6 Months regular Theology Courseലെ, ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടക്കുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. സന്യസ്തർക്കു മാത്രം.

**5. Online Certificate Course in Theology (Two Years)**

ഫെബ്രുവരി മാസം ത്രിയേക ദൈവം (Mar Tony Neelankavil) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**6. Catechumenate Course**

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരിശീലന കോഴ്സുകൾ. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും.

**7. Basic Bible Course (BBC)**

തൃശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വവും തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടത്തുന്ന ബൈബിൾ ക്ലാസ്സിന്റെ ഉദ്ഘാടനം 11.02.2024 ഞായറാഴ്ച 2.00 ന് നടന്നു. ഫെബ്രുവരി മാസം Rev. Dr. Dijo Olakkengil, Rev. Fr. Linson Thattil, Rev. Dr. Sr. Juliet CMC ക്ലാസ്സ് നയിച്ചു.

**8. Certificate Course on Guidance and Counselling**

- One Year Course (10th Feb 2024 to 09th Feb 2025)
- At DBCLC, Archdiocese of Trichur
- Ten different topics related to Counselling
- Every month Two Sundays Afternoon Classes (2 pm to 5 pm)
- Under Indian Institute of Christian Studies (Sponsor of the Chair for
- Christian Studies and Research, University of Calicut)
- Course Fee: 2500 (2100 + University Registration Fee 400)

**റവ. ഡോ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**റവ. ഡോ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

### Excel Foundation Course

2024 ജൂൺ 8–ാം തിയതി ആരംഭിക്കുന്ന Excel Foundation Course (8th std. to 12th std) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ഏപ്രിൽ 15–ാം തിയതി ആരംഭിക്കും. ഇടവകതലത്തിലും, സ്കൂൾ തലത്തിലും നടത്തിയ Excel Excellence Exam ൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് Excel Foundation Courലെ ൽ അഡ്മിഷൻ എടുക്കാവുന്നതാണ്. പരീക്ഷയിൽ ഫസ്റ്റ്, സെക്കന്റ്, തേർഡ് കരസ്ഥമാക്കിയവർക്ക് ഫീസിൽ ഇളവ് ഉണ്ടായിരിക്കും. പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കും ഒരു ഇന്റർവ്യൂവിനുശേഷം ഈ കോഴ്സിൽ ചേരാവുന്നതാണ്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും, വെക്കേഷനുകളിലും, പൊതു അവധിദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും. സയൻസ്, സിവിൽ സർവ്വീസ്, പബ്ലിക്ക് സ്പീക്കിംഗ്, ഡിഫൻസ് സർവ്വീസ് കോഴ്സ് മുതലായ വിഭാഗങ്ങളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും.

### CUET (Common University Entrance Test)

2024 മെയ് മാസത്തിൽ അഖിലേന്ത്യ തലത്തിൽ നടക്കുന്ന CUET Exam നുള്ള കോച്ചിങ്ങ് ഏപ്രിൽ മാസം ആരംഭിക്കുന്നു. അഡ്മിഷൻ ആരംഭിച്ചു.

### K-TET (Kerala Teachers eligibility Test)

K-TET Exam നുള്ള കോച്ചിങ്ങ് ഏപ്രിൽ 15–ാം തിയതി ആരംഭിക്കും. കാറ്റഗറി 1,2,3,4 (LP, UP, High School) ടീച്ചർമാർക്കുള്ള K-TET കോച്ചിങ്ങിന്റെ പതിനേഴാമത്തെ ബാച്ചാണ് ആരംഭിക്കുന്നത്. ഫെബ്രുവരി 5–ാം തിയതി മുതൽ രജിസ്ട്രേഷൻ ആരംഭിച്ചു.

### ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം

(Coaching Centre for Minority Youth)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ച

കളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

**സിവിൽ സർവ്വീസ് കോഴ്സ്**

സിവിൽ സർവ്വീസ് കോഴ്സ്, വീക്കെന്റ് ബാച്ച് DBCLC Excel Academy യിൽ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധിദിവസങ്ങളിലും രാവിലെ 10 മണിമുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. പ്ലസ്ടു, ഡിഗ്രി, പിജി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ബാച്ചിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. സിവിൽ സർവ്വീസ് കോഴ്സ്, ഡെയ്‌ലി ബാച്ച് ഉടനെ ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക്

**9744941585/ 9847276657/ 7306952904**

**മാണി.കെ.പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

## മേരിമാതാ മേജർ സെമിനാരി

**മാർ റാഫേൽ തട്ടിൽ പിതാവിന്റെ സ്ഥാനാരോഹണം**

സീറോ മലബാർ സഭയുടെ പുതിയ മേജർ ആർച്ച്ബിഷപ്പായി അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ജനുവരി 10ന് തിരഞ്ഞെടുക്കപ്പെട്ടു. മേരിമാതാ സെമിനാരിയുടെ പ്രഥമ റെക്ടറായിരുന്ന പിതാവിന്റെ മേജർ ആർച്ച്ബിഷപ്പ് പദവി പ്രഖ്യാപനത്തിൽ സന്തോഷം പങ്കുവെച്ചുകൊണ്ടും ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ടും അന്നേദിനം വൈകിട്ട് ആറിന് റെക്ടർ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ചാലയ്ക്കലച്ചന്റെ കാർമ്മികത്വത്തിൽ ദൈവാലയത്തിൽ വെച്ച് കൃതഞ്ജതാ സ്തോത്രഗീതം ആലപിച്ചു.

ജനുവരി പതിനൊന്നിന് കാക്കനാട് വെച്ച് നടന്ന സ്ഥാനാരോഹണ ചടങ്ങിൽ സെമിനാരിയിൽ നിന്നുള്ള വൈദികർ സംബന്ധിച്ചു. സ്ഥാനാരോഹണചടങ്ങിലെ ഗാനശ്രുശ്രൂഷയിൽ മേരിമാതാ സെമിനാരി ഗായകസംഘത്തിലെ അംഗങ്ങൾ പങ്കെടുത്തു.

**മാസധ്യാനം**

പുതുവർഷത്തിലെ പ്രഥമ മാസധ്യാനത്തിന് (ജനുവരി 12) വൈകീട്ട് 7.30 ന് ബഹുമാനപെട്ട സിജോൺ കുഴിക്കാട്ടുമ്യാലിൽ അച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു.

**വിനോദയാത്ര**

ജനുവരി 18 ന് വൈദികവിദ്യാർത്ഥികൾ വിവിധ വിനോദസഞ്ചാര മേഖലകളിലേക്ക് തങ്ങളുടെ ബാച്ചിന്റെ നേതൃത്വത്തിൽ യാത്ര നടത്തി.

**അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനം**

ജനുവരി 19 ന് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്തായും മേരിമാതാ മേജർ സെമിനാരിയുടെ ചെയർമാനുമായ അഭിവന്ദ്യ ആൻഡ്രൂസ് താഴത്തുപിതാവും, വൈസ്ചെയർമാൻ അഭിവന്ദ്യ ടോണി നീലങ്കാവിൽപിതാവും സെമിനാരിയിൽ ഔദ്യോഗിക സന്ദർശനം നടത്തി. പിതാക്കന്മാർ വൈകീട്ട് രണ്ടുമണി മുതൽ വൈദികവിദ്യാർത്ഥികളെ വിവിധ ബാച്ച് അടിസ്ഥാനത്തിൽ സന്ദർശിക്കുകയും അവരോട് സംവദിക്കുകയും ചെയ്തു. വൈദികവിദ്യാർത്ഥികളെ കണ്ടതിനുശേഷം പിതാക്കന്മാർ സെമിനാരി സ്റ്റാഫുമായും സംസാരിച്ചു.

**എക്യുമിനിക്കൽ മീറ്റ്**

ജനുവരി 21 ഞായറാഴ്ച്ച മേരിമാതാ സെമിനാരിയിൽ നടത്തിയ എക്യുമിനിക്കൽ മീറ്റിൽ വിവിധ സഭകളിലെ പ്രതിനിധികൾ പങ്കെടുത്തു. വൈകിട്ട് 7.30ന് സെമിനാരി ചാപ്പലിൽ വെച്ച് നടത്തിയ പ്രാർത്ഥനാശുശ്രൂഷകൾക്ക് ബഹുമാനപ്പെട്ട പോൾ പുളിക്കനച്ചൻ കാർമ്മികനായി. ഡോ. സി. ജിൻസി ഓത്തോട്ടിൽ സന്ദേശം നൽകി.

**നവവൈദികർക്ക് സ്വീകരണം**

മേരിമാതാ സെമിനാരിയിൽ ഫിലോസഫി പഠനം നടത്തി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്കുള്ള സ്വീകരണം ജനുവരി 23 ന് നടത്തി. 13 നവവൈദീകർ ഒന്നുചേർന്ന് ബലിയർപ്പിച്ചു. സെമിനാരിയുടെ മുൻ റെക്ടർമാർ ആയിരുന്ന ബഹുമാനപ്പെട്ട ബാബു പാണാട്ടുപറമ്പിൽ അച്ചനും ബഹുമാനപ്പെട്ട ജെയ്സൻ കൂനംപ്ലാക്കൽ അച്ചനും വിശുദ്ധബലിയിൽ സഹകാർമ്മികരായിരുന്നു.

**അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിനു സ്വീകരണം**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന് ജനുവരി 24ന്

സെമിനാരികുടുംബം സ്വീകരണം നൽകി. ഉച്ചകഴിഞ്ഞ് 3.00 ന് സെമിനാരി സ്റ്റാഫുമായി തട്ടിൽ പിതാവ് കൂടിക്കാഴ്ച്ച നടത്തി. വൈകീട്ട് 6.30 ന് സെമിനാരി ഓഡിറ്റോറിയത്തിൽ വെച്ചുനടന്ന അനുമോദനയോഗത്തിൽ നിരവധി വൈദികരും, സിസ്റ്റേഴ്സും, സെമിനാരിയിൽ തട്ടിൽ പിതാവ് സേവനം ചെയ്തിരുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്ന സ്റ്റാഫ് അംഗങ്ങളും മേരിമാതാ സെമിനാരിയിലെ എല്ലാവരും പങ്കെടുത്തു.

പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് സെമിനാരി റെക്ടർ ബഹുമാനപെട്ട സെബാസ്റ്റ്യൻ ചാലയ്ക്കലച്ചൻ സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അധ്യക്ഷപദം അലങ്കരിച്ചു സംസാരിച്ചു. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് യോഗം ഉത്ഘാടനം ചെയ്യുകയും സംസാരിക്കുകയും ചെയ്തു. യോഗത്തിൽ സന്നിഹിത നായ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി.

തുടർന്ന് ബഹുമാനപ്പെട്ട സിന്റോ പൊറുത്തൂർ അച്ചൻ രചിച്ച ആശംസാഗാനം സെമിനാരി ക്വയർ ആലപിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവിനെപ്പറ്റിയുള്ള ഓർമ്മകൾ പങ്കുവെച്ചും ആശംസകളറിയിച്ചും ബഹുമാനപെട്ട ജെയ്സൻ കൂനംപ്ലാക്കലച്ചനും, ബഹുമാനപെട്ട ബാബു പാണാട്ടുപറമ്പിൽ അച്ചനും സംസാരിച്ചു. അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് മറുപടി പ്രസംഗം നടത്തി. വൈസ് റെക്ടർ ബഹുമാനപെട്ട ഫ്രീജോ പാറയ്ക്കൽ അച്ചൻ യോഗത്തിൽ സംബന്ധിച്ച എല്ലാവർക്കും നന്ദിപറഞ്ഞു. തുടർന്ന് സെമിനാരി കുടുംബം ഒരുക്കിയ സ്നേഹവിരുന്നിൽ എല്ലാവരും സംബന്ധിച്ചു. ജനുവരി 25 ന് രാവിലെ 6.30ന് അഭിവന്ദ്യ റാഫേൽ പിതാവ് വിശുദ്ധ ബലിയർപ്പിച്ചു.

**റിപ്പബ്ലിക് ദിനം**

ജനുവരി 26ന് മേരിമാതാ സെമിനാരിയിൽ റിപ്പബ്ലിക് ദിനാഘോഷം നടത്തി. അന്നേദിവസം രാവിലെ 6.30 ന് തൃശ്ശൂർ അതിരൂപത വികാരിജനറൽ മോൺ. ജോസ് കോനിക്കരയച്ചൻ വിശുദ്ധബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് നടന്ന ദേശീയ പതാക ഉയർത്തൽ ചടങ്ങിനും ജോസച്ചൻ നേതൃത്വം ന ൽകി. ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥി ബ്ര. ജസ്റ്റിൻ ചെമ്പോത്തറയിൽ റിപ്പബ്ലിക് ദിന സന്ദേശം നൽകി.

അന്നേദിവസം വൈകീട്ട് 2.30ന് തത്വശാസ്ത്ര വിദ്യാർത്ഥികൾ മിനിസ്ട്രി ചെയ്യുന്ന സ്ഥലങ്ങളിലെ കുട്ടികളുടെ സംഗമം

ഉണ്ടായിരുന്നു. സെമിനാരി ഓഡിറ്റോറിയത്തിൽ വച്ചുനടന്ന സംഗമം ബഹുമാനപെട്ട ഡേവിസ് കാവുങ്കലച്ചൻ ഉത്ഘാടനം ചെയ്തു.

**മ്യൂസിക് നൈറ്റ്**

ഈ വർഷത്തെ മ്യൂസിക് നൈറ്റ് വിശുദ്ധ ഡോൺ ബോസ്കോയുടെ തിരുന്നാൾ ദിനമായ ജനുവരി 31 ന് സംഘടിപ്പിക്കപ്പെട്ടു. 'ഓളം' എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട മ്യൂസിക് നൈറ്റ് സെമിനാരി റെക്ടർ ബഹുമാനപെട്ട സെബാസ്റ്റ്യൻ ചാലയ്ക്കലച്ചൻ ഉത്ഘാടനം ചെയ്തു.

**ലുവൈൻ യൂണിവേഴ്സിറ്റി പ്രൊഫസർമാരുടെ സന്ദർശനം**

ബെൽജിയത്തെ ലുവെയ്ൻ യൂണിവേഴ്സിറ്റിയിലെ ലുവൈൻ പ്രൊഫസ്സർമാരായ ഡോ. ബെനെഡിക്റ്റേ ലെമെല്ലിനും ഡോ. ഹാൻസ് ഹാൻസ് ഔസ്ലൂസും ഫെബ്രുവരി 1 ന് സെമിനാരി സന്ദർശിച്ചു. അന്നേദിവസം വൈകീട്ട് 6.45ന് ഇരുവരും Biblical Spirituality എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു.

**ഫാ. ബിൽജു വാഴപ്പിള്ളിക്ക് യാത്രയപ്പ്**

സെമിനാരിയിൽനിന്നും താമസം മാറ്റി നെല്ലങ്കര ഇടവക വികാരിയായി സ്ഥാനമേൽക്കുന്ന ബിൽജു അച്ചന് ഫെബ്രുവരി 5 ന് സെമിനാരി കുടുംബം യാത്രയപ്പ് നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Benefactor Membership

1. കൊച്ചന്നം എൻ. പി. C/O ജോസ് സി. പി. ചിറ്റിലപ്പിള്ളി ഹൗസ്, മുണ്ടൂർ.

2. ശ്രീ. കെ. ടി. ആന്റണി, കുണ്ടുകുളം ഹൗസ്, ഉദയനഗർ, തൃശ്ശൂർ.

Individual Patron Membership

1. റവ. ഫാ. വർക്കി പി. ഡി., സെന്റ് മേരീസ് ചർച്ച്, ഹോസിയപൂർ.

**ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**സൗഹൃദസന്ദർശനങ്ങൾ - സൗഹൃദമത്സരങ്ങൾ**

ഫെബ്രുവരി 1, 10 തിയ്യതികളിൽ യഥാക്രമം പാലക്കാട്, ഇരിങ്ങാലക്കുട മൈനർ സെമിനാരികളുമായി സൗഹൃദമത്സരങ്ങൾ സംഘടിപ്പിച്ചു. ഫെബ്രുവരി ഒന്നാം തിയ്യതി തൃശൂരിൽ സംഘടിപ്പിച്ച വോളിബോൾ മത്സരത്തിൽ തൃശൂർ മൈനർ സെമിനാരിയും, ഫെബ്രുവരി 10-ാം തിയ്യതി ഇരിങ്ങാലക്കുടയിൽ സംഘടിപ്പിച്ച ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ ഇരിങ്ങാലക്കുട സെമിനാരിയും വിജയം കരസ്ഥമാക്കി.

**റിപ്പബ്ലിക് ദിനാചരണം**

റിപ്പബ്ലിക് ദിനത്തിൽ റവ. ഫാ. ഷിജോ മാപ്രാണത്തുകാരൻ സെമിനാരിയിൽ വിശുദ്ധ ബലി അർപ്പിക്കുകയും തുടർന്ന് ദേശീയ പതാക ഉയർത്തിയശേഷം റിപ്പബ്ലിക് ദിന സന്ദേശം നൽകുകയും ചെയ്തു.

**മാസധ്യാനം**

ഫെബ്രുവരിയിലെ മാസധ്യാനം 3, 8 തിയതികളിലായി നടത്തി. മൈനർ സെമിനാരിക്കാർക്ക് ബഹു. പ്രദീപ് മാപ്രാണത്തുകാരൻ അച്ചനും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്ക് ബഹു. സാജൻ മാറോക്കി അച്ചനും ധ്യാനചിന്തകൾ പങ്കുവച്ചു.

**മോഡൽ പരീക്ഷകൾ**

പ്ലസ് വൺ, പ്ലസ് ടു പഠനം നടത്തിക്കൊണ്ടിരിക്കുന്ന മൈനർ സെമിനാരി വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷകൾ ഫെബ്രുവരി 12 മുതൽ 23 വരെയുള്ള ദിവസങ്ങളിലായി നടന്നു.

**അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**

2024 ഫെബ്രുവരി 6, 14 എന്നീ തിയതികളിൽ യഥാക്രമം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**യാത്രയയപ്പ്**

മൈനർ സെമിനാരിയിൽ ഫാ. പ്രിഫെറ്റ് എന്ന നിലയിൽ ആറു വർഷവും, ഡിഗ്രി ആനിമേററർ എന്ന നിലയിൽ നാലു വർഷവും സ്തുത്യർഹമായ സേവനം ചെയ്ത ബഹു. ഡെന്നി ചിറയത്ത്

അച്ചനും മൈനർ സെമിനാരി കുടുംബവും, ഡിഗ്രി ബ്രദേഴ്സും യാത്രയയപ്പ് നല്കി.

ഈ അദ്ധ്യയന വർഷം മൈനർ സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കുന്ന വൈദികവിദ്യാർത്ഥികൾക്ക് ഫെബ്രുവരി 23-ാം തിയതി സമുചിതമായ യാത്രയയപ്പ് നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ജോസഫ് ടി. വി., തരകൻ ഹൗസ്, ചേറൂർ
2. ശ്രീമതി റോസി കൊച്ചപ്പൻ, പാലത്തിങ്കൽ ഹൗസ്, അയ്യന്തോൾ
3. ശ്രീമതി റോസ പീറ്റർ, മേൽവീട്ടിൽ ഹൗസ്, അരിമ്പൂർ
4. ശ്രീ. സോണി സിൽവസ്റ്റർ, വടക്കൻ ഹൗസ്, ബസിലിക്ക, തൃശൂർ
5. ശ്രീമതി ജിജി ഡേവീസിന്റെ അനുസ്മരണാർത്ഥം ഭർത്താവ് ശ്രീ. ഡേവിസ് സി. ഡി., ചുങ്കത്ത് ഹൗസ്, ഒല്ലൂർ
6. ശ്രീ. ആന്റോ പോൾ & ശ്രീമതി മോളി, കിടങ്ങൻ ഹൗസ്, ലൂർദ്ദ്, തൃശൂർ
7. എളനാട് ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഇടവകക്കാർ നല്കുന്ന സ്നേഹസമർപ്പണം.
8. പ്രൊഫ. ഡോ. മാണി കെ. പി., കമ്മത്ത് ലെയിൻ, തൃശൂർ

വളരെ ഔദാര്യപൂർവ്വം സെമിനാരിക്കാരെ പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും സഹായിക്കുന്ന എല്ലാ ഉപകാരികൾക്കും ഒരുപാട് നന്ദിയും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു. നിത്യപുരോഹിതനായ ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി** Jr.
റെക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**നാഷണൽ ഗേൾ ചൈൽഡ് ദിനം**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ 'ആഗ്നേയാ സ്റ്റുഡൻസ് കൗൺസിലിന്റെ' നേതൃത്വത്തിൽ നാഷണൽ ഗേൾ ചൈൽഡ് ദിനം ആഘോഷിച്ചു. മുഖ്യാതിഥികളായ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സിന്റെ സീനിയർ കറസ്പോണ്ടന്റ് ശ്രീമതി ഗോപിക വി.യും മനോരമ

ന്യൂസിന്റെ അസിസ്റ്റന്റ് ന്യൂസ് പ്രൊഡ്യൂസറുമായ ശ്രീമതി ജിഷ കല്ലിങ്കലും ഉദ്ഘാടന കർമ്മത്തിനു തിരികൊളുത്തി.

**ജൂബിലിയിൽ നേഴ്സുമാർക്കുള്ള ശിൽപശാല**

SPSS ഉപയോഗിച്ച് ഡാറ്റ ശേഖരണ മാനേജ്മെന്റും വിശകലനവും എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിലെ അധ്യാപകരും, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ കേരളത്തിലെ നഴ്സിങ്ങ് അധ്യാപർക്കും, രജിസ്റ്റേഡ് നഴ്സുമാർക്കും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുമായി ശിൽപശാല നടത്തി. ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു.

**ജൂബിലിയിൽ ബയോഇൻഫർമാറ്റിക്സ് ലാബ് ആരംഭിച്ചു**

തൃശ്ശൂരിലെ ജൂബിലി ഗവേഷണ കേന്ദ്രത്തിൽ ബയോഇൻഫർമാറ്റിക്സ് ലാബ് കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ ഡോ. എം. കെ. ജയരാജ് ഉദ്ഘാടനം ചെയ്തു. പതിനാറായിരം കോർ ഉള്ള ജി.പി.യു. കമ്പ്യൂട്ടറും 10 അനുബന്ധ കമ്പ്യൂട്ടറുകളും, ജപ്പാനിലെ റിക്കൻ ഇൻസ്റ്റിട്യൂട്ടിലെ സൂപ്പർ കമ്പ്യൂട്ടറിലേക്ക് പ്രവേശന ജാലകവുമുള്ള ബയോഇൻഫർമാറ്റിക്സ് ലാബാണ് ജൂബിലിയിൽ സജ്ജമാക്കിയിരിക്കുന്നത്.

**ഡോ. അശ്വത് കുമാറിന് ഫെല്ലോഷിപ്പ്**

ഇന്ത്യൻ കോളേജ് ഓഫ് റീപ്രൊഡക്റ്റീവ് മെഡിസിന്റെ ഫെല്ലോഷിപ്പ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പ്രൊഫസർ ഡോ. അശ്വത് കുമാറിന് ലഭിച്ചു. ഈ ഫെല്ലോഷിപ്പ് ലഭിക്കുന്ന കേരളത്തിലെ ആദ്യത്തെ ഡോക്ടറാണ് ഡോ.അശ്വത് കുമാർ.

**ജൂബിലിയുടെ നേതൃനിരയിലേക്ക് രണ്ട് പുതുമുഖങ്ങൾ**

ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി ഫാ. ജോയ്സൺ ചെറുവത്തൂരും, പുതിയ സ്പിരിച്ചൽ ഫാദറായി ഫാ. ജാക്സൺ ചാലക്കലും ചാർജെടുത്തു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

സെന്റ് തെരേസ ചർച്ച്, എറവ്, തൃശ്ശൂർ
സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, നെല്ലിക്കുന്ന്, തൃശ്ശൂർ
സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
സെന്റ് തോമസ് ഫൊറോന ചർച്ച്, പുത്തൂർ, തൃശ്ശൂർ
മേരിമാത ചർച്ച്, കുറ്റൂർ, തൃശ്ശൂർ
നിത്യസഹായമാത ചർച്ച്, വിയ്യൂർ, തൃശ്ശൂർ
നിക്സൺ ഡേവിസ്, ചെങ്ങാല്ലൂർ, തൃശ്ശൂർ
സിസിലി, ചിറയത്ത് ഹൗസ്, കോടന്നൂർ, തൃശ്ശൂർ

ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തൃശ്ശൂർ
ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ബിനു & ബബിത, നെല്ലിക്കുന്ന്, തൃശ്ശൂർ
അഭ്യുദയകാംക്ഷി
കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. യങ് തൃശ്ശൂർ'24**

സെന്റ് തോമസ് കോളേജും മലയാള മനോരമയും സംയുക്തമായി യങ് തൃശ്ശൂർ'24– ലിറ്ററേച്ചർ ഫെസ്റ്റിവൽ സംഘടിപ്പിച്ചു.

**2. ചെറുധാന്യ പ്രദർശനവും സെമിനാറും**

സെന്റ് തോമസ് കോളേജിലെ സസ്യശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പൃഥ്വി 2024 – ബോട്ടണി ഫെസ്റ്റിനോടനുബന്ധിച്ച് ദ്വിദിന മില്ലെറ്റ് പ്രദർശനവും പ്രഭാഷണവും നടത്തി.

**3. സൃഷ്ടി 2.4**

കമ്പ്യൂട്ടർ സയൻസ് വിഭാഗം സൃഷ്ടി 2.4 എന്ന ടെക്നോ കൾച്ചറൽ ഫെസ്റ്റ് സംഘടിപ്പിച്ചു.

**4. അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു**

'ദ ബുക്ക് ഓഫ് ലൈഫ്: ബിബ്ലിക്കൽ ഏൻസേർസ് ടു എക്സിസ്റ്റേൻഷ്യൽ ക്വസ്റ്റ്യൻസ്' എന്ന വിഷയത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിലെ ക്രിസ്ത്യൻ സ്റ്റഡീസ് ചെയറുമായി സഹകരിച്ച് മലയാളം ആന്റ് വാല്യൂ എഡ്യുക്കേഷൻ കമ്മറ്റി ഒരു അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു. നമ്മുടെ കോളേജ് പ്രിൻസിപ്പലും ക്രിസ്ത്യൻ ചെയർ പ്രസിഡന്റുമായ റവ.ഡോ.മാർട്ടിൻ കെ.എ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രൊഫ ഡോ. ബെനഡിക്ട് ലെമെൽജിയം,ഡീൻ ഓഫ് ഫാക്കൽറ്റി ഓഫ് തിയോളജി ആന്റ് റിലീജിയസ് സ്റ്റഡിസ്, ക്രിസ്ത്യൻ യൂണിവേഴ്സിറ്റി, ബെൽജിയം മുഖ്യപ്രഭാഷണം നിർവഹിച്ചു.

**5. പ്ലെയ്സ്മെന്റ് സെൽ**

പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ അവസാന വർഷ വിദ്യാർത്ഥികൾക്കായി ട്രെയിനിംഗ് പ്രോഗ്രാമും, ഒന്നാം വർഷ പി.ജി വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ പ്രോഗ്രാമും നടത്തി. സെല്ലിന്റെ നേതൃത്വത്തിൽ നടന്ന പ്ലെയ്സ്മെന്റ് ഡ്രൈവിൽ വിദ്യാർത്ഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. ഫെഡറൽ ബാങ്ക് -9, അസഞ്ചർ-129, ടി.സി.എസ്-27, ടീച്ച് ഫോർ ഇന്ത്യ - 6, കോഡ്യങ്ങ്-3, കോൻസെറോ-1.

**6. സെന്റ് തോമസിന് കിരീടം**

സെന്റ് തോമസ് കോളേജ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ കോളേജിയേറ്റ് ക്രോസ് കൺട്രി (പുരുഷ വിഭാഗം) 2023-24 വർഷത്തെ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

**7. സെപക്താക്രോയിൽ ചാമ്പ്യൻമാരായി**

തൃശ്ശൂർ സെന്റ് തോമസ് കോളേജ് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെപക് താക്രോയിൽ (പുരുഷ വിഭാഗം) 2023-24 ഓവറോൾ ചാമ്പ്യൻമാരായി.

**8. 21 പ്രതിഭാ പുരസ്കാരം നേടി സെന്റ് തോമസ്**

മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരത്തിന് സെന്റ് തോമസ് കോളേജിലെ ഇരുപത്തി ഒന്ന് വിദ്യാർത്ഥികൾ അർഹരായി. 10 ബിരുദാനന്തര ബിരുദ ക്ലാസുകളിൽ നിന്നായി ഉന്നതമാർക്ക് ലഭിച്ച 21 വിദ്യാർത്ഥികളാണ് ഒരു ലക്ഷം രൂപ വീതം ഒറ്റത്തവണ ലഭിക്കുന്ന സ്കോളർഷിപ്പിന് അർഹരായത്.

**9. സൈബർ സെക്യൂരിറ്റി സെമിനാർ നടത്തി**

പൂർവ വിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി സൈബർ സെക്യൂരിറ്റി സെമിനാർ നടത്തി. അന്തർദേശീയ സൈബർ സെക്യൂരിറ്റി സ്പെഷ്യലിസ്റ്റ് സംഗമേശ്വരൻ അയ്യർ (യു.എസ്.എ) സെമിനാർ നയിച്ചു.

**10. 'എ ഡേ വിത്ത് ദയ ബായ്'**

സോഷ്യൽ വർക്ക് വിഭാഗം 'എ ഡേ വിത്ത് ദയ ബായ്'- ഇന്ററാക്ഷൻ സെഷൻ സംഘടിപ്പിച്ചു. എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം ചെയ്ത പരിപാടി, ഫാ. അനിൽ കെ. അധ്യക്ഷത വഹിച്ചു. ദയാ ഭായ് തന്റെ ജീവിതയാത്രയും അനുഭവവും പങ്കുവച്ചു.

**11. അലുമ്നി ഇൻസൈറ്റ്സ്**

കമ്പ്യൂട്ടർ സയൻസ് വിഭാഗം പൂർവവിദ്യാർത്ഥികളിൽ നിന്നും കരിയർ ഓപ്ഷനുകൾ കണ്ടെത്തുവാനും, ഭാവിയിൽ അവരെ പിന്തുണയ്ക്കുവാനുമായി ഒരു സെഷൻ സംഘടിപ്പിച്ചു.

**12. സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് സെന്റ് തോമസിന്**

കേരള സർക്കാർ ഊർജ്ജ വകുപ്പിന്റെ 2023 സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് തൃശ്ശൂർ സെന്റ് തോമസ് കോളേജിന്. നിയമ സഭ സ്പീക്കർ ശ്രീ. എ.എൻ. ഷംസീറിൽ നിന്നു അവാർഡ് സ്വീകരിച്ചു.

**13. നാഷണൽ കോൺഫറൻസ് ആന്റ് റിസർച്ച് സ്ക്കോളേഴ്സ് മീറ്റ്**

സെന്റ് തോമസ് കോളേജിലെ റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെൽ നാഷണൽ കോൺഫറൻസ് ആന്റ് റിസർച്ച് സ്ക്കോളേഴ്സ് മീറ്റ് സംഘടിപ്പിച്ചു. കാലിക്കറ്റ് പ്രോ. വൈസ്ചാൻസലർ പ്രൊഫ. എം.നാസറാണ് നാഷണൽ കോൺഫറൻസും റിസർച്ച് സ്ക്കോ ളേഴ്സ് മീറ്റും ഉദ്ഘാടനം നിർവ്വഹിച്ചത്.

**14. എക്സോഡസ് 2024**

കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റ് ജൂബിലി ബ്ലോക്കിൽ വച്ച് 'എക്സോഡസ് –2024' എന്ന ടെക്നോ–കൾച്ചറൽ ഫെസ്റ്റ് നടത്തി. ഉദ്ഘാടനം റവ. ഡോ. അനിൽ ജോർജ്ജ് കെ. (വൈസ് പ്രിൻസിപ്പാൾ) നിർവഹിച്ചു.

**15. ജിയോ–ടാഗ്ഗിങ്ങ് പരിശീലനം**

ശുചിത്വ മിഷന്റെ ശുചിത്വ കേരളം (അർബൻ) പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി നഗരസഭയിൽ 100 ഇടങ്ങളിലായി 100 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു. 'മാലിന്യമുക്ത നവകേരളം' ക്യാമ്പയിന്റെ ഭാഗമായി കെ.എസ്.ഡബ്ള്യു.എം.പി തൃശൂർ പ്രൊ ജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ സഹകരണത്തോടെ 100 ബോട്ടിൽ ബൂത്തുകളുടെയും ജിയോ–ടാഗ്ഗിങ്ങ് ചെയുന്നതിനുള്ള പരിശീലനം സെന്റ് തോമസ് കോളേജ് എം.എസ്.ഡബ്ള്യു വിദ്യാർത്ഥികൾക്ക് വടക്കാഞ്ചേരി നഗരസഭയുടെ ഹെൽത്ത് വിഭാഗം നൽകി.

**16. ലോക തണ്ണീർത്തട ദിനാചരണം**

ലോക തണ്ണീർത്തട ദിനാചരണത്തിന്റെ ഭാഗമായി ഭൂമിത്രസേന ക്ലബ്ബും ബോട്ടണി വിഭാഗവും ചേർന്ന് 'തണ്ണീർത്തടങ്ങളും മനുഷ്യ ക്ഷേമവും' എന്ന വിഷയത്തിൽ വെബിനാർ നടത്തി.

**17. യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 6.0**

ഐ.ഇ.ഡി.സി യും, കെ–ഡി.ഐ.എസ്.സ്– യുമായി സഹകരിച്ച് 'യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 6.0' എന്ന ഓറിയന്റേഷൻ പ്രോഗ്രാം മേനാച്ചേരി ഹാളിൽ വച്ച് സംഘടിപ്പിച്ചു. റിസോഴ്സ് പേഴ്സൺ ആയി വന്നത് കെ–ഡി.ഐ.എസ്.സി കൺസൾട്ടന്റും റോബോട്ടിക്സ് റിസർച്ച് എഞ്ചിനീയറുമായ ശ്രീ. മനു ജോസഫ്

ആണ്.

**18. 75-ാം മത് റിപ്പബ്ലിക് ദിനം ആഘോഷിച്ചു**

തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ എൻ.സി.സി യുടെ നേതൃത്വത്തിൽ ജനുവരി 26-ാം തിയ്യതി രാവിലെ 9.30 ന് പതാക ഉയർത്തി.

**19. 'ഓൺലൈൻ സെമിനാർ: സ്ത്രീ കേന്ദ്രീകൃത നിയമങ്ങൾ'**

ക്രിമിനോളജി വിഭാഗം ആലപ്പാട്ട് ഹാളിൽ വച്ച് 'സ്ത്രീ കേന്ദ്രീകൃത നിയമങ്ങൾ' എന്ന വിഷയത്തിൽ ഓൺലൈൻ സെമിനാർ നടത്തി.

**20. ദേശീയ കൈയക്ഷര ദിനം ആചരിച്ചു**

ഇംഗ്ലീഷ് (സ്വാശ്രയ) വിഭാഗം ദേശീയ കൈയക്ഷര ദിനം ആചരിച്ചു. ഈ അനുഗ്രഹീത അവസരത്തിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥികൾ തയ്യാറാക്കിയ കൈയെഴുത്ത് മാസിക 'ഡ്രിസിൽ മെട്രിക്' പ്രകാശനം ചെയ്തു. കവി വിജീഷ് എടക്കുന്നി മുഖ്യാതിഥിയായിരുന്നു.

**21. ലൈഫ് സ്കിൽ ട്രെയിനിംഗ് സെഷൻ**

കോളേജിലെ സൈക്കോളജി വിഭാഗം ഒല്ലൂർ സെന്റ് റാഫേൽസ് ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥികൾക്കായി ലൈഫ് സ്കിൽ ട്രെയിനിംഗ് സെഷൻ സംഘടിപ്പിച്ചു.

**22. ഡിജിറ്റൽ ഹെർബേറിയം പ്രിസേർവേഷൻ**

സെന്റ് തോമസ് കോളേജ് ബോട്ടണി വിഭാഗം, തൃശ്ശൂരിലെ സഹ്യ ഡിജിറ്റൽ കൺസർവേഷൻ ഫൗണ്ടേഷനുമായി സഹകരിച്ച് ഹെർബേറിയം ഡിജിറ്റലൈസേഷനിൽ ഒരു ഹാൻഡ്-ഓൺ പരിശീലനം നടത്തി. കോളേജിലെ ബോട്ടണി ലാബിലാണ് പരിശീലനം നടന്നത്, കേരളത്തിലെയും തമിഴ്നാട്ടിലെയും 12 കോളേജുകളിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നുമായി ആകെ 26 പേർ പങ്കെടുത്തു.

**23. ഗവേഷണ ബിരുദം നേടി**

സുവോളജി ഡിപ്പാർട്ട്മെന്റിന്റെ ഗവേഷണ വിദ്യാർത്ഥിയായ മിസ്. ഉഷ എ.യു. ഡോ. ജോയ്സ് ജോസിന്റെ നേതൃത്വത്തിൽ ഗവേഷണ ബിരുദം നേടി.

**24. സെല്ലുലോയ്ഡ് ഫിലിം ഫെസ്റ്റ്**

സെന്റ് തോമസ് കോളേജിൽ സെല്ലുലോയ്ഡ് ഫിലിം ഫെസ്റ്റിന്റെ ഭാഗമായി മേനാച്ചാരി ഹാളിലും മീഡിയ ഹാളിലുമായി വിവിധ സിനിമകൾ പ്രദർശനം ചെയ്തു.

**25. ആർട്ടോഗ്രഫി**

സെന്റ് തോമസ് കോളേജിലെ മീഡിയ സ്റ്റഡീസ് വിഭാഗം 'ആർട്ടോഗ്രഫി' എന്ന പേരിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. കലാസംവിധാനം എന്ന വിഷയത്തിൽ ദേശീയ അവാർഡ് ജേതാവായ ശ്രീ. സന്തോഷ് രാമനാണ് മുഖ്യ പ്രഭാഷകനായി എത്തിയത്.

**26. മനുഷ്യാവകാശ-രക്തസാക്ഷി ദിനാചരണം**

ഡിപ്പാർട്ട്മെന്റ് ഓഫ് ക്രിമിനോളജി ആൻഡ് പോലീസ് സയൻസ് ജൂബിലി ബ്ലോക്കിലെ കുണ്ടുകുളം ഹാളിൽ മനുഷ്യാവകാശ -രക്തസാക്ഷി ദിനാചരണം സംഘടിപ്പിച്ചു. ശ്രീ വി.ബി രാജൻ, സമദർശി കോമിന്റെ ചീഫ് എഡിറ്റർ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

**27. ആശാഭവൻ സന്ദർശനം**

സെന്റ് തോമസ് കോളേജ് ഇംഗ്ലീഷ് (സ്വാശ്രയ) ഡിപ്പാർട്ട്മെന്റിലെ പിജി വിദ്യാർത്ഥികൾ തൃശ്ശൂർ പടവരാടുള്ള ആശാഭവനിൽ സോഷ്യൽ എക്സ്റ്റൻഷൻ സന്ദർശനം നടത്തി.

**28. സൈക്കോളജി വിഭാഗത്തിന്റെ ട്രെയിനിംഗ് പ്രോഗ്രാം**

സൈക്കോളജി വിഭാഗം ഹാർട്ട്ഫുൾനസ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ മൂന്ന് ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു.

**29. ഇംഗ്ലീഷ് വിഭാഗം: പുസ്തക പ്രകാശനം**

സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് പി.ജി., യു.ജി വിദ്യാർഥികൾ രചിച്ച 'വോയ്സ് അൺവെയിൽഡ്: വൺ ആക്ട് പ്ലേസ് ഓൺ ന്യൂ വുമൺ' എന്ന പുസ്തകത്തിന്റെ പ്രകാശനം യംഗ് തൃശ്ശൂരിനോട് അനുബന്ധിച്ച് കവിപ്രതിഭ ഹാളിൽ നടന്നു. പുസ്തക പ്രകാശനം ശ്രീമതി രേഖയും, ശ്രീ. അബിൻ ജോസഫും (തിരക്കഥാകൃത്തും, പത്രപ്രവർത്തകനും) ഏറ്റുവാങ്ങി.

**30. ഹെയർ ഡൊണേഷൻ**

സെന്റ് തോമസ് കോളേജിലെ മാനേജ്മെന്റ് വിഭാഗവും എൻ.എസ്.എസ് യൂണിറ്റ് 42, 144 എന്നിവയുടെ സഹകരണത്തോടുകൂടി തൂങ്കുഴി ഹാളിൽ വച്ച് ഹെയർ ഡൊണേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

**31. വർക്ക്ഷോപ്പ്-പബ്ലിക് സ്പീക്കിങ് ആന്റ് ഇഫക്ടീവ് കമ്മ്യൂണിക്കേഷൻ**

ഇംഗ്ലീഷ് (എസ്.എഫ്) വിഭാഗം 'പബ്ലിക് സ്പീക്കിങ് ആന്റ് ഇഫക്ടീവ് കമ്മ്യൂണിക്കേഷൻ' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

**32. എംപ്രസ**

കോളേജിലെ മാനേജ്മെന്റ് സ്റ്റഡീസ് വിഭാഗം 'എംപ്രസ' എന്ന ഇന്റർനാഷണൽ മാനേജ്മെന്റ് ഫെസ്റ്റ് സംഘടിപ്പിച്ചു.

**33. കുട്ടികൾക്കുള്ള ബയോ ഫിസിയോ സോഷ്യൽ കെയർ**

സെന്റ് തോമസ് കോളേജിലെ സോഷ്യൽ വർക്ക് വിഭാഗവും (കെ.എ.പി.എസ്) തൃശ്ശൂരും ഒരുമിച്ച് മേനാച്ചേരി ഹാളിൽ വച്ച് 'പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്കുള്ള ബയോ ഫിസിയോ സോഷ്യൽ കെയർ' എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിച്ചു. ശ്രീനീഷ് എസ്. അനിൽ ആയിരുന്നു റിസോഴ്സ് പേഴ്സൺ.

**34. ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് എസ്.എഫിന്റെ ദശാബ്ദിയാഘോഷം**

സെന്റ് തോമസ് കോളേജിലെ കൊമേഴ്സ് (എസ്.എഫ്) വിഭാഗം പത്താം വാർഷികം ജൂബിലി ബ്ലോക്കിൽ ആഘോഷിച്ചു. ഉദ്ഘാടനം വൈസ് പ്രിൻസിപ്പാൾ ഡോ. ഇ.ഡി.ജോൺ, ഡോ. ടി. ശ്രീകുമാർ എച്ച്.ഒ.ഡി, എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ നിർവ്വഹിച്ചു. ജെ.എം.എം.സിയിലെ പാവപ്പെട്ട ഡയാലിസിസ് രോഗികളെ ചികിത്സിക്കുന്നതിനായി 1,00,000 രൂപ നൽകി.

**35. മനോ ഭാവ**

സൈക്കോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പാലോക്കാരൻ സ്ക്വയറിൽ 'മനോ ഭാവ' എന്ന ഏകദിന മനഃശാസ്ത്ര ഫെസ്റ്റ് സംഘടിപ്പിച്ചു.

**36. സാന്തോം സ്പോർട്ട്സ്മാന്യാ**

സെന്റ് തോമസ് കോളേജിലെ സമത്വ കോളേജ് യൂണിയൻ സ്പോർട്സ് ഡേ സംഘടിപ്പിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**ഇനിഷ്യേറ്ററി സ്കൂൾ എക്സ്പീരിയൻസ്**

ഒന്നാം വർഷ ബി.എഡ് (2023-2025) ബാച്ചിന്റെ ഇനിഷ്യേറ്ററി സ്കൂൾ എക്സ്പീരിയൻസ് ജനുവരി 29 മുതൽ ഫെബ്രുവരി 2

വരെ വിവിധ സ്കൂളുകളിലായി നടത്തി.

**ദേശീയ സെമിനാർ**

മഹാജൂബിലി ട്രെയിനിംഗ് കോളേജ് സംഘടിപ്പിക്കുന്ന ഏകദിന ദേശീയ സെമിനാറിന്റെ ബ്രോഷർ ഫെബ്രുവരി 2-ാം തിയ്യതി കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ പ്രകാശനം ചെയ്തു. ക്വാളിറ്റി എൻഹാൻസ്മെന്റ് ഇൻ എഡ്യൂകേഷൻ കറന്റ് ട്രെൻഡ്സ്, ചലഞ്ചസ് ആന്റ് സ്ട്രാറ്റജീസ് എന്ന വിഷയത്തിൽ മാർച്ച് 2-ാം തിയ്യതി കോളേജിൽ വച്ച് ദേശീയ സെമിനാർ സംഘടിപ്പിക്കും.

**യൂണിവേഴ്സിറ്റി പരീക്ഷ**

2023-25 ബി.എഡ് ബാച്ചിന്റെ ഇംഗ്ലീഷ് ഫസ്റ്റ് സെമസ്റ്റർ യൂണിവേഴ്സിറ്റി പുനഃപരീക്ഷ ഫെബ്രുവരി 5-ാം തിയ്യതി നടന്നു.

**സ്പോർട്സ് ഡേ**

ഫെബ്രുവരി 6 ചൊവ്വാഴ്ച ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ കായികമത്സരങ്ങൾ അരങ്ങേറി. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് എക്സിക്യൂട്ടീവ് മാനേജർ റവ.ഫാ.തോമസ് കാക്കശ്ശേരി സ്പോർട്സ് ഡേ ഉദ്ഘാടനം ചെയ്തു.

**കൾച്ചറൽ പ്രോഗ്രാം**

ഒന്നാം വർഷ ബി.എഡ് ബാച്ചിന്റെ 5-ാമത് കൾച്ചറൽ പ്രോഗ്രാം ഫെബ്രുവരി 8 വ്യാഴാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ അരങ്ങേറി.

**ചാർട്ട് & മോഡൽ വർക്ക്ഷോപ്പ്**

2023-25 ബി.എഡ് ബാച്ചിന്റെ ചാർട്ട് ആന്റ് മോഡൽ വർക്ക്ഷോപ്പ് ഫെബ്രുവരി 15,16 തിയ്യതികളിലായി നടന്നു.

**ഇ.പി.സി വർക്ക്ഷോപ്പ്**

ഫെബ്രുവരി 23, 24 തിയ്യതികളിലായി വിദ്യാർത്ഥികൾക്കായി കളം വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1.ഓർമ്മിക്കാൻ...ആചരിക്കാൻ..**

1 (വെള്ളി) – ആദ്യവെള്ളി, വി. കുർബാന
8 (വെള്ളി) – ലോക വനിതാദിനം
19 (ചൊവ്വ) – വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
22 വെള്ളി) – ലോക ജലദിനം
23 (ശനി) – ലോക കാലാവസ്ഥദിനം
25 (തിങ്കൾ) – മംഗലവാർത്ത തിരുനാൾ

**2. സ്ഥലമാററ അപേക്ഷകൾ**

അധ്യാപകർ സ്ഥലം മാററത്തിനുള്ള അപേക്ഷകൾ മാനേജരച്ചന്മാരുടെ ഒപ്പോടുകൂടി 2024 മാർച്ച് 26 ന് വൈകീട്ട് 5 മണിക്ക് മുമ്പായി കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. രണ്ട് അധ്യയനവർഷം പൂർത്തിയായവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. 31–5–2024 ന് നിലവിലുള്ള വിദ്യാലയത്തിൽ തുടർച്ചയായി 10 വർഷം പൂർത്തിയായവർ അപേക്ഷ സമർപ്പിക്കേണ്ടതാണ് (2025, 2026 എന്നീ വർഷങ്ങളിൽ വിരമിക്കുന്നവർ അപേക്ഷ സമർപ്പിക്കേണ്ടതില്ല).

**3. മെയിന്റനൻസ്ഗ്രാന്റ്**

മെയിന്റനൻസ്ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയ്യാറാക്കി സമയത്തിന് വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിൽ ഹാജരാക്കി സംഖ്യ കിട്ടുന്നതിനുള്ള ക്രമീകരണങ്ങൾ പ്രധാനാധ്യാപകർ ചെയ്യേണ്ടതാണ്.

**4. LEAST LEAVE – LIST OF STAFF MEMBERS 2003**

| Sl. No. | Name | Designation | Days | School |
|---|---|---|---|---|
| 1. | Jancy Antony Panikulam | Principal | Nil | C.J.M.A.H.S.S., Varandarappilly |
| 2. | Rosemole Varghese | HSST-Commerce | Nil | St. Thomas C.H.S.S., Thrissur |
| 3. | Varsha Varghese | HSST (Jr.)-Chemistry | Nil | C.J.M.A.H.S.S., Varandarappilly |

| | | | | |
|---|---|---|---|---|
| 4. | Jismy C. Jose | Junior Hindi | Nil | St. Mary's U.P.S. Lourdes, Thrissur |
| 5. | Arun Devassy V. | Lab Assistant | Nil | St. Joseph's H.S.S., Velupadam |
| 6. | Shinto P.J. | LPST | ½ | St. Antony's L.P.S., Attupuram |
| 7. | Jithu Davis | Full Time Menial | ½ | St. Mary's H.S., Chengaloor |
| 8. | Suja Davis T. | HSST-Physics | 1 | St. Joseph's H.S.S., Velupadam |
| 9. | Rency K.J. | HSST(Jr.)-Mathematics | 1 | St. Thomas H.S.S., Thiroor |
| 10. | Nimmy Joy | HSST (Jr.)-Mathematics | 1 | C.J.M.A.H.S.S., Varandarappilly |
| 11. | Remya N.X. | UPST | 1 | St. Antony's H.S.S., Pudukad |
| 12. | Sinesh K.V. | Lab Assistant | 1 | St. Thomas H.S.S. Thope, Thrissur |
| 13. | Tony P.D. | Lab Assistant | 1 | St. Thomas H.S.S. Thope, Thrissur |
| 14. | Gincy Jose K. | Office Attendant | 1 | St. Antony's H.S.S., Ammadam |
| 15. | Raymond K.M. | Lab Assistant | 1½ | St. Antony's H.S.S., Pazhuvil |
| 16. | Jelips Paul K. | HST-Maths | 2 | C.J.M.A.H.S.S., Varandarappilly |
| 17. | Sincy T. Antony | UPST | 2 | St. Thomas H.S.S., Mayannur |
| 18. | Jasmin P.L. | UPST | 2 | St. Thomas C.H.S.S., Thrissur |
| 19. | Tissa Johnson | HSST (Jr.)-Economics | 2½ | C.J.M.A.H.S.S., Varandarappilly |
| 20. | Thressiama T.O. | HST-English | 2½ | St. Antony's H.S.S., Pazhuvil |
| 21. | Dr. Gilse A. Pallan | Principal | 3 | St. Antony's H.S.S., Pudukad |

| | | | | |
|---|---|---|---|---|
| 22. | Simson N.J. | HSST-Physics | 3 | St. Antony's H.S.S., Pazhuvil |
| 23. | Jayadevan K.R. | HST-Sanskrit | 3 | St. Sebastian's H.S., Mannamangalam |
| 24. | Feema Mathew | LPST | 3 | St. Joseph's U.P.S., Kundannur |
| 25. | Raigan M.G. | UPST | 3 | St. Thomas H.S.S., Mayannur |
| 26. | Ajo Joseph V. | Physical Education | 3 | C.J.M.A.H.S.S., Varandarappilly |
| 27. | Bijil C.J. | Lab Assistant | 3 | St. John's H.S.S., Parappur |
| 28. | Bindu V.K. | LPST | 3½ | St. Joseph's U.P.S., Kundannur |
| 29. | Shincy T.F. | LPST | 3½ | St. Thomas L.P.S., Thiroor |
| 30. | Bindu Peter K. | HSST-Chemistry | 4 | St. Antony's H.S.S., Ammadam |
| 31. | William Thomas A. | HSST (Jr.)-Zoology | 4 | St. Antony's H.S.S., Pazhuvil |
| 32. | Suraj Jose | HST-Social Science | 4 | St. Thomas H.S.S., Mayannur |
| 33. | Misha Mary V.F. | UPST | 4 | St. Antony's H.S.S., Puthenpeedika |
| 34. | Shiby Lazar | LPST | 4 | St. Antony's L.P.S., Attupuram |
| 35. | Bilgi John C. | LPST | 4 | St. Joseph's U.P.S., Kundannur |
| 36. | Beena A.M. | LPST | 4 | R.C.U.P.S., Kottapady |
| 37. | Alfred Babyachan | Lab Assistant | 4 | C.J.M.A.H.S.S., Varandarappilly |
| 38. | Thomas M.J. | HSST-Commerce | 4½ | St. Joseph's H.S.S., Avinissery |
| 39. | Neena Jose | UPST | 4½ | St. Sebastian's H.S., Chittattukara |
| 40. | Martina Varghese P. | LPST | 4½ | St. Thomas L.P.S., Thiroor |
| 41. | Titto George | Office Attendant | 4½ | St. Thomas H.S.S, Engandiyur |

## 5.RETIREMENT LIST 2023-2024

| Sl. No. | Name | Designation | DOB | Subject | School from where the retirement effects | Parent school |
|---|---|---|---|---|---|---|
| 1. | Jancy Antony Panikulam | Principal | 07/03/68 | - | C.J.M.A.H.S.S., Varandarappilly | H.S.S. Pudukad |
| 2. | Jessy P. Lazar | Principal | 02/06/68 | - | St. Joseph's H.S.S., Velupadam | H.S.S. Varandarappilly |
| 3. | Justin T. Peramangalath | Headmaster | 12/03/68 | - | St. Thomas H.S.S., Thiroor | H.S.S. Thiroor |
| 4. | Jessy Porinchu | Headmistress | 05/05/68 | - | St. Thomas C.H.S.S., Thrissur | General |
| 5. | Nicy Cherin P. | Headmistress | 16/05/68 | - | St. Joseph's H.S., Enamakkal | L.P.S. Pavaratty |
| 6. | Jessy V.L. | Headmistress | 05/03/68 | - | St. Francis L.P.S., Attathara | L.P.S. Attathara |
| 7. | Jessy Ukkru C. | Headmistress | 20/04/68 | - | St. Mary's R.C.L.P.S., Valapad | L.P.S. Valapad |
| 8. | Binnet C.J. | Headmaster | 07/05/68 | - | Little Flower L.P.S., Ponnore | H.S.S. Parappur |
| 9. | Sholly V.P. | Headmistress | 09/05/68 | - | Pope John L.P.S., Kuriachira | H.S.S. Parappur |
| 10. | Francis K. Joseph | Headmaster | 21/05/68 | - | St. Francis L.P.S., Pudussery | L.P.S. Pudussery |
| 11. | Sheela V.D. | Headmistress | 31/05/68 | - | St. Mary's L.P.S., Engandiyur | H.S.S., Engandiyur |
| 12. | Shiny P. Thomas | HSST | 31/05/68 | Chemistry | St. Thomas H.S.S. Thope, Thrissur | H.S.S. Ammadam |
| 13. | Stella A.J. | HSST | 15/07/67 | Hindi | St. Thomas C.H.S.S., Thrissur | H.S. Mannamangalam |
| 14. | Sheela Thomas C. | HSST | 18/12/67 | Malayalam | St. Antony's H.S.S., Pudukad | H.S.S. Thiroor |

| | | | | | | |
|---|---|---|---|---|---|---|
| 15. | Lorance A.A. | HSST (Junior) | 30/05/68 | Zoology | St. Antony's H.S.S., Puthenpeedika | H.S.S. Ammadam |
| 16. | Eliamma M.L. | HST | 23/03/68 | English | St. Thomas H.S.S., Engandiyur | General |
| 17. | Julian T.G. | HST | 02/06/68 | English | St. Thomas H.S.S., Vallachira | U.P.S. Vatanappally |
| 18. | Susy Antony N. | HST | 30/03/68 | Physical Science | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 19. | Annie A.A. | HST | 01/06/68 | Physical Science | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 20. | Mary Paul | HST | 28/12/67 | Social Science | St. Antony's H.S.S., Pazhuvil | U.P.S. Kodannur |
| 21. | Poly P.V. | HST | 19/03/68 | Social Science | St. Mary's H.S., Chengaloor | H.S. Chengaloor |
| 22. | Baby K.K. | HST | 30/04/68 | Social Science | St. Joseph's H.S.S., Avinissery | H.S.S. Varandarappilly |
| 23. | Beena Kuriakose | HST | 04/05/68 | Social Science | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 24. | Baby C.F. | HST | 11/05/68 | Social Science | St. Antony's H.S.S., Ammadam | Kodannur |
| 25. | Stephan K.T. | HST | 13/05/68 | Social Science | St. Joseph's H.S., Enamakkal | H.S. Enamakkal |
| 26. | Jaya George | HST | 09/07/67 | Mathematics | St. Thomas H.S.S., Thiroor | U.P.S. Kundannur |
| 27. | Sheeja Verghese C. | HST | 17/01/68 | Mathematics | St. Antony's H.S.S., Ammadam | Kodannur |
| 28. | Leena Joseph | HST | 29/05/68 | Mathematics | St. Thomas H.S.S., Engandiyur | H.S.S. Engandiyur |
| 29. | Reena A.I. | HST | 15/11/67 | Malayalam | St. Xavier's H.S., Chevoor | H.S.S. Parappur |
| 30. | Lilly P.A. | HST | 05/03/68 | Malayalam | St. Thomas H.S.S., Thiroor | General |

| | | | | | | |
|---|---|---|---|---|---|---|
| 31. | Sheeba Thomas Kavalakat | HST | 25/05/68 | Malayalam | St. Antony's H.S.S., Pudukad | H.S. Chengaloor |
| 32. | Linti Rose A.K. | HST | 30/05/68 | Malayalam | St. Thomas H.S.S., Thiroor | H.S.S. Thiroor |
| 33. | Joisy K.L. | HST | 12/01/68 | Hindi | St. Thomas C.H.S.S., Thrissur | General |
| 34. | Limsy George | HST | 14/04/68 | Hindi | St. Sebastian's H.S., Mannamangalam | H.S.S. Thiroor |
| 35. | Leeja K.P. | HST | 05/05/68 | Hindi | St. Antony's H.S.S., Ammadam | General |
| 36. | Poly V.A. | HST | 27/05/68 | Hindi | St. Joseph's H.S., Enamakkal | H.S.S. Engandiyur |

| Sl. No. | Name | Designation | Date of Birth | School from where the retirement effects | Parent school |
|---|---|---|---|---|---|
| 37. | Ancy John C. | UPST | 12/04/68 | St. Sebastian's H.S., Chittattukara | H.S. Chittattukara |
| 38. | Mary Susy K.J. | UPST | 22/05/68 | St. Johns' H.S.S., Parappur | H.S.S. Parappur |
| 39. | Mini Francis Thekkath | UPST | 22/05/68 | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 40. | Anjil P. Joseph | UPST | 25/05/68 | St. Thomas H.S.S., Thiroor | H.S.S. Thiroor |
| 41. | Leena K.L. | UPST | 28/05/68 | St. John's H.S.S., Parappur | General |
| 42. | Sheena D. Chungath | UPST | 28/05/68 | St. Francis Xavier's R.C.U.P.S., Vatanappally | L.P.S. Karamuck |
| 43. | Lissy K.F. | LPST | 07/10/67 | St. John's L.P.S., Parappur | L.P.S. Pavaratty |
| 44. | Jessy Jose P. | LPST | 07/03/68 | St. Sebastian's H.S., Chittattukara | H.S. Enamakkal |
| 45. | Mercy V.G. | LPST | 13/04/68 | St. Sebastian's H.S., Chittattukara | L.P.S. Attupuram |

| | | | | | |
|---|---|---|---|---|---|
| 46. | Anie I.L. | LPST | 10/05/68 | Little Flower L.P.S., Ponnore | L.P.S. Varandarappilly |
| 47. | Catherina V.L. | LPST | 22/05/68 | St. Antony's L.P.S., Attupuram | L.P.S. Venmenad |
| 48. | Ruby K.A. | LPST | 25/05/68 | St. Joseph's L.P.S., Pavaratty | L.P.S. Pavaratty |
| 49. | Geena George Manjaly | LPST | 28/05/68 | Matha H.S., Mannampetta | U.P.S. Vendore |
| 50. | Prema C.A. | LPST | 28/05/68 | St. Thomas U.P.S., Koonammuchi | U.P.S. Koonammuchi |
| 51. | Omana C.A. | LPST | 30/05/68 | C.A.L.P.S., Chevoor | U.P.S. Koonammuchi |
| 52. | Jancy Antony Mannookadan | LPST | 31/05/68 | St. Joseph's H.S., Enamakkal | General |
| 53. | Jaya P.R. | LPST | 22/05/71 | St. Thomas L.P.S., Thiroor | General |
| 54. | Jolly John M. | Junior Hindi | 13/01/68 | St. Joseph's U.P.S., Kundannur | U.P.S. Kundannur |
| 55. | Jancy T.J. | Physical Education | 10/04/68 | St. Joseph's H.S.S., Velupadam | H.S.S. Thiroor |
| 56. | Francis K.T. | Clerk | 30/01/68 | St. Thomas H.S.S. Thope, Thrissur | U.P.S. Kundannur |
| 57. | Agnes V. John | Clerk | 14/10/68 | Matha H.S., Mannampetta | H.S.S. Velupadam |
| 58. | Mercy A.T. | Lab Assistant | 17/01/68 | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 59. | Joshy P.P. | Lab Assistant | 13/03/68 | St. Thomas H.S.S., Engandiyur | H.S.S. Engandiyur |
| 60. | Steephen P.I | Lab Assistant | 25/05/68 | St. Antony's H.S.S., Ammadam | H.S.S. Ammadam |
| 61. | M. Sajeesh Kumar | Office Attendant | 28/05/68 | C.J.M.A.H.S.S., Varandarappilly | H.S. Mannamangalam |
| 62. | Francis K.K. | Office Attendant | 30/05/68 | St. Mary's H.S., Chengaloor | H.S. Chengaloor |

Note:

1. Parent school means:
   (a) School from where the Nomination is received or (b) School at which the teacher worked as on 31-3-1971.
2. Nomination facility in present school is applicable only to this Archdiocese.
3. The school can't enjoy the Nomination facility if there is division fall in previous years.
4. If the retirement vacancy arises in the protected post, the school will not enjoy the Nomination facility.
5. The final list of Nomination will be published only after the Managers' Meeting.
6. Irregularities on parent school will be clarified at the time of Managers' Meeting, if any.

Fr. Joy Adambukulam
Corporate Manager

## ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**മാർച്ച് മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ മാർച്ച് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത് (6, 7, 8 – 13, 14, 15 – 20, 21, 22). ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസി

ലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം- രാവിലെ 9.30 മുതൽ 3.30 വരെ.

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

### ഫൊറോന ആനിമേറ്റേഴ്സ് യോഗം

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന കൺവീനർമാരുടെയും അതിരൂപത ഭാരവാഹികളുടെയും സംയുക്ത യോഗം മാർച്ച് 4-ാം തിയ്യതി തിങ്കൾ കാലത്ത് 11 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. ഈ യോഗത്തിന്റെ പ്രധാന അജണ്ട (2024 ഏപ്രിൽ - 2025 മാർച്ച്) വാർഷിക പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയാണ്. എല്ലാ ഫൊറോന ആനിമേറ്റർ അച്ചന്മാരേയും ഫൊറോന കൺവീനർമാരെയും അതിരൂപത ഭാരവാഹികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

### ഫൊറോന സന്ദർശനം

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ഫൊറോന സന്ദർശനം നടത്താത്ത ഫൊറോനകളിലെ സന്ദർശനം മാർച്ച് മാസത്തിൽ നടത്തേണ്ടതാണ്. ഈ ഫൊറോനകളിൽ നടത്തുന്ന തിയ്യതിയും സ്ഥലവും ഭാരവാഹികൾ ജനറൽ സെക്രട്ടറിയെ അറിയിക്കുമല്ലോ. പ്രസ്തുത യോഗത്തിൽ അതാത് ഫോറോന വികാരിമാർ, ആനിമേറ്റർ അച്ചന്മാർ, ഫൊറോന ഭാരവാഹികൾ, ഇടവക കൺവീനർമാർ സംബന്ധിക്കുകയും ചെയ്യേണ്ടതാണ്.

### പാലയൂർ ജാഗരണ പദയാത്ര & തീർത്ഥാടനം

മാർച്ച് 17-ാം തിയ്യതി നടക്കുന്ന അതിരൂപത പാലയൂർ തീർത്ഥാടന പദയാത്രയിൽ ഇടവകകളിൽ നിന്നുള്ള കുടുംബകൂട്ടായ്മ ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കുമല്ലോ. ഇതിനു മുന്നോടിയായുള്ള

ജാഗരണ പദയാത്രയിൽ കുടുംബകൂട്ടായ്മയുടെ നിശ്ചയിക്കപ്പെട്ട ദിവസമായ മാർച്ച് 1–ാം തിയ്യതി വെള്ളിയാഴ്ച്ച രാത്രി 8.30 ന് പുത്തൻപള്ളിയിൽ നിന്ന് ആരംഭിക്കുന്ന പദയാത്രക്കായി കുടുംബ കൂട്ടായ്മ ഭാരവാഹികൾ എത്തിച്ചേരേണ്ടതാണ്.

**അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ ജനറൽബോഡി യോഗം മാർച്ച 9–ാം തിയ്യതി ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് 2.30 ന് കൂടുന്നതാണ്. പ്രസ്തുത യോഗത്തിൽ 16 ഫൊറോ നയിലെ കേന്ദ്രസമിതി എക്സിക്യൂട്ടീവ് അംഗങ്ങളും (തിരഞ്ഞെടു ക്കപ്പെട്ട 7 പ്രതിനിധികളും നാമനിർദ്ദേശം ചെയ്ത 2 പ്രതിനിധി കളും), അതിരൂപത ജനറൽബോഡിയിലേക്ക് അഭിവന്ദ്യ പിതാവ് നാമനിർദ്ദേശം ചെയ്ത 15 അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. ഇതിന് പുറമെ എല്ലാ ഇടവക കൺവീനർമാരെയും ഈ യോഗത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു. ഈ യോഗത്തിൽ വച്ച് 2024 – 2025 വർഷത്തെ അതിരൂപത, ഫൊറോന, ഇടവക, കുടുംബ തലത്തിലെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയായ വാർഷിപദ്ധതിയുടെ പ്ര കാശന കർമ്മവും, അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മത്സര വിജയികൾക്കുള്ള സമ്മാനദാനവും, പ്രവർത്തനഫണ്ട് കൂപ്പൺ ഇടവകയ്ക്ക് നൽകിയത് മുഴുവൻ ചിലവാക്കിയ ഇടവക കൾക്കും, 2023 മാർ ജോസഫ് കുണ്ടുകുളം അനുസ്മരണദിനത്തിൽ രക്തദാനം ചെയ്തവർക്കും ഈ യോഗത്തിൽ പ്രത്യേക ആദരവ് ഉണ്ടായിരിക്കുന്നതാണ്.

**ഉണർവ് – 2024**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടും ബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യ ത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് – 2024 തിരുവെങ്കിടം, പറവട്ടാനി എന്നീ ഇടവകയിൽ മനോഹരമായി നടത്തപ്പെട്ടു. ഈ പ്രോഗ്രാം ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 9605043327.

| | |
|---|---|
| **ഫാ. അനീഷ് കൂത്തൂർ** | **ഫാ. ഡെന്നി താണിക്കൽ** |
| അസി. ഡയറക്ടർ | ഡയറക്ടർ |
| **ഷിന്റോ മാത്യു** | **ജോർജ്ജ് അലക്സ്** |
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി |

# മാതൃവേദി

**നേതൃത്വ പരിശീലന പ്രോഗ്രാം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെയും അതിരൂപത ഫെസിലിറ്റേഷൻ സെന്റിന്റെയും നേതൃത്വത്തിൽ അമ്മമാർക്കായി ഒരു വർഷം നീണ്ടു നിൽക്കുന്ന നേതൃത്വ പരിശീലന പ്രോഗ്രാമിന്റെ രണ്ടാമത്തെ സെമിനാർ മാർച്ച് 12-ാം തിയ്യതി ചൊവ്വാഴ്ച്ച 10 മണി മുതൽ 1 മണി വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ നേതൃത്വ പരിശീലന പ്രോഗ്രാമിലേക്ക് താൽപര്യമുള്ള എല്ലാ മാതൃവേദി അമ്മമാരെയും മാതൃവേദിയിൽ ഇല്ലാത്ത അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. വരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിലേക്ക് (8921638080) വിളിക്കേണ്ടതാണ്.

**ഫൊറോന ആനിമേറ്റേഴ്സ് യോഗം**

16 ഫൊറോനകളിലെ മാതൃവേദി ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന ഭാരവാഹികളുടെയും അതിരൂപത ഭാരവാഹികളുടെയും സംയുക്ത യോഗം മാർച്ച് 5-ാം തിയ്യതി ചൊവ്വാഴ്ച്ച കാലത്ത് 11 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. ഈ യോഗത്തിന്റെ പ്രധാന അജണ്ട (2024 ഏപ്രിൽ - 2025 മാർച്ച്) വാർഷിക പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയാണ്. എല്ലാ ആനിമേറ്റർ അച്ചന്മാരേയും ഫൊറോന ഭാരവാഹികളെയും അതിരൂപത ഭാരവാഹികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും മാർച്ച് 4 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ജീവകാരുണ്യ പ്രവർത്തകസംഗമവും, പ്രോലൈഫ് ദിനാചരണവും**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ നമ്മുടെ തൃശ്ശൂർ അതിരൂപതയിൽ ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സംഗമവും പ്രോലൈഫ് ദിനാചരണവും ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മാർച്ച് 25-ാം തിയ്യതി തിങ്കളാഴ്ച്ച വൈകീട്ട് 2.00 മുതൽ 4.00 വരെ സംഘടിപ്പിച്ചിരിക്കുന്നു.

**പ്രൊലൈഫ് മെമ്പർഷിപ്പ് മാസാചരണം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിൽ പ്രവർത്തിക്കാനായി ആഗ്രഹിക്കുന്ന എല്ലാവരെയും മാർച്ച് മാസത്തിൽ മെമ്പർഷിപ്പ് എടുത്ത് അംഗങ്ങളാകണമെന്ന് ഓർമ്മപ്പെടുത്തുന്നു. മെമ്പർഷിപ്പ് എടുക്കാൻ ആഗ്രഹിക്കുന്നവർ ഈ ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ് - 9846142576.

**പ്രൊലൈഫിന് പുതിയ നേതൃത്വം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് സമിതിയുടെ അടുത്ത മൂന്ന് വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുകയുണ്ടായി. പ്രസിഡണ്ട് ശ്രീ, ജെയിംസ് ആഴ്ചങ്ങാടൻ, സെക്രട്ടറി ശ്രീ. ജോജു അമ്മാടം, ട്രഷറർ ശ്രീമതി ശോഭ ജോൺസൻ, വൈസ് പ്രസിഡണ്ടുമാർ ശ്രീമതി ഷീബ ബാബു & ശ്രീ. രാജൻ ആന്റണി, ജോ. സെക്രട്ടറിമാർ ശ്രീ. ബാബു മണലൂർ & ശ്രീ. റോഷൻ ആന്റണി, യൂത്ത് കോഡിനേറ്റർ ശ്രീ. ജോൺ ജെയിംസ് എന്നിവരാണ്.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചുട്ടുള്ള ഏലീശ്വാ സഹഗമനം ഫെബ്രുവരി മാസത്തെ ഓൺലൈൻ

ആരാധനയും ക്ലാസ്സും മാർച്ച് 10–ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചുതരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**ഫാ.ഡെന്നി താണിക്കൽ** — **ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**

ഡയറക്ടർ — പ്രസിഡന്റ്

# സി.സി.ഡബ്ലിയു.ഐ

**പുതിയ നേതൃത്വം**

അതിരൂപത സംഘടനയായ സി.സി.ഡബ്ലിയു.ഐ യുടെ പുതിയ ഭാരവാഹികൾ നിലവിൽ വന്നു. പ്രസിഡന്റ് ശ്രീമതി സിങ്കമ്മ കള്ളിയത്ത്, സെക്രട്ടറി ശ്രീമതി റോഷൻ ആന്റണി, ട്രഷറർ ശ്രീമതി റോസ് പോൾ എന്നിവരെ യോഗം ഐക്യകണ്ഠ്യേന തിരഞ്ഞെടുത്തു. ശ്രീമതി ടെസ്സി ജോസഫിന്റെ നേതൃത്വത്തിലുള്ള പഴയ ഭാരവാഹികൾക്ക് അവരുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചുകൊണ്ട് യോഗം നന്ദി പറഞ്ഞു. 2024 ലെ കർമ്മപരിപാടികൾ ചർച്ച ചെയ്യുകയും പുതിയ ഭാരവാഹികൾ സംഘടന അംഗങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

**ഫാ.ഡെന്നി താണിക്കൽ** — **ശ്രീമതി സിങ്കമ്മ കള്ളിയത്ത്**

ഡയറക്ടർ — പ്രസിഡന്റ്

# വനിതാ കമ്മീഷൻ

**വനിതാ ദിനം**

മാർച്ച് 8, 2.00pm- 4.00pm മാർച്ച് 8 വനിതാദിനത്തോടനുബന്ധിച്ച് വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ മറ്റ് വനിതാ സംഘടനകളുടെ

സഹകരണത്തോടുകൂടെ വനിതാ ദിനം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മാർച്ച് 8 ന് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ നടത്തപ്പെടുന്നു. മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വനിതാ ദിനം ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. വനിതാ കമ്മീഷൻ സെക്രട്ടറി പ്രൊഫ. എലിസബത്ത് മാത്യു, ജോ. സെക്രട്ടറി ശ്രീമതി നിർമ്മല ആന്റോ, ട്രഷറർ ശ്രീമതി ഓമന റാഫേൽ എന്നിവർ നേതൃത്വം കൊടുക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ** — ഡയറക്ടർ

**പ്രൊഫ. എലിസബത്ത് മാത്യു** — പ്രസിഡന്റ്

## തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**ന്യൂനപക്ഷ വിദ്യാഭ്യാസ സെമിനാർ**

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ (എ.എഫ്.സി) നേതൃത്വത്തിൽ തൃശ്ശൂർ സെന്റ് മേരീസ് കോളേജിൽ അവസാന വർഷ ഡിഗ്രി & പി.ജി വിദ്യാർത്ഥിനികൾക്കായി ജടഇ രെജിസ്റ്ററേഷൻ ഡ്രൈവ് നടത്തി കൊടുക്കുകയും EWS റിസർവേഷൻ, സ്കോളർഷിപ്പുകൾ, വിദ്യാഭ്യാസ ലോണുകൾ സംബന്ധമായ ക്ലാസ്സ് നയിക്കുകയും ചെയ്തു. എ.എഫ്.സി അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ ഉദ്ഘാടനം ചെയ്തു. സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാൾ ബഹു. സി. നമിത റോസ് CMC, എ എഫ് സി അതിരൂപത കൺവീനർ ജോമി ജോൺസൻ, അഡ്വൈസറി ബോർഡ് മെമ്പർ റോണി അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി പുതിയ 'മാർഗദീപം' സ്കോളർഷിപ്പ്; 20 കോടി വകയിരുത്തി**

മാർഗദീപം' എന്ന പേരിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി പുതിയ പ്രീമെട്രിക്ക് സ്കോളർഷിപ്പ് പദ്ധതി പ്രഖ്യാപിച്ച് കേരള സർക്കാർ. ഇതിനായി 20 കോടി രൂപ 2024-25 ബജറ്റിൽ സർക്കാർ വകയിരുത്തി. ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറിയ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് നൽകുന്നതെന്ന് ധനമന്ത്രി വ്യക്തമാക്കി. ന്യൂനപക്ഷ ക്ഷേമത്തിന് 73.63 കോടി രൂപ വകയിരുത്തി. ന്യൂനപക്ഷ

വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന് 9.6 കോടിയും ന്യൂന പക്ഷത്തിന്റെ വിവിധ നൈപുണ്യ പദ്ധതികൾക്ക് 7.02 കോടിയും സർക്കാർ അനുവദിച്ചു. മുന്നാക്ക വിഭാഗ സമുദായ ക്ഷേമ കോർപ റേഷന്റെ പ്രവർത്തനങ്ങൾക്ക് 35 കോടി രൂപ ബജറ്റിൽ വകയിരുത്തിയെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ വ്യക്തമാക്കി.

**വയോമധുരം**

60 വയസ്സു കഴിഞ്ഞ, ബി പി എൽ വിഭാഗത്തിൽപെട്ട പ്രമേഹ രോഗികൾക്ക് വീട്ടിലിരുന്ന് സ്വയം ഷുഗർ ടെസ്റ്റ് ചെയ്യുന്നതി നാവശ്യമായ ഗ്ളൂക്കോ മീറ്റർ, സ്ട്രിപ്പ് എന്നിവ സൗജന്യമായി ലഭിക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം. മുമ്പ് ഗ്ളൂക്കോമീറ്റർ ലഭിച്ചിട്ടുള്ളവർക്ക് ഇപ്പോൾ സ്ട്രിപ്പ് ആവശ്യമെങ്കിൽ അപേക്ഷ ന ൽകാവുന്നതാണ്. പ്രായം തെളിയിക്കുന്ന സർക്കാർ അംഗീകരിച്ച ഏതെങ്കിലും രേഖ, പ്രമേഹ രോഗിയാണ് എന്ന് ഗവൺമെന്റ് എൻ.ആർ.എച്ച്.എം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, സ്വയം സാക്ഷ്യപ്പെടുത്തിയ ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷനിൽ നിന്നുള്ള ബി.പി.എൽ സർട്ടിഫിക്കറ്റ് രേഖകൾ സഹിതം SUNEETHY Online service portalൽ ഓൺലൈനായി അപേക്ഷിക്കണം. അതിനുശേഷം അപേക്ഷാഫോം പ്രിന്റൗട്ട്, അപേക്ഷാഫോം, ഹാജരാക്കേണ്ട രേഖകൾ സഹിതം സാമൂഹ്യ നീതി വകുപ്പ്, മിനി സിവിൽ സ്റ്റേഷൻ, ചെമ്പൂക്കാവ് പി .ഒ, തൃശ്ശൂർ ജില്ല (തൃശ്ശൂർ ജില്ലക്കാർ) എന്ന വിലാസത്തിൽ അപേക്ഷ നൽകണം. മറ്റു ജില്ലക്കാർ അതതു ജില്ലയിലെ സാമൂഹ്യ നീതി വകുപ്പ് ഓഫീസിൽ അപേക്ഷ നൽകണം.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക


**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**

ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005

ഫോൺ : 7902713325, 7909293325

ഇമെയിൽ : info@afctcr.com

വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ഫെബ്രുവരി 10-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടന്നു.

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം 2024 ഫെബ്രുവരി 2,3,4 തിയ്യതികളിലായി നെടുപുഴ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ നടന്നു. ഏപ്രിൽ മാസത്തെ ധ്യാനം 19,20,21 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഏപ്രിൽ 19 വെള്ളിയാഴ്ച  വൈകീട്ട് 6 മണി മുതൽ  21 ഞായറാഴ്ച വെകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**LOAF ACADEMIC SESSION**

ഫെബ്രുവരി മാസത്തെ ലോഫ് അക്കാഡമിക് സെക്ഷൻ 25-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്നു. പ്രാർത്ഥനയ്ക്കും പങ്കുവെയ്ക്കലിനും ശേഷം നടന്ന സഭാ പഠനത്തിന് ഡോ. വിമൽ, അഡ്വ. റീനു ദമ്പതികൾ നേതൃത്വം നൽകി.

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# സാന്ത്വനം

**സാന്ത്വനം സർജിക്കൽസ്** (രോഗി പരിചരണ ഉപകരണ ബാങ്ക്)

ജനുവരി മാസത്തിൽ വെസ്റ്റ്ഫോർട്ട്, കൊട്ടേക്കാട്, പടവരാട്, വെളുത്തൂർ ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ

നൽകി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പ്രോജക്ട് മുഖേന 97 കുടുംബങ്ങൾക്ക് ഫണ്ട് അനുവദിക്കപ്പെട്ടു. DDMS സോഫ്റ്റ്‌വെയർ വഴിയായി ഈ 97 കുടുംബങ്ങൾക്കും പണം സ്വീകരിക്കുന്നതിനുവേണ്ടിയുള്ള രേഖകൾ തയ്യാറാക്കി. അതിനായി ഫീൽഡ് കോർഡിനേറ്റർ ശ്രീമതി. ജോഫീന അവരുടെ വീടുകൾ സന്ദർശിച്ച് സ്വയം തൊഴിൽ പ്രവർത്തനങ്ങൾ വിലയിരുത്തി. സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ ഓഫീസിൽ വെച്ച് നടന്ന 3 ദിവസത്തെ ആനുവൽ റിവ്യു മീറ്റിംഗിൽ കോർഡിനേറ്റർ സംബന്ധിച്ചു.

KCF- **സാന്ത്വനം ഭവന നിർമാണം**

തൃശ്ശൂർ അതിരൂപത സാന്ത്വനം KCF ഫൗണ്ടേഷനും ചേർന്ന് നിർമിച്ചു നൽകുന്ന 50 ഭവനങ്ങളിൽ 5 ഭവനങ്ങളുടെ നിർമാണം ആരംഭിച്ചു. ചിറ്റിശ്ശേരി, ചിയ്യാരം, പോന്നോർ, കൊഴുക്കുള്ളി, എളവള്ളി തുടങ്ങിയ സ്ഥലങ്ങളിലാണ് നിർമാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. സാന്ത്വനം ഗ്രീൻ ഓട്ടോകാൻസർ, കിഡ്നി രോഗികൾക്ക് സൗജന്യ ആശുപത്രി യാത്ര ഉദ്ദേശിച്ച് തുടങ്ങിയ പദ്ധതിയിൽ 8 ഓട്ടോറിക്ഷകൾ പ്രവർത്തനം ആരംഭിച്ചു. സാമ്പത്തിക പിന്നോക്കം നിൽക്കുന്നവരും സ്വന്തമായി ഓട്ടോറിക്ഷ ഇല്ലാത്തവരുമായ വ്യക്തികൾക്കുമാണ് ഓട്ടോറിക്ഷകൾ നൽകിയത്. എല്ലാ മാസവും ഒരു ഓട്ടോറിക്ഷ 5 ദിവസം രോഗികൾക്കായി സൗജന്യ ആശുപത്രി യാത്ര നടത്തുന്നു. ജനുവരിയിൽ മൊത്തം 50 സൗജന്യ ആശുപത്രി യാത്ര നടന്നു.

**കുറുന്തോട്ടി കൃഷി വിളവെടുത്തു.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ചേലക്കര, വെള്ളക്കാരിത്തടം തുടങ്ങിയ സ്ഥലങ്ങളിൽ കുറുന്തോട്ടി കൃഷി വിളവെടുത്തു. വൈലത്തൂർ ലേബർ സൊസൈറ്റിയാണ് കുറുന്തോട്ടി വാങ്ങിയത്.

**ഫാ.ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. ഡിക്സൺ കൊളമ്പ്രത്ത്**
അസിസ്റ്റന്റ് ഡയറക്ടർ

# മദ്യവിരുദ്ധസമിതി

**1. സ്മരണിക പ്രകാശനവും വാർഷിക കർമ്മപദ്ധതി വിളംബരവും**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ സ്മരണിക പ്രകാശനവും വാർഷിക കർമ്മപദ്ധതി വിളംബരവും സംഘടിപ്പിച്ചു. യോഗത്തിന്റെ ഉദ്ഘാടനകർമ്മം വികാരി ജനറൽ മോൺ. ജോസ് വല്ലൂരാൻ നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായ സമ്മേളനത്തിൽ ആമുഖ പ്രഭാഷകനായത് ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. മദ്യവിരുദ്ധ സമിതി തയ്യാറാക്കിയ സ്മരണിക സെന്റ് തോമസ് കോളെജ് പ്രിൻസിപ്പൽ റവ. ഫാ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീനയ്ക്ക് നൽകി പ്രകാശനം ചെയ്തു. റവ. ബ്രദർ ആന്റോ പുതിയേടത്ത് എം.എം.ബി. വാർഷിക കർമ്മപദ്ധതി വിളംബരം നിർവ്വഹിച്ചു. മുൻവർഷത്തെ പ്രവർത്തനത്തിന് 'ബെസ്റ്റ് യൂണിറ്റ്' അവാർഡ് കരസ്ഥമാക്കിയ പതിയാരം സെന്റ് ജോസഫ് ചർച്ച് മദ്യവിരുദ്ധ സമിതിയെ ക്യാഷ് അവാർഡ് നൽകിക്കൊണ്ട് ആദരിച്ചു. മഞ്ഞളി ജ്വല്ലേഴ്സ് വരന്തരപ്പിള്ളി, ഡയാലിസിസ് രോഗികൾക്ക് നൽകുന്ന ധനസഹായം റവ. ഫാ. ഡേവീസ് ചക്കാലയ്ക്കൽ വിതരണം ചെയ്തു.

**2. മദ്ധ്യമേഖലാ സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ മദ്ധ്യമേഖലാസമ്മേളനം 24.02.2024 ന് പാസ്റ്ററൽ സെന്ററിൽ അരങ്ങേറുന്നതാണ്. സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കനാണ് മുഖ്യാതിഥി. ഇരിഞ്ഞാലക്കുട, കോട്ടപ്പുറം, പാലക്കാട്, സുൽത്താൻപേട്ട്, ആതിഥേയം വഹിക്കുന്ന തൃശ്ശൂർ അതിരൂപത എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പങ്കെടുക്കുക. സമ്മേളനാനന്തരം സർക്കാരിന്റെ മദ്യാനുകൂല ബജറ്റിനെതിരെ ഒരു ജാഗ്രതാസദസ്സ് കോർപ്പറേഷനു മുന്നിൽ സംഘടിപ്പിക്കുന്നു. ഏവരുടേയും സാന്നിധ്യ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**3. മദ്യവിരുദ്ധ ഞായർ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഫെബ്രുവരി 25 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. ഇതിനൊരുക്കമായി ഡയരക്ടറച്ചൻ

18-ാം തീയതി പൂമല പള്ളിയിൽ ബലിയർപ്പിച്ച് സന്ദേശം നൽകുന്നതാണ്. 25-ാം തീയതി അദ്ദേഹം അവിണിശ്ശേരി പള്ളിയിൽ സർക്കുലർ വായിച്ച് സന്ദേശം കൊടുക്കുന്നതായിരിക്കും. സംസ്ഥാന സെക്രട്ടറി റവ. ഫാ. ജോൺ അരീക്കൻ മദ്യവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് മുളയം പള്ളിയിൽ സർക്കുലർ അവതരിപ്പിക്കുന്നുണ്ട്. ഉച്ചതിരിഞ്ഞ് തൃശ്ശൂർ സെന്റ് തോമസ് കോളെജിൽ സംഘടിപ്പിക്കുന്ന സമുദായ ജാഗ്രതാ സമ്മേളനത്തിൽ സംബന്ധിക്കുന്നവർക്കെല്ലാം സർക്കുലർ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ചെയ്തിരിക്കുന്നു. എല്ലാവർക്കും മദ്യവിരുദ്ധ ഞായറിന്റെ ആശംസകൾ!

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# ചിൽഡ്രൻസ് മിനിസ്ട്രി

### 1500-ഓളം കുട്ടികൾക്ക് സമ്മാനദാനം

ചിൽഡ്രൻസ് മിനിസ്ട്രിയുടെ (തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം) നേതൃത്വത്തിൽ 2023-24 അദ്ധ്യയന വർഷത്തിൽ അതിരൂപതാതലത്തിൽ നടത്തിയ എല്ലാ മത്സരങ്ങളുടേയും സമ്മാനദാനം 2024 ജനുവരി 28-ാം തിയ്യതി ഞായറാഴ്ച്ച മതബോധന കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ടു. 1500-ഓളം കുട്ടികൾക്കാണ് അനുമോദനം നല്കിയത്. തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ യോഗത്തിന് അദ്ധ്യക്ഷതവഹിച്ചു. റവ. ഫാ. സിജോ മുരിങ്ങാത്തേരി ഏവർക്കും സ്വാഗതം ആശംസിക്കുകയും റവ. ഫാ. ഫ്രാൻസിസ് ആളൂർ അനുഗ്രഹപ്രഭാഷണവും റവ. സി. ബീന റോസ് എസ്.എസ്.പി.സി. വാർഷിക റിപ്പോർട്ട് വായിക്കുകയും ചെയ്തു.

### ആഘോഷമായ കുർബാനസ്വീകരണം

ആദ്യകുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി 2024 മാർച്ച് 9 -ാം തിയ്യതി ശനിയാഴ്ച്ച ഉച്ചയ്ക്ക് 1.30 മുതൽ 4.00 മണിവരെ തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ വെച്ച് സംഘടിപ്പിക്കുന്നു. ഒരു ഇടവകയിൽ നിന്ന് രണ്ടിൽ കൂടുതൽ ആളുകൾ പങ്കെടുക്കുവാൻ പാടുള്ളതല്ല. പങ്കെടുക്കുന്നവർ 2024 മാർച്ച് 6 ന് മുമ്പ് ചിൽഡ്രൻസ് മിനി

സ്ട്രി ഓഫീസ് നമ്പറിൽ (9947582522) ബന്ധപ്പെടേണ്ടതാണ്.

**ആനിമേറ്റേഴ്സ് പരിശീലന ക്യാമ്പ്**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., ആൾത്താരസംഘം, എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സിനുവേണ്ടിയുള്ള പരിശീലന ക്യാമ്പ് തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ വെച്ച് ഏപ്രിൽ 2-ാം തിയതി സംഘടിപ്പിക്കുന്നു. രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4 ന് അവസാനിക്കുന്ന വിധത്തിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. മൂന്ന് സംഘടനകളിലേയും ആനിമേറ്റേഴ്സിന് സംഘടനാടിസ്ഥാനത്തിൽ വ്യത്യസ്ത ക്ലാസ് മുറികളിലായിരിക്കും ക്യാമ്പ് നടത്തപ്പെടുക. രജിസ്ട്രേഷൻ ഫീസ് ഒരു ആനിമേറ്റർക്ക് 100/- രൂപയാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ മാർച്ച് 24 ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസ് നമ്പറിൽ (9947582522)ബന്ധപ്പെടേണ്ടതാണ്.

**അതിരൂപതതല നേതൃത്വ പരിശീലന ക്യാമ്പുകൾ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിലുള്ള തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ ഭാരവാഹികൾക്കായി അതിരൂപതതല നേതൃത്വപരിശീലന ക്യാമ്പുകൾ തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ വെച്ച് സംഘടിപ്പിക്കുന്നു. തിരുബാലസഖ്യം കുട്ടികൾക്കായി സ്പർശ് ക്യാമ്പ് ഏപ്രിൽ 3, 4 (ബുധൻ, വ്യാഴം) തിയതികളിലും, അൾത്താരസംഘം കുട്ടികൾക്കായി ബെർക്കുമെൻസ് ക്യാമ്പ് ഏപ്രിൽ 9, 10 (ചൊവ്വ, ബുധൻ) തിയതികളിലും, ജൂനിയർ സി.എൽ.സി കുട്ടികൾക്കായി ക്രിസ്ത്യൻ ലൈഫ് ക്യാമ്പ് ഏപ്രിൽ 12, 13 (വെള്ളി, ശനി) തിയതികളിലുമായി നടത്തപ്പെടുക. ഒരു ഇടവകയിൽ നിന്നും രണ്ടുപേരിൽ കൂടുതൽ ക്യാമ്പിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. വികാരിയച്ചന്റെ അറിവോടെ ഓരോ ക്യാമ്പുകളിലും ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് പ്രസ്തുത ക്യാമ്പുകളിൽ പങ്കെടുക്കുവാൻ സാധിക്കുക. ഒന്നാം ദിവസം രാവിലെ 9 ന് ആരംഭിച്ച് രണ്ടാം ദിവസം വൈകീട്ട് 4.00 ന് അവസാനിക്കുന്ന വിധത്തിലാണ് എല്ലാ ക്യാമ്പുകളും ക്രമീകരിച്ചിരിക്കുന്നത്. ഈ ക്യാമ്പുകളിൽവെച്ചാണ് ഫൊറോന അതിരൂപതാ ഭാരവാഹികളെ നിശ്ചയിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 150/- രൂപയാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മാർച്ച് 24 ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസ് നമ്പറിൽ (9947582522) ബന്ധപ്പെടേണ്ടതാണ്.

**BCL, SFL, MCL Leagues 2024**

അൾത്താരസംഘം കുട്ടികൾക്കായി ഏപ്രിൽ 15,16 തിയതികളിൽ ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗും (BCL), ഏപ്രിൽ 22,23 തിയതികളിൽ ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈവ്സ്

ഫുട്ബോൾ ലീഗും (SFL), ജൂനിയർ സി.എൽ.സി. കട്ടികൾക്കായി ഏപ്രിൽ 29 ന് മരിയൻ ക്യാരംസ് ലീഗും (MCL), ഏപ്രിൽ 30 ന് മരിയൻ ചെസ്സ് ലീഗും (MCL) സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകളും വ്യക്തികളും മാർച്ച് 15 ന് മുമ്പ് വികാരി യച്ചന്റെ അറിവോടെ ആദ്യ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന ടീമുകൾക്കായിരിക്കും മത്സരിക്കുവാൻ മുൻഗണന നല്കുക. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസ് നമ്പറിൽ (9947582522) ബന്ധപ്പെടേണ്ടതാണ്.

**RHEMA CHALLENGE**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഈ 50 നോമ്പിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്ക് പഠിക്കുവാനായി 50 വചനങ്ങൾ അടങ്ങിയ Rhema Cards ചിൽഡ്രൻസ് മിനിസ്ട്രി വാട്ട്സ് ആപ്പ് ചാനലിലൂടെ ദിവസവും അയച്ചുകൊടുക്കുന്നു. പ്രിന്റ് ചെയ്ത Rhema Cards ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്നും ലഭ്യമാണ്. 50 വചനങ്ങളും പഠിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ 17 ന് ഡി.ബി. സി.എൽ.സി.യിൽ വെച്ച് ഒരു മത്സരവും സംഘടിപ്പിക്കുന്നു. മത്സര നിബന്ധനകളും മറ്റും ചിൽഡ്രൻസ് മിനിസ്ട്രി വാട്ട്സ് അപ്പ് ചാനൽ വഴി പിന്നീട് അറിയിക്കുന്നതാണ്.

**യൂണിറ്റ് രജിസ്ട്രേഷൻ 2024**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2024 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരം ഭിച്ചിരിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ പരിപാടികളിലും പങ്കെടുക്കുന്നതിന് യൂണിറ്റ് രജിസ്ട്രേഷൻ നിർബന്ധമാണ്. ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് നേരിട്ട് 100 രൂപ അടച്ച് ഓരോ യൂണിറ്റുകളും അതാതു സംഘടനാകളുടെ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

<u>തിരുവചനം:</u> ''സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവപുത്രന്മാർ എന്ന് വിളിക്കപ്പെടും.'' (മത്തായി 5: 9)

<u>സുകൃതജപം:</u> ഈശോയെ അങ്ങേ തിരുഹിതം എന്തെന്ന് എനിക്ക് മനസ്സിലാക്കിത്തരണമേ!

<u>പ്രാർത്ഥനാ നിയോഗം:</u> പരീക്ഷയുടെ ഈ അവസരത്തിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക ആവാസത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. എസ്.എസ്.എൽ.സി., +2 വിദ്യാർത്ഥികളെ പ്രത്യേകം സമർപ്പിക്കുകയും ചെയ്യാം.

പരിചയപ്പെടുന്ന വിശുദ്ധൻ: 802-ൽ മൂൺസ്റ്റെറിലെ മെത്രാനായ വി. ലൂഡ്ഗെർ ആണ് നാം ഈ മാസം പരിചയപ്പെടുന്ന വിശുദ്ധൻ. ഒരിക്കൽ കാർളമാൻ ചക്രവർത്തിയുടെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ ദൂതന്മാർ വിശുദ്ധനെ കാണുവാൻ ചെന്നപ്പോൾ അവർക്ക് മറുപടി നല്കുവാൻ വൈകിയത്തിന്റെ കാരണം ചോദിച്ച ചക്രവർത്തിയോട് വിശുദ്ധന്റെ മറുപടി ഇപ്രകാരമായിരുന്നു. ''ചക്രവർത്തിയോട് എനിക്ക് ബഹുമാനമുണ്ട്; എന്നാൽ ദൈവം അങ്ങേക്ക് ഉപരിയാണല്ലോ. ഞാൻ ദൈവത്തോട് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദൈവത്തോടുള്ള കടപ്പാട് നിർവ്വഹിച്ചുവേണമല്ലോ അങ്ങയുടെ കാര്യങ്ങളിലേർപ്പെടാൻ''. ഈ മറുപടി ചക്രവർത്തിയെ അത്യധികം പ്രസാദിപ്പിച്ചു. പ്രാർത്ഥനകളുടേയും തിരുക്കർമ്മങ്ങളുടേയും സമയത്ത് പ്രത്യേക ശ്രദ്ധ വേണമെന്ന് വിശുദ്ധന് നിർബന്ധമുണ്ടായിരുന്നു. പീഡാനുഭവ ഞായറാഴ്ച പാതിരാത്രിയാണ് വിശുദ്ധൻ മരിക്കുന്നത്. മരണസമയം അദ്ദേഹത്തിന് മുൻകൂട്ടി അറിയാമായിരുന്നു.

പ്രവർത്തനം: നോമ്പുകാലത്തിന്റെ പ്രാധാന്യത്തെ കുറിച്ച് സഹപാടികളോട് സംസാരിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി** — ഡയറക്ടർ

**സി. ബീന റോസ് SSPC** — കോർഡിനേറ്റർ

# ജീസസ്സ് യൂത്ത്

**റേമ ബൈബിൾ ക്വിസ്**

ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ ദൈവ വചനം പഠിക്കുക എന്ന ലക്ഷ്യത്തോടെ 'റേമ' എന്ന പേരിൽ ബൈബിൾ ക്വിസ് മത്സരം നടത്തി.

രണ്ടു റൗണ്ടുകളായാണ് ഈ മത്സരം നടത്തിയത്. ആദ്യത്തെ റൗണ്ടിൽ, വ്യത്യസ്ത രീതികളിൽ ഹൗസ് ഹോൾഡുകളിലൂടെ ക്വിസ് നടക്കുകയുണ്ടായി. അതിൽ നിന്നും വിജയിച്ച മൂന്ന് പേരുടെ ടീമുകൾ ഫൈനൽ റൗണ്ടിലേക്ക് എത്തുന്ന രീതിയിലാണ് ക്രമീകരിച്ചിരുന്നത്. ആദ്യത്തെ റൗണ്ടിൽ നിന്നും വിജയികളായ പത്തു ടീമുകൾ ജനുവരി 26 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു 3 മണിക്ക് ഫാമിലി അപ്പസ്റ്റോലേറ്റിൽ വെച്ച് ഫൈനൽ റൗണ്ടിലേക്ക് പ്രവേശിക്കുകയും പങ്കെടുക്കുകയും ചെയ്തു. അതിൽ നിന്നും ഒന്നാം

സ്ഥാനം എരുമപ്പെട്ടി ഹൗസ് ഹോൾഡും, രണ്ടാം സ്ഥാനം വേലൂർ ഹൗസ് ഹോൾഡും, മൂന്നാം സ്ഥാനം പാലയൂർ ഹൗസ് ഹോൾഡും കരസ്തമാക്കി. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ നേർന്നു.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ**
അസി. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ




# എക്യുമെനിസം

ആഗോള സഭൈക്യവാരത്തിന്റെ പ്രത്യേക പ്രാർത്ഥനാ പരിപാടികൾ തൃശൂർ എക്യുമെനിക്കൽ ഗ്രൂപ്പിന്റെയും മേരിമാതാ മേജർ സെമിനാരിയുടെയും നേതൃത്വത്തിൽ ജനുവരി 21 ഞായറാഴ്ച സെമിനാരി ചാപ്പലിൽ നടന്നു. മുഖ്യപ്രഭാഷണം നിർവഹിച്ചത് കൽദായ സഭയിലെ റവ. സി. ഡോ. ജിൻസി ആയിരുന്നു. സങ്കീ. 133:1 ഉദ്ധരിച്ച് സഹോദരർ ഒരുമിച്ച് വസിക്കുന്നത് ദൈവത്തിന് പ്രീതികരമാണെന്ന് സിസ്റ്റർ പറഞ്ഞു. ഒരുമിച്ചു വസിക്കുമ്പോൾ നമ്മുടെ ഐക്യം പരീക്ഷിക്കപ്പെടും. ഐക്യത്തിന് വിരുദ്ധമായ അഹങ്കാരം മാറ്റി റോമ 12:18 പറയുന്നതുപോലെ സാധിക്കുന്നിടത്തോളം എല്ലാവരോടും സമാധാനത്തിൽ വർത്തിക്കണം. ഐക്യത്തിന് പ്രാധാന്യം കൊടുക്കുന്ന സഭക്ക് അഞ്ച് പ്രത്യേകതകളാണുള്ളത്. 1. നിരന്തരമായ സമർപ്പണബോധം 2. പരസ്പര ബഹുമാനം 3. ഐക്യം 4. ഔദാര്യഭാവം 5. സന്തോഷത്തോടെയുള്ള സാക്ഷ്യം നല്കൽ.

മേരിമാതാ മേജർ സെമിനാരി റെക്ടർ റവ.ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ ഏവരെയും സ്വാഗതം ചെയ്തു. അതിരൂപത എക്യുമെനിസം ഡയറക്ടർ റവ.ഡോ. പോൾ പുളിക്കൻ പ്രാർത്ഥനാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. എക്യുമെനിക്കൽ ഗ്രൂപ്പ് വൈസ് പ്രസിഡണ്ട് സെബി ഇരിമ്പൻ, സെക്രട്ടറി കുരിയപ്പൻ പി.സി., പി. ലൂക്കോസ്, ടി.ജെ. ക്രിസ്റ്റോ, കോശി എം പീറ്റർ, സജി മാടശ്ശേരി, പി.ഡി. ജോൺ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. പോൾ പുളിക്കൻ**
അതിരൂപത എക്യുമെനിസം ഡയറക്ടർ




**വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ (മാർച്ച് 19)**

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.02.2024
**March - 2024**




**ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ**
**(സിബിസിഐ) തലവനും അധ്യക്ഷനുമായി**
**വീണ്ടും തെരഞ്ഞെടുക്കപ്പെട്ട**

## മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലിത്തായ്ക്ക്

## പ്രാർത്ഥനാശംസകൾ



Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor